

**പ്രിയപ്പെട്ട നാളികേര കർഷകരെ,**

മുഖ്യ നാളികേര കൃഷി സംസ്ഥാനങ്ങളിലെല്ലാം വേനൽ മഴ യഥാ സമയം ലഭിച്ചതിനാൽ കൃഷിക്കാരെല്ലാം പുതിയ നാളികേര തൈകൾ വയ്ക്കുന്ന തിരക്കിലാണല്ലോ. നാളികേരത്തിന്റെ ഉത്പാദനവും ഉത്പാദന ക്ഷമതയും വർധിപ്പിക്കുന്നതിന്  പരമ്പരാഗത നാളികേര ഉത്പാദന സംസ്ഥാനങ്ങളായ കേരളം, കർണാടകം, തമിഴ്നാട് തുടങ്ങിയ മേഖലകളിൽ  ഉത്പാദനക്ഷമത നശിച്ച തെങ്ങുകൾക്കു പകരം ആവർത്തന കൃഷിയും അടിത്തൈ വയ്ക്കലും യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കേണ്ടിയിരിക്കുന്നു.

ഏതു വിളയുടെയും സുസ്ഥിരവും ലാഭകരവുമായ വിളവ് അതിന്റെ നടീൽ വസ്തുക്കളുടെ ഗുണമേന്മയെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. നാളികേരത്തെപോലെ പരപരാഗണം നടക്കുന്നതും ആദ്യ ഫലത്തിനു വേണ്ടി ദീർഘകാലം കാത്തിരിക്കേണ്ടതുമായ വിളകളിൽ ഇത് കൂടുതൽ പ്രധാന്യമർഹിക്കുന്നു. നേരത്തെ ഫലം ലഭിക്കും, കൂടുതൽ വിളവ് ലഭിക്കും,  നാളികേരത്തിന് നല്ല തൂക്കം ലഭിക്കും  എന്നൊക്കെയുള്ള പ്രതീക്ഷയോടെയാണ് തന്റെ കൃഷിയിടത്തിൽ നടുന്നതിനു വേണ്ടി   ഓരോ കൃഷിക്കാരനും തെങ്ങിൻ തൈകൾ വാങ്ങുന്നത്.

പക്ഷെ ഗുണമേന്മ കുറഞ്ഞ നടീൽ വസ്തുവാണ് ഉപയോഗിക്കുന്നത് എങ്കിൽ വൃക്ഷത്തിന്റെ വിളവ് കൃഷിക്കാരന്റെ പ്രതീക്ഷയ് ക്കൊത്ത് തൃപ്തികരമാവില്ല. എന്നു മാത്രവുമല്ല, സമയവും പണവും നഷ്ടപ്പെടുകയും ചെയ്യും. ടിഷ്യുകൾച്ചർ പോലെ വ്യാവസായികാടിസ്ഥാനത്തിൽ വൻ തോതിൽ നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കാനുള്ള സാങ്കേതിക വിദ്യയുടെ അഭാവം നാളികേര മേഖലയുടെ പേരായ്മയായി നിലനില്ക്കുന്നതിനാൽ വിത്തു വഴിയുള്ള പ്രവർധനമാണ് ഏക മാർഗ്ഗം.  വൃക്ഷങ്ങളുടെ ജീനുകൾ 32 ക്രോമോസോമുകൾ വഴിയാണ് അതിന്റെ ഓരോ വിത്തുകളിലേയക്കും കൈമാറ്റം ചെയ്യപ്പെടുക.

മാത്രവുമല്ല നാളികേരം പരപരാഗണം ചെയ്യുന്ന വൃക്ഷവിളയാണ്. അതിനാൽ ഏതു വിത്താണ് കൂടുതൽ മികച്ചത് എന്നു തിരിച്ചറിയുക ക്ലേശകരമാണ്. ഗുണമേന്മയുള്ള വിത്തുകൾ ഉത്പാദിപ്പിക്കുന്ന മികച്ച തോട്ടങ്ങൾ, മികച്ച മാതൃവൃക്ഷങ്ങൾ, മികച്ച വിത്തു തേങ്ങ എന്നിവ തെരഞ്ഞടുക്കുന്നതിന് ഭൗതിക മാനദണ്ഡങ്ങൾ മാത്രമാണ് ആശ്രയം. ഇത് വളരെ പ്രാധാന്യമർഹിക്കുന്നു. ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഏക ദേശീയ സ്ഥാപനം എന്ന നിലയിൽ നാളികേര വികസന ബോർഡ് അതിന്റെ കീഴിലുള്ള വിത്തുത്പാദന പ്രദർശന തോട്ടങ്ങളിലും അതിന്റെ അംഗീകാരമുള്ള നഴ്സറികളിലും  നടീൽ വസ്തുക്കളുടെ ഉത്പാദനത്തിലും വിതരണത്തിലും വളരെ കർശനമായ ഗുണമേന്മാ മാനദണ്ഡങ്ങളാണ് പാലിക്കുന്നത്.

അതിനാൽ ഈ സീസണിൽ,  പുതിയ തെങ്ങു വയ്ക്കുന്ന എല്ലാ കൃഷിക്കാരും നടീൽ വസ്തുവിന്റെ മികച്ച ഗുണനിലവാരം ഉറപ്പുവരുത്താൻ ജാഗ്രത പാലിക്കണമെന്ന്  ഞാൻ അഭ്യർത്ഥിക്കുന്നു. വാങ്ങുന്ന തെങ്ങിൻ തൈകൾ രോഗ കീട ബാധയിൽ നിന്ന് മുക്തമായിരിക്കണം. ഇത്തരം മുൻകരുതലുകളും തുടർന്നുള്ള ശാസ്ത്രീയ പരിചരണവുമാണ് ഭാവിയിൽ നമ്മുടെ തെങ്ങിൽ നിന്ന് മികച്ച വിളവ് ഉറപ്പാക്കുന്നത്.

ഡോ.എ.കെ സിംങ്
ചെയർമാൻ.

# ഉള്ളടക്കം

**5**
**കാലാവസ്ഥാ വ്യതിയാനം മൂലം നാളികേര കൃഷിയിലും പ്രതിസന്ധി**
ഡോ. ജോസ് ജോസഫ്

**9**
**കൃഷി : ആഗോള ചിത്രം മാറുന്നു**
ആർ. ഹേലി

**11**
**അടിത്തെ വയ്ക്കൽ അനിവാര്യം**
ആർ ജ്ഞാനദേവൻ

**13**
**മലേഷ്യയുടെ മിഴിയിലിടം തേടി മെഴുക്കാട്ടിൽ**
കെ.എസ്. സെബാസ്റ്റ്യൻ

**16**
**കർഷകരുടേയും സഞ്ചാരികളുടേയും മനം കവർന്ന് ഉത്തര മലബാറിന് അഭിമാനമായി തേജസ്വിനി കമ്പനി**
മിനി മാത്യു

**21**
**കുരുത്തോലയുടെ കളിത്തോഴർ**
ആബെ ജേക്കബ്

**23**
**തേങ്ങയുടച്ച് ഗിന്നസ് ബുക്കിലേയ്ക്ക്...**
സിഡിബി ന്യൂസ് ബ്യൂറോ

**24**
**കുരുത്തോലപ്പന്തൽ**

**28**
**വാർത്തകൾ**

**33**
**മെയ് മാസത്തെ കൃഷിപ്പണികൾ**
ആർ ജ്ഞാനദേവൻ

**35**
**കമ്പോളം**

**38**
**കേരപാചകം**



# കാലാവസ്ഥാ വ്യതിയാനം മൂലം നാളികേര കൃഷിയിലും പ്രതിസന്ധി

**ഡോ. ജോസ് ജോസഫ്**
പ്രൊഫസർ ആൻഡ് ഹെഡ്, എക്സ്റ്റൻഷൻ വിഭാഗം
കേരള കാർഷിക സർവകലാശാല, വെള്ളാനിക്കര, തൃശൂർ

ആഗോള താപനവും കാലാവസ്ഥാ വ്യതിയാനവും കൃഷിയിലും ഭക്ഷ്യോൽപാദനത്തിലും പ്രവചനാതീതമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്ന് ഇന്ന് സംശയാതീതമായി വ്യക്തമാക്കിയിട്ടുണ്ട്. മണ്ണ്, ജലം, ജൈവവൈവിദ്ധ്യം തുടങ്ങിയ പ്രകൃതി വിഭവങ്ങളുടെ പാരിസ്ഥിതിക അടിത്തറയെ തകർത്ത് കാലാവസ്ഥാ വ്യതിയാനം കൃഷിയെ അപകടത്തിലാക്കും. ഉഷ്ണമേഖലയോട് ചേർന്നു കിടക്കുന്നതിനാൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ ഏറ്റവും ഗുരുതരമായ പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരുന്ന രാജ്യങ്ങളുടെ മുൻനിരയിലാണ് ഇന്ത്യയുടെ സ്ഥാനം. ഏഷ്യയിൽ ഇന്ത്യ, ചൈന, പാക്കിസ്ഥാൻ, ശ്രീലങ്ക, മാലിദ്വീപുകൾ, ബംഗ്ലാദേശ് എന്നീ ആറു രാജ്യങ്ങളെയായിരിക്കും കാലാവസ്ഥാ വ്യതിയാനം ഏറ്റവും ദോഷകരമായി ബാധിക്കുക എന്ന് കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച ഇന്റർ ഗവൺമെന്റൽ പാനലിന്റെ വിവിധ റിപ്പോർട്ടുകൾ മുന്നറിയിപ്പ് നൽകുന്നു. അന്തരീക്ഷ താപനില വ്യാവസായിക വിപ്ലവ കാലഘട്ടത്തിനു മുമ്പുണ്ടായിരുന്നതിനേക്കാൾ രണ്ട് ഡിഗ്രി സെൽഷ്യസ് അധികം ഉയർന്നാൽ പ്രധാനപ്പെട്ട കാർഷിക വിളകളുടെയെല്ലാം ഉൽപാദനം കുത്തനെ ഇടിയും.

**അന്തരീക്ഷ താപനില വ്യാവസായിക വിപ്ലവ കാലഘട്ടത്തിനു മുമ്പുണ്ടായിരുന്നതിനേക്കാൾ രണ്ട് ഡിഗ്രി സെൽഷ്യസ് അധികം ഉയർന്നാൽ പ്രധാനപ്പെട്ട കാർഷിക വിളകളുടെയെല്ലാം ഉൽപാദനം കുത്തനെ ഇടിയും. ഗോതമ്പ്, നെല്ല്, മക്കച്ചോളം, ചോളം തുടങ്ങിയ പ്രധാന ഭക്ഷ്യ ധാന്യങ്ങളുടെയെല്ലാം ഉത്പാദനം ചൂടു കൂടുന്ന കാലാവസ്ഥയിൽ ഗണ്യമായി കുറയും. വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ നേരിടേണ്ടി വരുന്ന താപ സമ്മർദ്ദവും ഈർപ്പക്കുറവും വരണ്ട കാലാവസ്ഥയും തെങ്ങ് ഉൾപ്പെടെയുള്ള ദീർഘകാല വിളകളുടെ ഉൽപാദനത്തേയും തകരാറിലാക്കും.**

ഗോതമ്പ്, നെല്ല്, മക്കച്ചോളം, ചോളം തുടങ്ങിയ പ്രധാന ഭക്ഷ്യ ധാന്യങ്ങളുടെയെല്ലാം ഉത്പാദനം ചൂടു കൂടുന്ന കാലാവസ്ഥയിൽ ഗണ്യമായി കുറയും. വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ നേരിടേണ്ടി വരുന്ന താപ സമ്മർദ്ദവും ഈർപ്പക്കുറവും വരണ്ട കാലാവസ്ഥയും തെങ്ങ് ഉൾപ്പെടെയുള്ള ദീർഘകാല വിളകളുടെ ഉൽപാദനത്തേയും തകരാറിലാക്കും.

ആഗോള താപനിലയിലെ വർദ്ധനവ് അടുത്ത പതിറ്റാണ്ടോടെ രണ്ട് ഡിഗ്രി സെൽഷ്യസായും ദീർഘകാലാടിസ്ഥാനത്തിൽ കഴിയുമെങ്കിൽ ഒന്നര ഡിഗ്രി സെൽഷ്യസായും പരിമിതപ്പെടുത്തണമെന്നതാണ് കഴിഞ്ഞ വർഷം നിലവിൽ വന്ന പാരീസ് കാലാവസ്ഥാ ഉടമ്പടിയിലെ പ്രധാന ലക്ഷ്യം. അന്തരീക്ഷത്തിലേക്ക് വിസർജ്ജിക്കപ്പെടുന്ന കാർബൺ ഡയോക്സൈഡിന്റേയും മറ്റ് ഹരിത ഗൃഹ വാതകങ്ങളുടേയും അളവിൽ ആഗോള തലത്തിൽ തന്നെ വൻതോതിലുള്ള വെട്ടിക്കുറക്കലുകൾ ഉണ്ടായാൽ മാത്രമേ ഈ ലക്ഷ്യം നിറവേറുകയുള്ളൂ. ഇപ്പോൾ തന്നെ അന്തരീക്ഷത്തിലെ കാർബൺ ഡയോക്സൈഡ് സാന്ദ്രത 400 പിപിഎം. കടന്നിട്ടുണ്ട്. അന്തരീക്ഷ താപനിലയിലെ വർദ്ധനവ് ഒന്നര ഡിഗ്രി സെൽഷ്യസായി പരിമിതപ്പെടുത്തണമെങ്കിൽ ഇത് 425 പിപിഎം കടക്കാൻ പാടില്ല. ഇന്നത്തെ നിലയിൽ ഇത് ഏറെക്കുറെ അസാധ്യമാണ്. സാധാരണ നിലയിൽ പോയാൽ ഈ നൂറ്റാണ്ടിന്റെ അവസാനത്തോടെ അന്തരീക്ഷത്തിലെ കാർബൺ ഡയോക്സൈഡ് സാന്ദ്രത 900–1100 പിപി.എം. എത്തുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. അന്തരീക്ഷത്തിലെ കാർബൺ ഡയോക്സൈഡ് സാന്ദ്രത 800 പിപിഎം. കടന്നാൽ 4 ഡിഗ്രി സെൽഷ്യസ് വരെ വർദ്ധനവുണ്ടായേക്കാമെന്ന് കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച ഇന്റർ ഗവൺമെന്റൽ പാനലിന്റെ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. ഇപ്പോഴത്തെ നിരക്കിൽ പോയാൽ 2020ഓടെ തന്നെ ഒന്നര ഡിഗ്രി സെൽഷ്യസ് താപവർദ്ധനവിനുള്ള കാർബൺ ബജറ്റ് തീർന്നിട്ടുണ്ടാകും.

നെല്ല്, ഗോതമ്പ്, മക്കച്ചോളം തുടങ്ങിയ ഹ്രസ്വ കാല വിളകളിൽ ആഗോള താപനത്തിന്റേയും കാലാവസ്ഥാ വ്യതിയാനത്തിന്റേയും പ്രത്യാഘാതങ്ങൾ വിശദമായ പഠനങ്ങൾക്ക് വിധേയമാക്കിയിട്ടുണ്ടെങ്കിലും തെങ്ങ് ഉൾപ്പെടെയുള്ള ദീർഘകാല തോട്ട വിളകളിൽ ഇതു സംബന്ധിച്ച പഠനങ്ങൾ കുറവാണ്. തെങ്ങ് സി 3 വിഭാഗത്തിൽപ്പെട്ട വൃക്ഷമായതിനാൽ അന്തരീക്ഷ താപനില ഒരു പരിധി വരെ ഉയർന്നാലും നാളികേര ഉത്പാദനം കൂടുമെന്നാണ് ഒരു വാദം. അന്തരീക്ഷത്തിലെ ഉയർന്ന കാർബൺ ഡയോക്സൈഡ് സാന്ദ്രത മുതലെടുത്ത് കൂടുതൽ പ്രകാശ സംശ്ലേഷണം നടക്കുകയും അങ്ങനെ കൂടുതൽ ഉൽപാദനം ഉണ്ടാകുമെന്നുമാണ് പ്രവചനം. പ്രാദേശിക കാലാവസ്ഥാ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ 13 വാർഷിക കാലാവസ്ഥാ മേഖലകളിൽ നരേഷ്കമാർ, അഗർവാൾ എന്നിവർ നടത്തിയ ഒരു കമ്പ്യൂട്ടർ മാതൃകാ പഠനത്തിലെ കണ്ടെത്തൽ കാലാവസ്ഥാ വ്യതിയാനത്തെ തുടർന്ന് അഖിലേന്ത്യാ അടിസ്ഥാനത്തിൽ നാളികേര ഉത്പാദനം, വർദ്ധിക്കുമെന്നാണ്. ജലസേചനം, പരിപാലന മുറകൾ എന്നിവ ഇന്നത്തെ നിലയിൽ തന്നെ തുടർന്നാലാണ് ഈ ഉൽപാദന വർദ്ധനവ് അന്തരീക്ഷത്തിലെ കൂടിയ അളവിലുള്ള കാർബൺ ഡയോക്സൈഡ് സാന്നിദ്ധ്യം തെങ്ങിന് ഗുണകരമായിത്തീരും. കേരളം, തമിഴ്നാടിന്റേയും കർണ്ണാടകയുടേയും മഹാരാഷ്ട്രയുടേയും ചില ഭാഗങ്ങൾ, വടക്കു കിഴക്കൻ സംസ്ഥാനങ്ങൾ ആന്റമാൻ നിക്കോബാർ ദ്വീപുകൾ, ലക്ഷ ദ്വീപുകൾ, എന്നിവിടങ്ങളിൽ നാളികേര ഉത്പാദനത്തിൽ വർദ്ധനവുണ്ടാകും. കർണ്ണാടകയുടെ വടക്കു പടിഞ്ഞാറൻ ഭാഗങ്ങൾ, തെക്കു കിഴക്കൻ ഭാഗങ്ങൾ തമിഴ്നാടിന്റെ തെക്കു പടിഞ്ഞാറൻ ഭാഗങ്ങൾ എന്നിവിടങ്ങളിലും നാളികേര ഉൽപാദനം വർദ്ധിക്കും എന്നാൽ ഇപ്പോൾ ഉയർന്ന വിളവ് ലഭിക്കുന്ന ആന്ധ്രാ പ്രദേശ്, ഒറീസ്സ, പശ്ചിമ ബംഗാളിന്റെ തെക്ക് മദ്ധ്യ മേഖലകൾ ഗുജറാത്ത്, കർണ്ണാടകയുടെ ചില ഭാഗങ്ങൾ,

**തെങ്ങ് സി 3 വിഭാഗത്തിൽപ്പെട്ട വൃക്ഷമായതിനാൽ അന്തരീക്ഷ താപനില ഒരു പരിധി വരെ ഉയർന്നാലും നാളികേര ഉത്പാദനം കൂടുമെന്നാണ് ഒരു വാദം. അന്തരീക്ഷത്തിലെ ഉയർന്ന കാർബൺ ഡയോക്സൈഡ് സാന്ദ്രത മുതലെടുത്ത് കൂടുതൽ പ്രകാശ സംശ്ലേഷണം നടക്കുകയും അങ്ങനെ കൂടുതൽ ഉൽപാദനം ഉണ്ടാകുമെന്നുമാണ് പ്രവചനം. പ്രാദേശിക കാലാവസ്ഥാ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ 13 വാർഷിക കാലാവസ്ഥാ മേഖലകളിൽ നരേഷ്കമാർ, അഗർവാൾ എന്നിവർ നടത്തിയ ഒരു കമ്പ്യൂട്ടർ മാതൃകാ പഠനത്തിലെ കണ്ടെത്തൽ കാലാവസ്ഥാ വ്യതിയാനത്തെ തുടർന്ന് അഖിലേന്ത്യാ അടിസ്ഥാനത്തിൽ നാളികേര ഉത്പാദനം, വർദ്ധിക്കുമെന്നാണ്.**



തമിഴ്നാടിന്റെ കിഴക്ക് തെക്ക് കിഴക്ക് മേഖലകൾ എന്നിവിടങ്ങളിൽ അധികമായ താപ സമ്മർദ്ദം കാരണം നാളികേര ഉൽപാദനം ഇടിയും. വാർഷിക ശരാശരി താപനില 28 ഡിഗ്രി സെൽഷ്യസും പരമാവധി താപനില 33 ഡിഗ്രി സെൽഷ്യസും കുറഞ്ഞ താപനില 23 ഡിഗ്രി സെൽഷ്യസും കടന്നാൽ തെങ്ങിന്റെ ഉൽപാദന ക്ഷമത ഇടിയുമെന്ന് ഈ പഠനം വ്യക്തമാക്കുന്നു.

അന്തരീക്ഷത്തിലെ ഉയർന്ന കാർബൺ ഡയോക്സൈഡ് സാന്ദ്രത കാരണം ആഗോള താപനത്തെയും കാലാവസ്ഥാ വ്യതിയാനത്തേയും തുടർന്ന് കേരളത്തിലെ നാളികേര ഉൽപാദനം ഉയർന്നേക്കാമെന്നാണ് ഈ പഠനം നൽകുന്ന സൂചന. എന്നാൽ നാളികേര കൃഷി സ്ഥലത്തിന്റെ വിസ്തൃതിയിൽ വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും കേരളത്തിലെ തെങ്ങിന്റെ ഉൽപാദനക്ഷമത കഴിഞ്ഞ കുറെ വർഷങ്ങളായി ഏറെക്കുറെ നിശ്ചലാവസ്ഥയിലാണ്. കേരള സർക്കാരിന്റെ സാമ്പത്തിക അവലോകന റിപ്പോർട്ടിലെ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം കേരളത്തിൽ ഒരു ഹെക്ടറിൽ നിന്നുമുള്ള ശരാശരി ഉൽപാദനം 7535 നാളികേരമാണ്. തമിഴ്നാട്ടിൽ ഇത് ഒരു ഹെക്ടറിന് 14783 നാളികേരവും, ആന്ധ്രാപ്രദേശിൽ 13803 തേങ്ങയുമാണ്. രാജ്യത്ത് തെങ്ങ് കൃഷിയുടെ വിസ്തൃതിയിൽ ഒന്നാം സ്ഥാനത്താണെങ്കിലും ഉൽപാദനത്തിൽ മൂന്നാം സ്ഥാനത്തുമാത്രമാണ് കേരളം. വരൾച്ചയുണ്ടായ വർഷങ്ങൾക്കു ശേഷമുള്ള തൊട്ടടുത്ത വർഷങ്ങളിൽ കേരളത്തിൽ നാളികേര ഉൽപാദനം ഇടിഞ്ഞതായി കണക്കുകൾ സൂചിപ്പിക്കുന്നു. ആഗോള താപനവും കാലാവസ്ഥാവ്യതിയാനവും ഭാവിയിലെ കാലാവസ്ഥയെ പ്രവചനാതീതമാകും. കൂടെക്കൂടെയുണ്ടാകുന്ന വരൾച്ചയും മഴക്കു ശേഷമുള്ള വരണ്ട ഇടവേളകളും ഉയർന്ന താപ സമ്മർദ്ദവും ഈർപ്പ കമ്മിയുമെല്ലാം കാർബൺ സാന്ദ്രത കൂടുന്നതുകൊണ്ടുള്ള എല്ലാ നേട്ടവും ഇല്ലാതാക്കും. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട ഏറ്റവും വലിയ പ്രത്യാഘാതങ്ങൾ ആദ്യം നേരിടേണ്ടി വരിക ജലവുമായി ബന്ധപ്പെട്ട മേഖലകളിലായിരിക്കും. ജലസേചനത്തിനുള്ള വെള്ളത്തിന്റെ ലഭ്യത കുറയുമെന്നതിനാൽ മഴയെ ആശ്രയിച്ചു കൃഷി ചെയ്യുന്ന തെങ്ങിനൊപ്പം ജലസേചനം നൽകി വളർത്തുന്ന തെങ്ങു കൃഷിയും പ്രതിസന്ധിയിലാകും. ജലത്തിന്റെ ലഭ്യതകുറയുകയും താപ സമ്മർദ്ദം വർദ്ധിക്കുകയും ചെയ്യുമെന്നതിനാൽ ഇപ്പോൾ നല്ല വിളവ് ലഭിക്കുന്ന പല പ്രദേശങ്ങളും ഭാവിയിൽ നാളികേര കൃഷിക്ക് അനുയോജ്യമല്ലാതായി തീരും. തേങ്ങയുടെ വളർച്ചയുടെ രണ്ടാം ഘട്ടത്തിലുണ്ടാകുന്ന വരൾച്ച തേങ്ങയുടെ വലിപ്പത്തെയും കൊപ്ര ഉൽപാദനത്തെയും വെളിച്ചെണ്ണ ഉൽപാദനത്തെയും പ്രതികൂലമായി ബാധിക്കും. ഈ ഘട്ടം താപ സമ്മർദ്ദത്തോട് വളരെ പെട്ടെന്നു തന്നെ പ്രതികൂലമായി പ്രതികരിക്കും.

**ജലത്തിന്റെ ലഭ്യതകുറയുകയും താപസമ്മർദ്ദം വർദ്ധിക്കുകയും ചെയ്യുമെന്നതിനാൽ ഇപ്പോൾ നല്ല വിളവ് ലഭിക്കുന്ന പല പ്രദേശങ്ങളും ഭാവിയിൽ നാളികേര കൃഷിക്ക് അനുയോജ്യമല്ലാതായി തീരും. തേങ്ങയുടെ വളർച്ചയുടെ രണ്ടാം ഘട്ടത്തിലുണ്ടാകുന്ന വരൾച്ച തേങ്ങയുടെ വലിപ്പത്തെയും കൊപ്ര ഉൽപാദനത്തെയും വെളിച്ചെണ്ണ ഉൽപാദനത്തെയും പ്രതികൂലമായി ബാധിക്കും. ഈ ഘട്ടം താപ സമ്മർദ്ദത്തോട് വളരെ പെട്ടെന്നു തന്നെ പ്രതികൂലമായി പ്രതികരിക്കും.**

തെങ്ങിന്റെ വളർച്ചയെ ബാധിക്കുന്ന പ്രധാന കാലാവസ്ഥാ ഘടകങ്ങൾ അന്തരീക്ഷ താപനിലയും മഴയുമാണ്. തെങ്ങിന്റെ വളർച്ചയ്ക്ക് ഏറ്റവും അനുകൂലമായ അന്തരീക്ഷ താപനില 27 ഡിഗ്രി സെൽഷ്യസാണ്. ഇതിൽ നിന്നും അഞ്ചു മുതൽ ഏഴു ഡിഗ്രി സെൽഷ്യസ് വരെ ഏറ്റക്കുറച്ചിലുകളുണ്ടാകുന്നത് ദോഷകരമല്ല. അന്തരീക്ഷ താപനില ഒരു മാസത്തോളം തുടർച്ചയായി 10 ഡിഗ്രി സെൽഷ്യസിൽ താഴ്ന്നു നിന്നാൽ വൻ തോതിൽ മച്ചിങ്ങ പൊഴിയും. ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള മാസങ്ങളിൽ തുടർച്ചയായി 40 ഡിഗ്രി സെൽഷ്യസിൽ അധികം താപനില ഉയർന്നു നിന്നാൽ പ്രകാശ സംശ്ലേഷണത്തെ ദോഷകരമായി ബാധിക്കുകയും നാളികേര ഉത്പാദനം കുറയുകയും ചെയ്യും. പ്രത്യുൽപാദനത്തിന്റെ നിർണ്ണായക ഘട്ടങ്ങളിലെ നീണ്ടു നിൽക്കുന്ന വരൾച്ച നാളികേര ഉൽപാദനത്തെയും ഗുണ നിലവാരത്തെയും ദോഷകരമായി ബാധിക്കും. നീണ്ടു നിൽക്കുന്ന വരൾച്ച നാലു വർഷത്തോളം നാളികേര ഉൽപാദനത്തെ ബാധിക്കും. ഏറ്റവും കൂടുതൽ പ്രത്യാഘാതം നാലാമത്തെ വർഷമായിരിക്കും രേഖപ്പെടുത്തുക.

മഴക്കുറവും ആർദ്രത കുറഞ്ഞ വരണ്ട കാലാവസ്ഥയും പുതിയ കീട രോഗങ്ങളുടെ ആക്രമണത്തിന് വഴി തെളിക്കും. ഈ വേനലിൽ പാലക്കാട്, പൊള്ളാച്ചി തുടങ്ങിയ പ്രദേശങ്ങളിൽ വെള്ളീച്ചയുടെ ഒരു പുതിയ സ്പീഷീസ് തെങ്ങിനെ ആക്രമിക്കുന്നതായി കാസർഗോഡ് കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിലെ ശാസ്ത്രജ്ഞന്മാർ കണ്ടെത്തിയിരുന്നു. ഓലകളുടെ അടിഭാഗത്തു നിന്നും നീരൂറ്റി കുടിക്കുന്ന ഈ കീടം നാളികേര ഉൽപാദനത്തെ ഭാഗികമായി കുറക്കും. അന്തരീക്ഷ ആർദ്രത കൂടിയ ഉഷ്ണമേഖല കാലാവസ്ഥയിൽ നിന്നും ഈർപ്പം കുറഞ്ഞ വരണ്ട ഉഷ്ണമേഖലാ കാലാവസ്ഥയിലേക്ക് ചുവടു മാറുന്ന കേരളത്തിലെ കാലാവസ്ഥയിൽ ഇത്തരം കീടങ്ങളുടെ ആക്രമണം പുതുതായി പ്രത്യക്ഷപ്പെട്ടേക്കാം. കായ്ക്കുന്ന തെങ്ങിൽ ഓരോ ഓലക്കവിളിൽ നിന്നും ഓരോ പൂങ്കുല വരെ ഉണ്ടാകും. ജലസേചനമുള്ള തെങ്ങിൽ ശരാശരി ഒരു മാസം ഒന്ന് എന്ന നിരക്കിൽ ഒരാണ്ടിൽ 12 മുതൽ 14 വരെ പൂങ്കുലകളുണ്ടാകും. കടുത്ത ജലക്ഷാമവും വരൾച്ചയുമുള്ള മാസങ്ങളിൽ പൂങ്കുലകൾ ഉത്ഭവത്തിൽ തന്നെ കരിഞ്ഞു പോകും. പൂങ്കുല വിരിയുന്നതിന് ഒരു മാസം മുമ്പുണ്ടാകുന്ന പൂമ്പൊടി രൂപീകരണം, ഒന്നു രണ്ടു മാസത്തിനു ശേഷമുള്ള മച്ചിങ്ങ പിടുത്തം എന്നീ ഘട്ടങ്ങൾ അത്യന്തം വരണ്ട കാലാവസ്ഥ പ്രതികൂലമായി ബാധിക്കും. മണ്ണിൽ തുടർച്ചയായ ഈർപ്പകമ്മിയും അന്തരീക്ഷത്തിലെ താപ സമ്മർദ്ദവും ആൺ പൂക്കളിൽ സ്റ്റാർച്ച്, സുക്രോസ് എന്നിവ ശേഖരിക്കുന്നതിനെ തടയും. പൂമ്പൊടി മുളക്കുന്നതിനുള്ള പ്രധാന ഊർജ്ജ സ്രോതസ്സാണ് ഈ രാസഘടകങ്ങൾ. ഇവയുടെ അഭാവത്തിൽ പൂമ്പൊടി തീർത്തും. ഗുണമേന്മയില്ലാത്തതാവും. ഉയർന്ന താപ സമ്മർദ്ദവും താഴ്ന്ന ആപേക്ഷിക ആർദ്രതയുള്ള വരണ്ടകാലാവസ്ഥയും പൂമ്പൊടി ഉണങ്ങുന്നതിനും മച്ചിങ്ങ പിടുത്തം കുറയുന്നതിനും കാരണമാകും. ഉയർന്ന കാർബൺ ഡയോക്സൈഡ് സാന്ദ്രത അന്തരീക്ഷത്തിൽ ഉണ്ടായാൽ പോലും ഇത്തരമൊരു കാലാവസ്ഥയിൽ നാളികേര ഉത്പാദനവും ഉൽപാദന ക്ഷമതയും കുറയും. ആഗോള താപനത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റേയും ഫലമായി അടുത്തടുത്ത വർഷങ്ങളിൽ വരൾച്ചയും ജലക്ഷാമവും ആവർത്തിച്ചു സംഭവിച്ചാൽ ഫലം വിനാശകരമായിരിക്കും.

പ്രതിവർഷം 1250–2500 മില്ലി ലിറ്റർ മഴ ലഭിക്കുന്ന കാലാവസ്ഥയാണ് നാളകേര കൃഷിക്ക് ഏറ്റവും അനുകൂലം. മഴയുടെ ആകെ അളവിനേക്കാൾ അതിന്റെ ലഭ്യതയും തുല്യതയാർന്ന വിതരണവുമാണ് കൂടുതൽ പ്രധാനം. കേരളത്തിൽ ലഭിക്കുന്ന ശരാശരി മഴ കണക്കിലെടുക്കുമ്പോൾ നവംബർ അവസാനം

മുതൽ മെയ് വരെ തെങ്ങിന് ആവശ്യമുള്ള വെള്ളം മഴയിൽ നിന്ന് കിട്ടുന്നില്ല. അനുകൂലമായ അന്തരീക്ഷ താപനില പോലെ തന്നെ മണ്ണിലെ ജല ലഭ്യതയും നാളികേര ഉത്പാദനത്തിന് പ്രധാനപ്പെട്ടതാണ്. നല്ല വേനൽമഴയും അധികം നീണ്ടു നിൽക്കുന്ന വരൾച്ചയും മണ്ണിലെ ഈർപ്പക്കമ്മിയും നാളികേര ഉത്പാദനത്തെ പ്രതികൂലമായി ബാധിക്കും. മെയിലോ ജൂണിലോ അവസാനിക്കുന്ന വേനലിനു ശേഷം ഏഴ്, എട്ട്, ഒമ്പത് മാസം കഴിയുമ്പോൾ വിളവിൽ പ്രത്യാഘാതം അനുഭവപ്പെട്ടു തുടങ്ങുമെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. മണ്ണിൽ ജല ദൗർലഭ്യമുണ്ടായാൽ കുലയിൽ നാളികേരത്തിന്റെ എണ്ണം കുറയുന്നതോടൊപ്പം തേങ്ങയുടെ വലിപ്പവും കുറയുന്നു. ഇത്തരം സാഹചര്യങ്ങളിൽ മച്ചിങ്ങ കൊഴിച്ചിലും കായ് കൊഴിച്ചിലും കൂടുതലായിരിക്കും. കടുത്ത വേനൽ കഴിഞ്ഞ് 12–13 മാസം കഴിയുമ്പോഴായിരിക്കും ഉൽപാദനത്തിൽ ഏറ്റവും കുറവുണ്ടാവുക. കടുത്ത വേനലിനെ തുടർന്ന് 1983 – 84, 2004 – 2005 വർഷങ്ങളിൽ കേരളത്തിൽ നാളികേര ഉൽപാദനത്തിൽ ഗണ്യമായ കുറവുണ്ടായിരുന്നു. ഏതെങ്കിലും ഒരു വർഷം 150 ലേറെ ദിവസം പരമാവധി താപനില 33 ഡിഗ്രി സെൽഷ്യസ് കടക്കുകയോ 200 ദിവസത്തിലേറെ നീണ്ടു നിൽക്കുന്ന വരൾച്ചാ കാലം ഉണ്ടാകുകയോ ചെയ്താൽ വിളവിൽ ഗണ്യമായ കുറവുണ്ടാകും. നാലു മുതൽ ആറു വരെ മാസം നീണ്ടു നിൽക്കുന്ന വരൾച്ചാമാസങ്ങളുള്ള കേരളത്തില വടക്കൻ ജില്ലകളിലാണ് തെക്കൻ ജില്ലകളെ അപേക്ഷിച്ച് മണ്ണിലെ ജല ദൗർലഭ്യം നാളികേര ഉൽപാദനത്തെ പ്രതികൂലമായി ബാധിക്കുക.

കുറഞ്ഞത് 1250 മില്ലി ലിറ്റർ വാർഷിക മഴയും അതിന്റെ ശരിയായ വിതരണവും മഴയെ ആശ്രയിച്ചു നടക്കുന്ന തെങ്ങു കൃഷിയിൽ ഉൽപാദനത്തെ സ്വാധീനിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കാലാവസ്ഥാ ഘടകമാണ്. നവംബർ മുതൽ മെയ് വരെ നീണ്ടു നിൽക്കുന്ന കടുത്ത വേനൽ അടുത്ത വർഷങ്ങളിൽ നാളികേര ഉൽപാദനത്തെ ഗണ്യമായി കുറക്കും. അതേ സമയം മാർച്ച്, ഏപ്രിൽ മെയ് മാസങ്ങളിൽ നല്ല അളവിൽ ലഭിക്കുന്ന വേനൽ മഴ അടുത്ത വർഷത്തെ ഉൽപാദനം വർദ്ധിപ്പിക്കും. അധിക അളവിൽ ലഭിക്കുന്ന കനത്ത മൺസൂൺ മഴയും അടുത്ത വർഷത്തെ വിളവിനെ പ്രതികൂലമായി ബാധിക്കും. കനത്ത മഴയും വെള്ളക്കെട്ടുമുള്ള കാലാവസ്ഥ മച്ചിങ്ങ പൊഴിച്ചിലിനും കാരണമാകും. ധാരാളം സൂര്യപ്രകാശവും 70 ശതമാനത്തിൽ താഴെ ആപേക്ഷിക ആർദ്രതയുമാണ് തെങ്ങിന് നല്ലത്. കൂടുതൽ സമയം ആകാശം കാർമേഘം കൊണ്ട് മൂടിക്കിടക്കുന്ന കാലാവസ്ഥയും നന്നല്ല. ഏകദേശം 2000 മണിക്കൂർ നേരത്തെ സൂര്യപ്രകാശം തെങ്ങിൽ നിന്നുമുള്ള ഉയർന്ന ഉൽപാദനത്തിന് ആവശ്യമാണ്. ഉയർന്ന ആപേക്ഷിക ആർദ്രതയുള്ള കാലാവസ്ഥയിൽ കുമിൾ രോഗങ്ങളുടെ ആക്രമണം കൂടുതലായിരിക്കും.

അതേ സമയം കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ അന്തരീക്ഷത്തിൽ നിന്നും ഉയർന്ന അളവിൽ കാർബൺ ഡയോക്സൈഡ് വലിച്ചെടുക്കുന്ന ദീർഘകാല വൃക്ഷമെന്ന നിലയിൽ തെങ്ങിന് ഏറെ സാധ്യതകളുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതം കുറക്കാൻ ശേഷിയുള്ള വൃക്ഷമായതിനാൽ കാർബൺ വിപണിയിൽ ഇതിന്റെ സാധ്യതകൾ ചില രാജ്യങ്ങൾ പഠന വിധേയമാക്കി വരുന്നുണ്ട്. വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന നെടിയ ഇനങ്ങളുടെ 25 വർഷം പ്രായമായ ഒരു തോട്ടം ഒരു വർഷം കാർഷിക കാലാവസ്ഥാ മേഖലയുടേയും മണ്ണിന്റേയും പ്രത്യേകതകളനുസരിച്ച് ഒരു ഹെക്ടറിൽ 17 മുതൽ 80 വരെ മെട്രിക് ടൺ വരെ കാർബൺഡയോക്സൈഡ് അന്തരീക്ഷത്തിൽ നിന്നും നീക്കം ചെയ്ത് ശേഖരിക്കുമെന്ന് ഒരു പഠനം സൂചിപ്പിക്കുന്നു. തോട്ടത്തിന്റെ പ്രായം, സീസൺ, കൃഷി ചെയ്യുന്ന ഇനം, പരിപാലന മുറകൾ, കാലാവസ്ഥയുടേയും മണ്ണിന്റേയും പ്രത്യേകതകൾ എന്നിവ അനുസരിച്ച് അന്തരീക്ഷത്തിൽ നിന്നും വലിച്ചെടുക്കുന്ന കാർബൺ ഡയോക്സൈഡിന്റെ അളവ് വ്യത്യാസമായിരിക്കും. ഇത് സി.ഡി.എം (ക്ലീൻ ഡവലപ്മെന്റ് മെക്കാനിസം) അടിസ്ഥാനമാക്കിയുള്ള കാർബൺ വിപണികളിൽ തെങ്ങിൻ തോട്ടങ്ങൾക്ക് പുതിയ സാധ്യകതകൾ തുറക്കും.

വാർഷിക ഹ്രസ്വകാല വിളകളുമായി താരതമ്യപ്പെടുത്തുമ്പോൾ ദീർഘകാല വിളയായ തെങ്ങിന് കാലാവസ്ഥയിലുണ്ടാകുന്ന ചെറിയ മാറ്റങ്ങളോട് ചെറുത്തു നിൽക്കാനുള്ള ശേഷിയുണ്ട്. എന്നാൽ കാലാവസ്ഥാ വ്യതിയാനവും ആഗോള താപനവും മറ്റ് തോട്ടവിളകളെപ്പോലെ തെങ്ങുകൃഷിയിലും അപ്രതീക്ഷിതമായ പ്രതിസന്ധികൾ സൃഷ്ടിക്കും. ഇപ്പോൾ ഉയർന്ന ഉൽപാദനം നൽകുന്ന ചില പ്രദേശങ്ങളെങ്കിലും ഭാവിയിൽ തെങ്ങു കൃഷിക്ക് അനുയോജ്യമല്ലാതായി മാറും. ജല വിനിയോഗ രീതികളിലും കൃഷി രീതികളിലും മാറ്റം വരുത്തി ക്ലൈമറ്റ് സ്മാർട്ട് കൃഷി രീതികൾ നടപ്പാക്കാനുള്ള നടപടികൾ ഇപ്പോഴേ സ്വീകരിച്ചില്ലെങ്കിൽ മറ്റു തോട്ടവിളകളെപ്പോലെ തെങ്ങു കൃഷിയും ദീർഘകാലാടിസ്ഥാനത്തിൽ പ്രതിസന്ധിയിലാകും. ■





# കൃഷി : ആഗോള ചിത്രം മാറുന്നു

**ആർ. ഹേലി**
(റിട്ട. ഡയറക്ടർ, കൃഷി വകുപ്പ്) പേൾ ഹിൽ, ആറ്റിങ്ങൽ

കാലാവസ്ഥാ വ്യതിയാനത്തിന്റേയും സാമ്പത്തിക മാന്ദ്യങ്ങളുടേയും വൈഷമ്യമേറിയ തിക്താനുഭവങ്ങളുടെ മദ്ധ്യത്തിലൂടെയാണു ലോക കാർഷിക രംഗം മുന്നേറാൻ ശ്രമിക്കുന്നത്. കൃഷി ഭൂമിയുടെ മേലുള്ള സമ്മർദ്ദം, ജലം തൊട്ടുള്ള വിവിധ കാർഷിക ഉപാധികളുടെ ലഭ്യതക്കുറവ് തുടങ്ങിയവ കൃഷിയുടെ മുൻപോട്ടുള്ള പ്രയാണത്തെ കൂടുതൽ ദുഷ്ക്കരമാക്കുന്നു. ലോകജനസംഖ്യ ക്രമാതീതമായി ഉയർന്നുവരുന്നത് ഭക്ഷ്യ ഭദ്രതയുടെ അടിത്തറ വല്ലാതെ ദുർബ്ബലമാക്കിയിരിക്കുന്നത് കൂടുതൽ പ്രശ്നങ്ങളെ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ശാസ്ത്ര സാങ്കേതികരംഗങ്ങളിലെ മുന്നേറ്റം ലോകജനതയുടെ ജീവിതശൈലിയെ ആകെ മാറ്റിമറിക്കുകയാണ്. കാർഷിക മേഖല ഉത്തരം ലഭിക്കാത്ത നിരവധി പ്രശ്നങ്ങളുടെ കൂമ്പാരങ്ങളെ അഭിമുഖീകരിക്കാൻ നിർബ്ബന്ധിതമായിരിക്കുകയാണ്.

കൃഷിയുടെ മേഖലകളിലേക്കുള്ള താല്പര്യം ജനങ്ങൾക്കിടയിൽ ലോകത്ത് എല്ലായിടത്തും ഇടിഞ്ഞു വരുന്നു എന്നത് അതീവ ഗുരുതരമായ സംഭവ വികാസമാണ്. വികസ്വര രാജ്യങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന വ്യവസായ വത്ക്കരണവും അതിനെ തുടർന്നുള്ള ജീവിത ശൈലി മാറ്റവും പുതു തലമുറയെ കൃഷിയിലേക്ക് ആകർഷിക്കുന്നില്ല. കാരണം കൃഷിയുടെ സാമൂഹിക മാന്യതയും സാമ്പത്തിക ഐശ്വര്യവും നൽകാനുള്ള കഴിവും മറ്റു മേഖലകളോട് താരതമ്യപ്പെടുത്തുമ്പോൾ ശുഷ്കവും അനാകർഷകവും അസ്ഥിരത നിറഞ്ഞതുമാണ്. ഇത് 1980 കളിൽ നടത്തപ്പെട്ട ശാസ്ത്ര മുന്നേറ്റത്തിന്റെ ഫലമായി ലഭിച്ച സ്വയം പര്യാപ്തതയും ഭക്ഷ്യസുരക്ഷയേയും ദുർബ്ബലമാക്കിയിരിക്കുന്നു. ഏഷ്യയിൽ ഹരിത വിപ്ലവത്തിലൂടെ മേൽപ്പറഞ്ഞ നേട്ടങ്ങൾ കൊയ്ത ഇൻഡോനേഷ്യ, ഫിലിപ്പൈൻസ്, ബംഗ്ലാദേശ് തുടങ്ങിയ പല രാഷ്ട്രങ്ങളും ഇന്നിപ്പോൾ ധാന്യ ഇറക്കുമതി തുടങ്ങിയിരിക്കുന്നു.

ഏറ്റവും ഒടുവിൽ ലഭിച്ച വിവരങ്ങൾ സൂചിപ്പിക്കുന്നത് ചൈന അരി ഇറക്കുമതി ചെയ്യാൻ ആരംഭിച്ചിരിക്കുന്നതാണ്, ലോകത്തിൽ ഏറ്റവും കൂടുതൽ നെല്ല് ഉത്പാദിപ്പിക്കുന്ന രാഷ്ട്രം ആണ് ചൈന. മാത്രമല്ല ശരാശരി നെല്ലുത്പാദനം ഇൻഡ്യയിലെ തന്നെ ഇരട്ടിയോളം ഹെക്ടറിനു വരും. മാത്രവുമല്ല നെൽകൃഷിയ്ക്കായി വളരെ കൂടുതൽ രാസവളം നിർബ്ബാധം ഉപയോഗിക്കുന്ന ഒരു രാഷ്ട്രമാണ് ചൈന. ഇൻഡ്യ

യോടുപോലും അരി ഇറക്കുമതിക്ക് ചൈന ചർച്ചകൾ നടത്തിയതായി സാമ്പത്തിക മാധ്യമങ്ങളിലെ വാർത്തകളിൽ സൂചനയുണ്ടായിരുന്നു. ഏതായാലും ഒരു കാര്യം സുവ്യക്തമാണ്. വർദ്ധിച്ചു വരുന്ന ജനസംഖ്യക്ക് അനുസരണമായി ഇന്നത്തെ രീതിയിലുള്ള ധാന്യ ഉപഭോഗം നിലനിർത്താനാവശ്യമായ രീതിയിൽ ഉത്പാദനം ഉയർത്തികൊണ്ടിരിക്കാൻ പ്രയാസമാണ്. അതിനുള്ള ഭൂമി, ജലം, വളക്കൂട്ടുകൾ, കീടനാശിനികൾ, സുനിശ്ചിതമായ അനുകൂല കാലാവസ്ഥകൾ എന്നിവ ലഭിക്കുക അസാധ്യമാണ്.

ഭൂമിയുടെ ആവശ്യം വർദ്ധിച്ചു വരികയാണ്. മനുഷ്യവാസത്തിനും, ഗതാഗതത്തിനും, കളിസ്ഥലങ്ങൾക്കും, വിനോദാവശ്യങ്ങൾക്കും, വനസംരക്ഷണത്തിനും, ജലസംരക്ഷണത്തിനും കൂടുതൽ ഭൂമികൂടിയേ തീരൂ. ധാന്യവിളകൾ കീഴടക്കി വച്ചിരിക്കുന്ന ഭൂമി ഏറ്റവും സമ്പുഷ്ടവും മോഹിപ്പിക്കുന്നതുമാണ്. അതുപോലെ പ്രകൃതി നൽകുന്ന ജലസമ്പത്തിന്റെ അതിഭൂരിഭാഗവും ധാന്യ കൃഷിക്കായി വിനിയോഗിക്കപ്പെടുന്നു. ഇതിനു രണ്ടിനും പുറമേ ധാ ന്യകൃഷിക്ക് ആവശ്യമുള്ള രാസവളങ്ങളുടേയും മറ്റു ശ്രോതസ്സുകൾ ശുഷ്ക്കിച്ചു തുടങ്ങി. പ്രതീക്ഷിക്കുന്നതിലും വളരെ കൂടുതൽ പ്രത്യാഘാതങ്ങൾ വരും കാലങ്ങളിൽ സൃഷ്ടിക്കുന്ന ഈ പ്രശ്നങ്ങൾ ശാസ്ത്രലോകത്തിന്റേയും ലോകമെമ്പാടുമുള്ള ഭരണാധികാരികളുടേയും മുൻപിലെ ഏറ്റവും വലിയ പ്രശ്നമായി ഉയർന്നിട്ടുണ്ട്. ഇതോടൊപ്പം ആരംഭിച്ചു കഴിഞ്ഞിരിക്കുന്ന കാലാവസ്ഥാ വ്യതിയാനത്തിന്റെ ക്രൂര സ്വഭാവം കൂടി ചേരുമ്പോൾ പ്രശ്നത്തിന്റെ വലുപ്പം എല്ലാ കണക്കു കൂട്ടലിന്റേയും അപ്പുറത്താണ്.

ഇതിനു ഉത്തരം കണ്ടെത്താനുള്ള പരിശ്രമങ്ങൾ സമാഹരിച്ചിട്ടുണ്ട്. ഭൂമിയുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുകയും അതോടൊപ്പം ധാന്യകൃഷി കുറയ്ക്കുകയും ചെയ്യുകയെന്നത് മാറ്റിവെക്കാനാകാത്ത ഒരു സംരംഭമായി ഉയരാൻ തുടങ്ങിയിട്ടുണ്ട്. വിശപ്പിനെ കീഴടക്കാനുള്ള മാർഗ്ഗം കണ്ടുപിടിക്കാൻ കഴിയാത്തതിനാൻ താരതമ്യേന കുറഞ്ഞ വിസ്തൃതി ആവശ്യമുള്ള ഭൂമിയിൽ കുറഞ്ഞ അളവിൽ ജലം ആവശ്യമുള്ള ഭൂമിയിൽ കുറഞ്ഞ അളവിൽ ജലം ആവശ്യമുള്ള പച്ചക്കറികൃഷിയും, പഴവർഗ്ഗകൃഷിയും വളരെ വിപുലമാക്കാനാണ് ഒരു പദ്ധതി. അതുപോലെ പാൽ, മാംസം, മുട്ട തുടങ്ങിയവയുടെ ഉത്പാദനവും പൂർവ്വാധികം വർദ്ധിപ്പിക്കണം. ഇവയുടെ സമീകൃതമായ ഉപഭോഗം കൊണ്ട് രൂപപ്പെടുത്തുന്ന ഒരു ഭക്ഷണരീതി പുതിയ ജീവിതശൈലിയുമായി കൂടുതൽ യോജിച്ചു പോകുന്നതായി പഠനങ്ങൾ വ്യക്തമാക്കുന്നു. ഇതിന്റെ ഫലമായി വളരെ അധികം ഭൂമിയും ജലവും ധാന്യകൃഷിയിൽ നിന്നും മോചിപ്പിച്ച് മറ്റാവാശ്യങ്ങൾക്ക് ഉപയുക്തമാക്കാൻ കഴിയുമെന്നാണ് വിശ്വാസം. ഇതിനോടൊപ്പം പല മാറ്റങ്ങളും കൃഷിയുടേയും വിവിധ കാർഷിക ഉപാധികളുടേയും ഉത്പാദനത്തിലും സംഭരണത്തിലും സംസ്ക്കരണത്തിലും വിപണനത്തിലും ഉണ്ടാകേണ്ടിവരും. ഭക്ഷണത്തോടുള്ള സമീപനം തന്നെ വളരെ വേഗം മാറികൊണ്ടിരിക്കുകയാണ്. ആഹാര സാധനങ്ങളുടെ ഗുണനിലവാരം ആരോഗ്യ നിലവാരം തുടങ്ങിയ കാര്യങ്ങളിൽ മാത്രമല്ല അവ ലഭ്യമാക്കുന്ന ഊർജ്ജം മറ്റാരോഗ്യ ഘടകങ്ങൾ എന്നിവ ഇന്നിപ്പോൾ സജീവ ചർച്ചാ ഘടകങ്ങളാണ്. സ്ത്രീകളും പുരുഷൻമാരും ഒരേ പോലെ അദ്ധ്വാനിക്കുന്ന സ്ഥിതിവിശേഷം സാർവ്വത്രികം ആയതോടെ വീടുകളിലെ ആഹാര പാചക രീതികളിലും പൊതുസ്ഥലങ്ങളിൽ നിന്നുള്ള ഭക്ഷണരീതികളും ആകെ മാറിയിരിക്കുന്നു. ധാന്യങ്ങളുടെ ഉപഭോഗം ഭക്ഷണത്തിൽ കുറയ്ക്കാനും പോഷകാംശം കൂടിയ ആഹാര വിഭവങ്ങളോടുള്ള പ്രിയം വർദ്ധിക്കാനും തുടങ്ങിയിരിക്കുന്നു.

പഴം, പച്ചക്കറി, പാൽ, മാംസം, മുട്ട തുടങ്ങിയവയുടെ ഉത്പാദനരംഗം എല്ലാം തന്നെ പരമ്പരാഗതമായ മാർഗ്ഗങ്ങിൽ നിന്നും തികച്ചും വ്യത്യസ്തമായ വ്യാവസായികാടിസ്ഥാനമുള്ള സംരംഭങ്ങളായും മാറ്റിയെടുക്കേണ്ടിയിരിക്കുന്നു. പുതിയ ആസൂത്രണ ശൈലികളും പ്രവർത്തന സംവിധാനങ്ങളും രൂപമെടുത്തില്ലെങ്കിൽ മേൽ സൂചിപ്പിച്ച ആശയങ്ങൾ യാഥാർത്ഥ്യമാവില്ല. കാരണം വളരെ അധികം പുരോഗതി ഉത്പാദന മേഖലകളിൽ ഉണ്ടായിട്ടും അവയുടെ സൃഷ്ടാക്കളായ കൃഷിക്കാർ സമൂഹത്തിലെ ഏറ്റവും കൂടുതൽ ദാരിദ്ര്യം അനുഭവിക്കുന്നവരും ഏറ്റവും കുറഞ്ഞ സാമൂഹ്യ മാന്യത ലഭിക്കുന്നവരുമായി തുടരുകയാണ്. ധാന്യകൃഷി മേഖലയിൽ നിന്ന് കൃഷിക്കാരും കർഷക തൊഴിലാളികളും ഒഴിഞ്ഞു പോകുന്നതിന്റെ മുഖ്യ കാരണം ഇതു തന്നെ.

ആഗോള കാർഷിക മേഖലയിൽ ചൈന പോലും ഈ ആശയത്തിനു അംഗീകാരം നല്കികൊണ്ടുള്ള യത്നങ്ങൾക്ക് രൂപം നൽകി കഴിഞ്ഞിരിക്കുന്നു. ഭാരതത്തിലെ സ്ഥിതിവിശേഷങ്ങൾ വിശകലനം ചെയ്യുമ്പോൾ വെളിവാകുന്ന സത്യം പഠനാർഹമാണ്. ഇൻഡ്യയുടെ ധാന്യ ഉത്പാദന മേഖല ലോകത്തിലെ രണ്ടാം സ്ഥാനത്താണെങ്കിലും ഉത്പാദന ഭദ്രത വളരെ മെച്ചമാണ്. നമുക്കാവശ്യമുള്ളതിൽ കവിഞ്ഞ അരി അന്താരാഷ്ട്ര വിപണിയിൽ എത്തിക്കുന്നതിൽ നമ്മുടെ സ്ഥാനം രണ്ടാമത്തേതാണ്. മാത്രവുമല്ല, നമ്മുടെ ഭക്ഷ്യധാന്യ ഉത്പാദനം ഹെക്ടറിന് രണ്ടര ടണ്ണിന്റെ താഴെയാണ്. തന്മൂലം അതു വർദ്ധിപ്പിക്കാൻ നമ്മുടെ നിലവിലുള്ള സാങ്കേതിക വിദ്യകൾക്ക് ശ്രമിച്ചാൽ കഴിയുന്നതേയുള്ളൂ. എന്നിരുന്നാലും നമുക്ക് ഉത്തരം കണ്ടെത്താൻ കഴിയാത്തവിധം അനാകർഷകമാണ്, ധാന്യമേഖലയിലെ കൃഷിക്കാരുടെ ജീവിത ദുരിതം. കൃഷിക്കാരെ ഭരണാധികാരികൾ എത്ര വാഴ്ത്തി പറഞ്ഞാലും കർഷക ആത്മഹത്യ എന്ന യാഥാർത്ഥ്യം ഈ രംഗത്തെ കർഷകന്റെ കൊടും ദുരിതത്തെ സുവ്യക്തമാക്കുന്നു.

കൃഷിക്കാരന്റെ ഭൂമിയുടെ മേലുള്ള അവകാശം, ഉത്പന്നങ്ങൾക്കു ലഭിക്കുന്ന വിലയിലെ അസ്ഥിരത, ഉത്പന്നങ്ങൾ സംസ്ക്കരിച്ച് മൂല്യ വർദ്ധിത ഉത്പന്നങ്ങളാക്കി വ്യവസായികൾ കൊയ്യുന്ന വൻ ലാഭത്തിന്റെ മേലുള്ള അവകാശം ഇല്ലായ്മ ഇവയെല്ലാം ഉത്തരം കിട്ടാത്ത ചോദ്യങ്ങളായി കർഷക സമൂഹത്തിനു മുമ്പിൽ ഉയർന്നു നിൽക്കുകയാണ്. സർക്കാർ നൽകുന്ന സബ്സിഡികളും മിനിമം വില പോലും അനാകർഷകവും ഒരു രീതിയിലും കർഷക സഹായികളല്ല. ഏറ്റവും വലിയ കുടുംബസേവനം അടുത്ത തലമുറയെ ഒരു കാരണവശാലും കൃഷിയിലേക്ക് കടത്തി വിടാതിരിക്കാനുള്ള പരിശ്രമങ്ങളിലാണ്. ഈ പ്രശ്നം കൂടുതൽ കൂടുതൽ രൂക്ഷമായി കൊണ്ടിരിക്കുന്നതാണ്. നമ്മുടെ വലിയ പ്രശ്നം. 1980കളിൽ ധാന്യ ലഭ്യത സുഗമമമായപ്പോൾ കേരളത്തിൽ ആരംഭിച്ച ഈ സ്ഥിതിവിശേഷം ഇന്നിപ്പോൾ ഇന്ത്യയുടെ ധാന്യ കലവറയായ പഞ്ചാബിലേക്കും ഹരിയാനയിലേക്കും ഒക്കെ വ്യാപകമായിരിക്കുന്നു.

ഇവിടെങ്ങളിലെല്ലാം ധാന്യ കൃഷിയിൽ നിന്ന് ഗണ്യമായ ഒരു ഭൂവിഭാഗത്തെ പഴം, പച്ചക്കറി കൃഷിയിലേക്ക് അടർത്തിയെടുക്കുക എന്നു പറഞ്ഞാൽ അത് ദൂരവ്യാപകമായ സാമൂഹിക മാറ്റങ്ങൾക്ക് വഴി തെളിക്കുന്നതായിരിക്കും. അന്തർദേശീയ ദേശീയ തലങ്ങളിൽ വിള പരിപാലനത്തിലും മൃഗ പക്ഷി പരിപാലനത്തിലും ഭക്ഷണ രീതികളിലും ഇവയോടു ബന്ധപ്പെട്ട എല്ലാ ഉപമേഖലകളിലും ഒരു വലിയ വ്യതിയാനത്തിന്റെ തുടക്കം ആരംഭിച്ചിരിക്കുന്നുയെന്ന് നാം മനസ്സിലാക്കേണ്ട സമയമാണിത്. മറ്റു പല ചുമതലകളുടേയും മദ്ധ്യത്തിൽ ഇത് ഒരു രീതിയിലും അവഗണിക്കാൻ പാടില്ലാ എന്നു മാത്രം. ■



# അടിത്തൈ വയ്ക്കൽ അനിവാര്യം

**ആർ. ജ്ഞാനദേവൻ,** ഡെപ്യൂട്ടി ഡയറക്ടർ,
നാളികേര വികസന ബോർഡ്, കൊച്ചി - 11

നമ്മുടെ നാട്ടിലെ തെങ്ങുകളിൽ 30 ശതമാനത്തോളം തെങ്ങുകൾ പ്രായാധിക്യം കൊണ്ട് ഉൽപാദന ക്ഷമത തീരെ കുറഞ്ഞവയാണ്. കൂടാതെ കാറ്റു വീഴ്ച രോഗം ബാധിച്ച ഉൽപാദന ക്ഷമത തീരെ കുറഞ്ഞ തൈകളും ധാരാളമായി വെട്ടി മാറ്റി പകരം പുതിയ ഗുണമേന്മയുള്ള തൈകൾ നട്ടു വളർത്തിയാൽ മാത്രമേ കേര വൃക്ഷങ്ങളുടെ നാടായ കേരളത്തിലെ തെങ്ങു കൃഷി പഴയ പ്രതാപത്തിലേക്ക് കൊണ്ടു വരുവാൻ സാധിക്കുകയുള്ളൂയ ഭൂമിയ്ക്ക് ഒരു കുടയായി നിന്നിരുന്ന കേര വൃക്ഷങ്ങളുടെ കുറവും നമ്മുടെ നാടിന്റെ കാലാവസ്ഥയേയും കാര്യമായി ബാധിച്ചിരിക്കുന്നു. കേര വൃക്ഷങ്ങളാൽ ചുറ്റപ്പെട്ട നമ്മുടെ വീടുകളിൽ പണ്ടൊക്കെ വേനൽക്കാലത്ത് ഫാൻ ഇല്ലെങ്കിലും നമുക്ക് സുഖമായി കഴിയാമായിരുന്നു. എന്നാൽ ഇന്ന് അവിടവിടെയായി മാത്രം നിലകൊള്ളുന്ന കേര വൃക്ഷങ്ങളുള്ള നമുക്ക് മിക്ക വീടുകളിലും വേനൽക്കാലം അസഹ്യമാണ്.

**തെങ്ങു കൃഷി ചെയ്യാൻ കർഷകർ കാട്ടിയ ഉത്സാഹം**

കേരള സംസ്ഥാനം രൂപം കൊണ്ട 1955 ൽ 4.80 ലക്ഷം ഹെക്ടർ സ്ഥലത്ത് ആണ് തെങ്ങുകൃഷി ഉണ്ടായിരുന്നത്. 2004-2005 ആയപ്പോഴേക്കും ഇത് 9 ലക്ഷം ഹെക്ടറായി ഉയർന്നു. നെൽകൃഷി നഷ്ടമായപ്പോൾ പലരും വയൽ നികത്തി തെങ്ങുകൾ വച്ചതും ഇതിന് കാരണമായി. എന്നാൽ 2016 - 17ലെ കണക്കു പ്രകാരം നമ്മുടെ നാട്ടിൽ 7.7 ലക്ഷം ഹെക്ടർ സ്ഥലത്തായി തെങ്ങു കൃഷി കുറഞ്ഞു. അതായത് കഴിഞ്ഞ 10 വർഷത്തിനിടയിൽ ഏകദേശം 1.03 ലക്ഷം ഹെക്ടർ സ്ഥലത്ത് തെങ്ങു കൃഷി കുറഞ്ഞു. എന്നാൽ നമ്മുടെ ഉൽപാദനത്തിലും ഉൽപാദന ക്ഷമതയിലും അടുത്ത കാലത്തായി കാര്യമായ ഉയർച്ച കൈവരിക്കാനായി. തേങ്ങായ്ക്ക് കഴിഞ്ഞ വർഷങ്ങളിൽ കിട്ടുന്ന നല്ല വില കാരണം ശാസ്ത്രീയ കൃഷി മുറകൾ അവലംബിക്കാൻ കർഷകർ തയ്യാറായതുകൊണ്ടാണ് ഈ ഉയർച്ച കൈവരിക്കാൻ നമുക്ക് കഴിഞ്ഞത് ഉത്പാദനത്തിൽ 2014 - 15 ൽ മൂന്നാം സ്ഥാനത്തേക്ക് തള്ളപ്പെട്ട കേരളം 2016 - 17 ൽ 7429 ദശലക്ഷം നാളികേരം ഉത്പാദിപ്പിച്ച് ഇന്ത്യയിലെ മൊത്തം ഉൽപാദനത്തിന്റെ 34 ശതമാനവുമായി ഒന്നാം സ്ഥാനത്തേക്ക് എത്തിയിരിക്കുന്നു. ഉൽപാദനക്ഷമതയിലും പ്രകടമായ വർദ്ധന കൈവരിച്ചിട്ടുണ്ട്. 2016 - 17 ലെ കണക്കു പ്രകാരം ഒരു ഹെക്ടറിൽ നിന്ന് 9641 നാളികേരം നാം ഉൽപാദിപ്പിക്കുന്നു. അതായത് ശരാശരി ഒരു തെങ്ങിൽ നിന്നുള്ള ഉൽപാദനം 32 തേങ്ങായിൽ നിന്ന് 60 തേങ്ങയായി കൂടി. എന്നാൽ മറ്റു സംസ്ഥാനങ്ങളിലെ പോലെ ഇനിയും ഉൽപാദനക്ഷമത വർദ്ധിപ്പിക്കാൻ കഴിയും. അതിന് പ്രധാനമായും വേണ്ടത് യുദ്ധകാലാടിസ്ഥാനത്തിൽ ഒരു അടി തൈ വയ്ക്കലാണ്.

തെങ്ങു കൃഷി പുനരുജ്ജീവന പദ്ധതി വഴി 30 ലക്ഷത്തോളം ഉൽപാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടി മാറ്റിയെങ്കിലും പൂർണ്ണമായും പകരം തൈ വയ്ക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ അഭാവമാണ് ഇതിന് പ്രധാന കാരണം.

വേനൽമഴ യഥാ സമയം ലഭിച്ചതിനാൽ തെങ്ങിൻ തൈ വയ്ക്കാൻ പറ്റിയ സമയമാണ്. പ്രായാധിക്യം മൂലം ഉൽപാദന ക്ഷമത തീരെ കുറഞ്ഞ തെങ്ങുകൾക്ക് പകരമാണ് അടിതൈ വയ്ക്കേണ്ടത്. വർഷത്തിൽ 10 തേങ്ങായിൽ കുറച്ചു തരുന്ന തെങ്ങുകൾ എല്ലാം അടി തൈ വയ്ക്കുന്നതിനു മുമ്പോ മുറിച്ചു മാറ്റാം. ആദ്യമായി അടി തൈ വയ്ക്കാനുള്ള സ്ഥലം തെങ്ങിൻ തോപ്പിൽ അടയാളപ്പെടുത്തണം. നിലവിലുള്ള തെങ്ങും പുതിയതായി നടുന്ന തൈ തെങ്ങും തമ്മിൽ രണ്ടു മീറ്റർ അകലം നൽകണം. ശരിയായി അകലത്തിൽ നട്ടിട്ടുള്ള തെങ്ങിൻ തോട്ടത്തിൽ തെങ്ങുകളുടെ രണ്ടു വരികൾക്കിടയിൽ പുതിയ തൈകൾ വയ്ക്കാം. ഒരു മീറ്റർ നീളം വീതി ആഴമുള്ള കുഴികളെടുത്തു വേണം തൈ നടാൻ. തൈ നടുന്നതിനു മുമ്പായി ചാണകപ്പൊടിയും, ചാരവും അയഞ്ഞ മേൽ മണ്ണും കലർന്ന മിശ്രിതം കുഴിയിലിട്ട് 60 സെ.മീ വരെ നിറയ്ക്കണം.

തൈകളെ ശരിയായി സംരക്ഷിക്കണം. വളപ്രയോഗം, ജലസേചനം കീടരോഗങ്ങൾക്ക് എതിരെ മരുന്നു തളി തുടങ്ങിയവ യഥാസമയം നൽകണം എങ്കിൽ മാത്രമേ തൈകൾ പിടിച്ചു കിട്ടൂ. പുതിയ തൈകൾ മൂന്നു വർഷം പ്രായമാകുമ്പോൾ പ്രായമേറിയതും ആദായം കുറഞ്ഞതുമായ തെങ്ങുകൾ മുറിച്ചു മാറ്റാം.

എന്നാൽ വെള്ളക്കെട്ടുള്ള താഴ്ന്ന പ്രദേശങ്ങളിൽ മൺകൂനകളോ, നീളത്തിൽ ബണ്ടുകളോ എടുക്കണം. തൈ നടാൻ കുഴികളിൽ മണ്ണിടുന്നതിനു മുമ്പായി കുഴിയുടെ ഏറ്റവും അടിഭാഗത്തായി ചകിരി മലർത്തി അടുക്കി വയ്ക്കുന്നത് ഈർപ്പം നിലനിർത്താൻ സഹായിക്കും. ചെങ്കൽ പ്രദേശങ്ങളിൽ തൈ വയ്ക്കുമ്പോൾ കുഴിയിൽ 2 കിലോ ഉപ്പ് ഇടുന്നത് മണ്ണിനു അയവു വരാനും, തൈ എളുപ്പം പിടിച്ചു കിട്ടാനും സഹായിക്കും.

യുദ്ധകാലാടിസ്ഥാനത്തിൽ അടി തൈ വയ്ക്കുന്ന ആവശ്യകത പരിഗണിച്ച് നാളികേര വികസന ബോർഡ് ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നത് കൂടുതൽ ഊന്നൽ നൽകി വരുന്നു. ബോർഡിന്റെ

# ബോർഡ് ആസ്ഥാനത്ത് തെങ്ങിൻ തൈ വാങ്ങാൻ നാളികേര കർഷകരുടെ തിരക്ക്

നാളികേര വികസന ബോർഡിന്റെ നേര്യമംഗലം വിത്തുത്പാദന പ്രദർശന തോട്ടത്തിൽ നിന്ന് പത്താമുദയത്തോടനുബന്ധിച്ച് ബോർഡ് ആസ്ഥാനത്ത് വില്പനയ്ക്ക് എത്തിച്ച മികച്ച ഗുണമേന്മയുള്ള തെങ്ങിൻ തൈകൾക്കായി അഭൂതപൂർവമായ തിരക്ക്. ഫാമിൽ പാകി മുളപ്പിച്ച മലയൻ കുറിയ ഇനം മഞ്ഞ, ചാവക്കാടൻ കുറിയ ഓറഞ്ച്, ഗൗരി ഗാത്രം, മലയൻ പച്ച, മലയൻ ഓറഞ്ച്, ചാവക്കാടൻ കുറിയ പച്ച എന്നീ ഇനങ്ങളും ബോർഡിന്റെ ഫാമിൽ കൃത്രിമ പരാഗണത്തിലൂടെ തയാറാക്കിയ സങ്കര ഇനം തൈകളുമാണ് കൃഷിക്കാർക്ക് 2017 ഏപ്രിൽ 20 നു വിതരണം ചെയ്തത്. കൊണ്ടുവന്ന തൈകൾ തീർന്നിട്ടും ആവശ്യക്കാർ പിന്നെയും എത്തിക്കൊണ്ടിരുന്നു. ഫാമിൽ നിന്നു വീണ്ടും തൈകൾ കൊണ്ടുവന്നാണ് മുൻകൂട്ടി രജിസ്റ്റർ ചെയ്തവർക്ക് മുഴുവൻ നല്കിയത്.



*തൈകളുടെ വിതരണ ഉദ്ഘാടനം മുഖ്യ നാളികേര വികസന ഓഫീസർ ശ്രീ സരദിന്ദു ദാസ് നിർവഹിക്കുന്നു*

തൈകളുടെ വിതരണ ഉദ്ഘാടനം മുഖ്യ നാളികേര വികസന ഓഫീസർ ശ്രീ സരദിന്ദു ദാസ് നിർവഹിച്ചു. ചൊവ്വരയിൽ നിന്നുള്ള നാളികേര കർഷകൻ ഊരിൽ ഡേവീസ് ഇട്ടീരയാണ് ആദ്യം തൈകൾ ഏറ്റുവാങ്ങിയത്. ബോർഡ് സെക്രട്ടറി ഡോ.എ.കെ നന്തി, ഡപ്യൂട്ടി ഡയറക്ടർ ആർ ജ്ഞാനദേവൻ എന്നിവരും സന്നിഹിതരായിരുന്നു. ടെക്നിക്കൽ ഓഫീസർ ആർ ദീപ്തി തൈ വിതരണത്തിനു നേതൃത്വം നല്കി.

കൃഷിക്കാരുടെ അഭ്യർത്ഥന മാനിച്ച് നേര്യമംഗലം ഫാമിൽനിന്നുള്ള തെങ്ങിൻ തൈകൾ നാളികേര വികസന ബോർഡിന്റെ കൊച്ചി ഓഫീസിൽ തുടർന്നും ലഭ്യതയനുസരിച്ച് എത്തിച്ച് വിതരണം ചെയ്യുന്നതാണ്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ അതതു സമയത്ത് മാധ്യമങ്ങളിലൂടെ പൊതുജനങ്ങളെ അറിയിക്കുന്നതാണ്. സങ്കരയിനം തൈകൾ 225 രൂപ നിരക്കിലും മറ്റുള്ളവ 70 രൂപ നിരക്കിലുമായിരിക്കും വിതരണം ചെയ്യുക.

ഇതു കൂടാതെ നാളികേര വികസന ബോർഡിന്റെ അംഗീകാരത്തോടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ നാളികേര ഉത്പാദക ഫെഡറേഷനുകൾ മികച്ച ഗുണനിലവാരമുള്ള തെങ്ങിൻ തൈകൾ അവരുടെ നഴ്സറികളിൽ ഉത്പാദിപ്പിച്ചിട്ടുണ്ട്. കൃഷിക്കാർക്ക് ഈ നഴ്സറികളിൽ നിന്നു നേരിട്ടു തൈകൾ വാങ്ങാവുന്നതാണ്. വില, ഇനങ്ങൾ തുടങ്ങിയ അന്വേഷണങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പരുകൾ - കൊല്ലക - 8111894600, കൈപ്പുഴ - 9847295360, കാളികാവ് - 9495491017, ചീക്കോട് - 8086888816, വടകര - 9847312792, പാലക്കാട് - 9495098341, പുറത്തൂർ - 9747051504, ഓണാട്ടുകര - 9995164100, ആലങ്ങാട് - 9447913216, കൊടുങ്ങല്ലൂർ - 8304049279, കണ്ണൂർ - 9447488179, നിലമ്പൂർ - 9447979236

നേര്യമംഗലത്തെ ഫാമിൽ നിന്ന് പരമാവധി തൈകൾ ഉൽപാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നു. ഈ നടീൽ സീസണിൽ നടാനായി ഗുണമേന്മയുള്ള തൈകൾ തയ്യാറായി കഴിഞ്ഞു. ബോർഡിന്റെ ഫാമിൽ തൈകൾ ബുക്ക് ചെയ്യുവാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. കൂടാതെ നാളികേര വികസന ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാന കൃഷി വകുപ്പും, നാളികേര ഉൽപാദക ഫെഡറേഷനുകളും തെങ്ങിൻ തൈ ഉൽപാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു.

നമ്മുടെ നാടിന്റെ നന്മയുടേയും ഐശ്വര്യത്തിന്റേയും പ്രതീകമായ തെങ്ങിനെ പഴയ പ്രതാപത്തിലേക്ക് കൊണ്ടു വരാനും അനിവാര്യമായ അടി തൈ വയ്ക്കൽ പരിപാടിയിൽ നമുക്ക് എല്ലാവർക്കും പങ്കു ചേരാൻ വരാൻ പോകുന്ന നടീൽ സീസണിൽ ഗുണമേന്മയുള്ള തെങ്ങിൻ തൈ തിരഞ്ഞെടുത്ത് നട്ടു പിടിപ്പിച്ച് നമ്മുടെ വീട്ടു വളപ്പ് സമ്പന്നമാക്കാൻ നമുക്ക് ഓരോരുത്തർക്കും പ്രയത്നിക്കാം.

***തെങ്ങിൻ തൈ ലഭിക്കുന്നതിന് ബന്ധപ്പെടേണ്ട വിലാസങ്ങൾ*** ● *നാളികേര വികസന ബോർഡ്, കേര ഭവൻ, എറണാകുളം, കൊച്ചി - 682011, ഫോൺ - 0484 - 2377566,2377267, 2376553* ● *അസി. ഡയറക്ടർ, ഡിഎസ്.പി. ഫാം, നാളികേര വികസ ബോർഡ് , നേര്യമംഗലം, കേരള, പിൻ - 686693, ഫോൺ - 04852554240*

## ഇരിട്ടി നാളികേര ഉത്പാദക കമ്പനിക്ക് 20,54,750 രൂപ ഇക്വിറ്റി ഗ്രാന്റ് ലഭിച്ചു

ഇരിട്ടി നാളികേര ഉത്പാദക കമ്പനിക്ക് സംസ്ഥാന ഗവൺമെന്റിന്റെ ഇക്വിറ്റി ഗ്രാന്റായ 20,54,750 രൂപ ലഭിച്ചു. കർഷകർ സമ്മാഹരിച്ച ഓഹരിയുടെ 25 ശതമാനമാണ് ഇത്. രണ്ടു കൊപ്ര ഡ്രയറുകൾ കമ്പനിക്കു കീഴിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ ഒന്ന് കമ്പനി നേരിട്ടും മറ്റൊന്ന് കല്പക ഫെഡറേഷനുമാണ് പ്രവർത്തിപ്പിക്കുന്നത്. കർഷകരിൽ നിന്ന് വിപണി വിലയെക്കാൾ രണ്ടു രൂപ കൂട്ടി നാളികേരം സംഭരിച്ച് സംസ്കരിച്ച് കൊപ്രയാക്കുകയാണ് ഇപ്പോൾ കമ്പനി ചെയ്യുന്നത്. വൈകാതെ കമ്പനിയുടെ ഐകോക്ക് ബ്രാൻഡിലുള്ള വെളിച്ചെണ്ണ വിപണിയിൽ ഇറങ്ങും.



# മലേഷ്യയുടെ മിഴിയിലിടം തേടി മെഴുക്കാട്ടിൽ

**കെ.എസ്. സെബാസ്റ്റ്യൻ**
അസിസ്റ്റന്റ് ഡയറക്ടർ (എക്സ്പോർട്ട് പ്രൊമോഷൻ), നാളികേര വികസനബോർഡ്, കൊച്ചി-11

എല്ലാ വിജയകഥകൾക്കും പിന്നിൽ വെല്ലുവിളികളുടെയും അതിജീവനത്തിന്റേയും അനുഭവങ്ങൾ ഉണ്ടായിരിക്കും. മെഴുക്കാട്ടിൽ മില്ലിന്റെ കഥയും ഇതിൽ നിന്നു വ്യത്യസ്തമല്ല.

വളരെ എളിയ നിലയിലായിരുന്നു തുടക്കം. 40 വർഷം മുമ്പ് കൃത്യമായി പറഞ്ഞാൽ 1976 ന് എം.ബി. മുഹമ്മദാലി എന്ന ക്രാന്ത ദർശി ആരംഭിച്ച വെളിച്ചെണ്ണ വ്യാപാരമാണ് ഇന്ന് ലോക വിപണിയിൽ അതും ഗുണമേന്മയുടെ പര്യായമാറി മാറിയിരിക്കുന്നത്.



**ലളിതമായ തുടക്കം**

ഏറ്റവും ചുരുങ്ങിയ മുതൽ മുടക്കിൽ ചെയ്യാൻ പറ്റുന്നതും എന്നാൽ നാട്ടിൽ ഏറ്റവും സുലഭമായ ഉൽപന്നം എന്ന നിലയിലാണ് 1976 ൽ ശ്രീ. എം. ബി. മുഹമ്മദലി (നിലവിലെ മാനേജിംഗ് പാർട്ട്ണർ) വെളിച്ചെണ്ണ നിർമ്മാണത്തിന് തുനിഞ്ഞത്. സ്വന്തം പിതാവ് നൽകിയ തുച്ഛമായ മൂലധനം ഉപയോഗിച്ച് രണ്ട് റോട്ടറി ചക്കുമായി ആരംഭിച്ച ബിസിനസ്സ് തുടക്കത്തിൽ അത്യധികം വെല്ലുവിളി നേരിടേണ്ടി വന്നു എന്നതാണ് യാഥാർത്ഥ്യം. വളരെ തുച്ഛമായ ലാഭത്തിലും പലപ്പോഴും ലാഭമില്ലാതെയും വെളിച്ചെണ്ണ വിപണനം നടത്തേണ്ടി വന്ന സന്ദർഭങ്ങളിലൊന്നും മുഹമ്മദലിയിലെ വ്യവസായി പരാജയപ്പെടുവാൻ തയ്യാറല്ലായിരുന്നു.

വെളിച്ചെണ്ണ വ്യവസായം അനാകർഷണമായി മാറിയപ്പോൾ, രാജ്യത്തെ ഏറ്റവും വലിയ വെളിച്ചെണ്ണ മില്ലായ ടാറ്റ ഓയിൽ മില്ലിന് തേങ്ങയും കൊപ്രയും നൽകുന്നതിലേക്ക് ശ്രദ്ധ തിരിച്ചു. വളരെ ചുരുങ്ങിയ കാലം കൊണ്ട് ടാറ്റ ഓയിൽ മില്ലിന് അവരുടെ അസംസ്കൃത വസ്തു നൽകുന്ന സ്ഥാപനങ്ങളിലെ ഏറ്റവും വിശ്വസ്ത സ്ഥാപനമായി തന്റെ സ്ഥാപനത്തെ മാറ്റുവാൻ ശ്രീ. മുഹമ്മദാലിക്ക് കഴിഞ്ഞു.

80കളുടെ തുടക്കത്തിൽ ടാറ്റ ഓയിൽ മിൽ വെളിച്ചെണ്ണ ഉൽപാദനം നിർത്തിയപ്പോൾ, തങ്ങളുടെ വിശ്വസ്തത മെഴുക്കാട്ടിൽ മിൽസിൽ നിന്നും വെളിച്ചെണ്ണ വാങ്ങുവാൻ താത്പര്യം കാണിച്ചു. മെഴുക്കാട്ടിൽ മിൽസ് തങ്ങളുടെ അപര്യാപ്തമായ ഭൗതിക സൗകര്യങ്ങൾ ഉപയോഗിച്ച് പരമാവധി ഉൽപന്നം ടാറ്റാ ഓയിൽ മില്ലിന് നൽകി തങ്ങളുടെ വ്യവസായ ബന്ധം അഭംഗുരം തുടർന്നു.

**അവസരങ്ങൾ അനുകൂലങ്ങളാക്കി മുമ്പോട്ട്**

കിട്ടിയ അനുകൂലാവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി കമ്പനി മുന്നോട്ടുനീങ്ങുന്ന അവസരത്തിലാണ് മുഹമ്മ

ദാലിയുടെ സഹോദരൻ ശ്രീ. കോയാക്കുട്ടിയും ഈ സംരംഭത്തിലേക്ക് കടന്നു വന്നത്. അദ്ദേഹത്തിന്റെ കഠിനാധ്വാനവും, സാങ്കേതിക ജ്ഞാനവും കമ്പനിയുടെ വളർച്ചയ്ക്ക് കുതിപ്പേകി. ഇക്കാലയളവിലാണ് കമ്പനി കൂടുതൽ ആധുനിക ഉപകരണങ്ങൾ വാങ്ങി സ്ഥാപിച്ച് ഉൽപാദനം ഉയർത്തുകയും ഉൽപന്നത്തെ മികച്ച ഗുണനിലവാരത്തിലേക്കെത്തിക്കുകയും ചെയ്തത്. ഏത് സാഹചര്യത്തിലും ബിസിനസ്സിൽ തങ്ങൾ ഉയർത്തിപ്പിടിച്ചിട്ടുള്ള മൂല്യങ്ങൾക്ക് വിട്ടു വീഴ്ച ചെയ്തിട്ടില്ലെന്ന് മെഴുക്കാട്ടിലിന്റെ സാരഥികൾ ഉറപ്പു പറയുമ്പോൾ അതിന് അടിവരയിടുകയാണ് മെഴുക്കാട്ടിലുമായി ബിസിനസ്സ് ബന്ധത്തിലേർപ്പെട്ടവർ. വലിപ്പ ചെറുപ്പമില്ലാതെ തങ്ങളുടെ ബിസിനസ്സിലേർപ്പെടുന്നവരെ കാണുകയും അന്തസ്സും ആഭിജാത്യവുമുള്ള ബിസിനസ്സ് ബന്ധം നിലനിർത്തുകയും ചെയ്യുന്നതിന് ഒരു കാലത്തും വെള്ളം ചേർത്തിട്ടില്ല എന്നുള്ളതാണ് മെഴുക്കാട്ടിലിന്റെ വിജയരഹസ്യം. അസംസ്കൃത വസ്തുവിന്റെ ഗുണനിലവാരത്തിൽ കർശന നിഷ്കർഷ പുലർത്തുന്നതുപോലെ തന്നെ അവയുടെ കൃത്യവില നൽകുന്നതിലും വിട്ടു വീഴ്ചയ്ക്കില്ല. രൊക്കം പണം നൽകാതെ കൊപ്ര വാങ്ങുന്ന പതിവ് ഞങ്ങൾക്കില്ല എന്ന് മുഹമ്മദലി പറയുമ്പോൾ മെഴുക്കാട്ടിലിന്റെ വ്യതിരിക്തത വ്യക്തമാകും.






മെഴുക്കാട്ടിലിന്റെ വെളിച്ചെണ്ണയുടെ ഗുണനിലവാരം വെളിച്ചെണ്ണ വിപണിയിൽ പ്രശസ്തമാണ്. രാജ്യത്തെ പ്രമുഖവെളിച്ചെണ്ണ കമ്പനികൾ എല്ലാം തന്നെ മെഴുക്കാട്ടിലിൽ നിന്നും വെളിച്ചെണ്ണ വാങ്ങുന്നുവെന്നത് വാസ്തവമാണ്. വെളിച്ചെണ്ണ വിപണിയിൽ മെഴുക്കാട്ടിൽ ക്വാളിറ്റിയെന്നത് ഗുണനിലവാരത്തിന്റെ മാതൃകയായി മാറിയിട്ടുണ്ടെന്ന് പറഞ്ഞാൽ അതിശയോക്തിയില്ല.

തൊഴിലാളി അസ്വസ്തതയെത്തുടർന്ന് മൂന്ന് മാസം കമ്പനി അടച്ചു പൂട്ടിയിട്ടുണ്ടെങ്കിലും അഗ്നി ബാധയെത്തുടർന്ന് വലിയ നാശ നഷ്ടങ്ങൾ രണ്ടവസരങ്ങളിൽ ഉണ്ടായിട്ടുണ്ടെങ്കിലും അവയെ ഒക്കെ അതിജീവിച്ച് രാജ്യത്തെ വൻകിട വെളിച്ചെണ്ണ ബ്രാന്റുകളുടെ ഏറ്റവും വിശ്വസ്ത ഉൽപന്ന ദാതാവായി തുടരുവാൻ മെഴുക്കാട്ടിലിന് കഴിഞ്ഞു.

**രണ്ടാം തലമുറയുടെ രംഗപ്രവേശം**

രാജ്യത്തെ വൻകിട കമ്പനികൾക്ക് വെളിച്ചെണ്ണ നൽകി അവരുടെ ബ്രാൻഡുകളെ പരിപോഷിപ്പിച്ച് വരുന്ന അവസരത്തിലാണ് മെഴുക്കാട്ടിലിൽ രണ്ടാം തലമുറയുടെ രംഗപ്രവേശം. എൻജിനീയറിംഗിൽ ബിരുദവും, ബിസിനസ്സ് മാനേജ്മെന്റിൽ ബിരുദാനന്തര ബിരുദവും നേടിയ ഇളം തലമുറക്കാരനായ ശ്രീ. ഉബൈദ് അലിയുടെ രംഗപ്രവേശം മെഴുക്കാട്ടിലിന്റെ സ്വപ്നങ്ങൾക്ക് ചിറക് മുളപ്പിച്ചു. ഉബൈദിന്റെ നേതൃത്വത്തിൽ സ്വപ്ന വേഗത്തിൽ മെഴുക്കാട്ടിലിന്റെ സ്വന്തം ബ്രാന്റായ പ്രാണ ചുരുങ്ങിയ സമയത്തിനുള്ളിൽ വിപണിയിലെത്തി. അതോടൊപ്പം തന്നെ തങ്ങളുടെ ഈ രംഗത്തെ ദീർഘകാല അനുഭവ സമ്പത്ത് ഉപയോഗപ്പെടുത്തി വെളിച്ചെണ്ണയുടെ പ്രൈവറ്റ് ലേബലിങ് രംഗത്തെ ഏറ്റവും മികച്ച സ്ഥാപനമായി ചുരുങ്ങിയ സമയത്തിനുള്ളിൽ മെഴുക്കാട്ടിലിനെ ഉയർത്തിക്കൊണ്ടു വരുവാൻ ശ്രീ. ഉബൈദിനു കഴിഞ്ഞു.

മുൻ തലമുറയുടെ പരിചയ സമ്പത്തും ഇളം തലമുറയുടെ ചുറു ചുറുക്കും ചേർന്ന് മെഴുക്കാട്ടിലിന്റെ വികസന സ്വപ്നങ്ങൾക്ക് ഗതിവേഗം നൽകി. തുടക്കത്തിൽ ചെറുകിട ബ്രാൻഡുകൾക്ക് ഉൽപന്നങ്ങൾ തയ്യാറാക്കി നൽകി ആരംഭിച്ച് ഇപ്പോൾ വിദേശങ്ങളിലേക്ക് കയറ്റുമതി ചെയ്യപ്പെടുന്ന മിക്കവാറും പ്രമുഖ ബ്രാൻഡുകൾക്കൊക്കെ തന്നെ ഉൽപന്നങ്ങൾ തയ്യാറാക്കി നൽകുന്ന നിലയിലേക്ക് എത്തുവാൻ മെഴുക്കാട്ടിലിന് കഴിഞ്ഞു. ഇതോടൊപ്പം കമ്പനി പ്രധാനപ്പെട്ട ലോകനിലവാരത്തിലുള്ള ഗുണനിയന്ത്രണ സർട്ടിഫിക്കറ്റുകൾ എല്ലാം തന്നെ നേടിയിരിക്കുന്നു. ഐഎസ്.ഒ 22000, ഐഎസ്.എസ്.ഒ 9001, ഹാസ്പ് ഹലാൽ എന്നീ സർട്ടിഫിക്കറ്റുകൾ നേടി കഴിഞ്ഞു. വിവിധ ഓർഗാനിക് സർട്ടിഫിക്കേഷനുകൾ നേടുവാനുള്ള ശ്രമങ്ങൾ കമ്പനി ആരംഭിച്ചു കഴിഞ്ഞു. ഗുണനിലവാരം പൂർണ്ണമായി ഉറപ്പാക്കുവാൻ സുസജ്ജമായ ലാബ് കമ്പനി തയ്യാറാക്കിയിട്ടുണ്ട്.

**പുതിയ പാക്കേജിംഗ് പരീക്ഷണങ്ങൾ**

വൻകിട കമ്പനികളുടെ ലേബലിനോടൊപ്പം തന്നെ പാക്കേജിംഗ് രംഗത്ത് നിരവധിയായ പരീക്ഷണങ്ങളും കമ്പനി സ്വന്തം നിലയിൽ ഏറ്റെടുത്ത് നടത്തിക്കൊണ്ടിരിക്കുകയാണ്. പരമ്പരാഗത സ്വന്തം പായ്ക്കുകളിൽ നിന്നും തികച്ചും വ്യത്യസ്തമായി ഉപഭോക്താക്കളുടെ അഭിരുചിക്കും വ്യത്യസ്തങ്ങളായ കാലാവസ്ഥയ്ക്കും, കയറ്റുമതിക്കും ഒക്കെ സൗകര്യപ്രദമായ വിവിധ തരം പായ്ക്കിങ്ങ് രീതികൾ മെഴുക്കാട്ടിൽ വികസിപ്പിക്കുകയും, അവയുടെ സാങ്കേതിക വിദ്യ കൈമാറ്റം ചെയ്യപ്പെടുവാനുള്ള നിലയിലേക്ക് എത്തിച്ചേരുകയും ചെയ്യു

കയുണ്ടായി. കയറ്റുമതിയ്ക്ക് അനുയോജ്യമായ തരം പായ്ക്കിങ്ങിലെ പരിചയ സമ്പത്ത് ഉപയോഗപ്പെടുത്തുവാൻ കൂടുതൽ കയറ്റുമതി സംരംഭങ്ങൾ മുമ്പോട്ടു വരുന്നതായി കമ്പനി വൃത്തങ്ങളിൽ നിന്നും അറിയുന്നു.

പാക്കേജിംഗ് രംഗത്തെ പരീക്ഷണങ്ങളോടൊപ്പം ഉൽപന്ന വികസനത്തിനും കമ്പനി ശ്രദ്ധയൂന്നുന്നുണ്ട്. നിറമില്ലാത്ത വെളിച്ചെണ്ണയും ചൂടാക്കാതെ ശുദ്ധീകരിച്ചതും നിറവും മണവും നീക്കിയ വെളിച്ചെണ്ണയും വെർജിൻ വെളിച്ചെണ്ണയുമെല്ലാം കമ്പനിയുടേതായി ഉടൻ പുറത്തു വരും.

കമ്പനി ഇപ്പോൾ രാജ്യത്തെ വൻകിട കമ്പനികൾക്ക് വൻ തോതിൽ വെളിച്ചെണ്ണ നൽകുന്നതോടൊപ്പം 10 രാജ്യങ്ങളിലായുള്ള 20ഓളം ബ്രാൻഡികൾക്കായി വെളിച്ചെണ്ണ പായ്ക്ക് ചെയ്തു നൽകുന്നുണ്ട്.



**മലേഷ്യയിലേക്ക് മെഴുക്കാട്ടിൽ**

മെഴുക്കാട്ടിലിന്റെ നാളികേരോൽപന്നങ്ങളുടെ പ്രസിദ്ധി കൂടുതൽ രാജ്യങ്ങളിലേക്ക് വ്യാപിക്കുകയാണ്. ഈ ഏപ്രിൽ മാസം ആറു ദിവസത്തെ ഇന്ത്യൻ സന്ദർശനത്തിനെത്തിയ മലേഷ്യൻ പ്രധാനമന്ത്രിയോടൊപ്പം എത്തിയ ബിസിനസ്സ് സംഘം ഇന്ത്യയിൽ നിന്ന് നാളികേര മേഖലയിൽ നിന്നും കരാറിൽ ഏർപ്പെടുവാനായി തിരഞ്ഞെടുത്ത ഏകസ്ഥാപനം മെഴുക്കാട്ടിൽ മിൽസ് ആയിരുന്നു. മലേഷ്യയിലെ മൈൻഡ്സും മെഴുക്കാട്ടിൽ മിൽസും ചേർന്ന് മലേഷ്യൻ പ്രധാനമന്ത്രിയുടേയും കേന്ദ്ര വാണിജ്യ കാര്യ മന്ത്രി നിർമ്മല സീതാരാമന്റേയും സാന്നിദ്ധ്യത്തിലൊപ്പു വച്ച കരാർ പ്രകാരം അടുത്ത ഒരു വർഷത്തിനുള്ളിൽ ഏകദേശം 65 കോടി രൂപയുടെ നാളികേരോൽപന്നങ്ങൾ മലേഷ്യയിലേക്ക് കയറ്റുമതി ചെയ്യുവാനുള്ള അവസരം മെഴുക്കാട്ടിൽ മിൽസിന് ലഭിക്കുകയുണ്ടായി. ഈ കരാറോടെ നാളികേരോൽപന്ന കയറ്റുമതി രംഗത്തെ ശ്രദ്ധേയമായ സ്ഥാപനമായി മെഴുക്കാട്ടിൽ മിൽസ് മാറുകയാണ്. ■

# നാളികേര മേഖല: ഉത്പാദനത്തിലും കൃഷിയിലും കേരളം തന്നെ മുന്നിൽ

രാജ്യത്തെ നാളികേര മേഖലയുടെ അവസ്ഥ സംബന്ധിച്ച 2015-16 ലെ സ്ഥിതിവിവരക്കണക്കുകൾ കേന്ദ്ര കൃഷി കർഷക ക്ഷേമ മന്ത്രാലയം പ്രസിദ്ധീകരിച്ചു. ഇതനുസരിച്ച്, നാളികേര കൃഷിയിലും ഉത്പാദനത്തിലും കേരളമാണ് മുന്നിൽ. എന്നാൽ ഉത്പാദന ക്ഷമതയിൽ ഛത്തിസ്ഗഡാണ് മുന്നിൽ. ഹെക്ടറിന് 16508 നാളികേരമാണ് ഛത്തിസ്ഗഡിന്റെ ഉത്പാദന ക്ഷമത. തൊട്ടു പിന്നിൽ ആന്ധ്ര,ഗുജറാത്ത്, തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങൾ ഉണ്ട്. കേരളത്തിന്റെ സ്ഥാനം ആറാമതാണ്. എന്നാൽ ഉത്പാദനത്തിൽ കേരളം വർഷങ്ങളായുള്ള അതിന്റെ കുത്തക നിലനിർത്തി. ഹെക്ടറിൽ നിന്ന് 7429.39 ദശലക്ഷം നാളികേരമാണ് കേരളത്തിലെ പ്രതിവർഷ ഉത്പാദനം. തമിഴ്നാട്, കർണാടക, ആന്ധ്ര എന്നീ സംസ്ഥാനങ്ങൾ തൊട്ടു പിന്നിലുണ്ട്. പട്ടികയിലെ 14 സംസ്ഥാനങ്ങളിൽ വച്ച് ഉത്പാദനക്ഷമതയിൽ ത്രിപുരയും ഉത്പാദനത്തിൽ നാഗാലാന്റുമാണ് ഏറ്റവും പിന്നിൽ.

**ഇന്ത്യൻ നാളികേര മേഖല ഒറ്റനോട്ടത്തിൽ**

| സംസ്ഥാനം | വിസ്തൃതി 1000ഹെക്ടർ | ഓഹരി ശതമാനം | ഉത്പാദനം 10 ലക്ഷം കായ്കൾ | ഓഹരി ശതമാനം | ഉത്പാദന ക്ഷമത ഹെക്ടറിൽ |
|---|---|---|---|---|---|
| കേരള | 770.62 | 36.90 | 7429.39 | 33.51 | 9641 |
| തമിഴ്നാട് | 459.74 | 22.01 | 6171.06 | 27.84 | 13423 |
| കർണ്ണാടക | 526.38 | 25.20 | 5128.84 | 23.14 | 9744 |
| ആന്ധ്രാപ്രദേശ് | 103.95 | 4.98 | 1427.46 | 6.44 | 13732 |
| വെസ്റ്റ് ബംഗാൾ | 29.51 | 1.41 | 373.58 | 1.69 | 12658 |
| ഒഡീഷ | 50.91 | 2.44 | 328.38 | 1.48 | 6451 |
| ഗുജറാത്ത് | 22.81 | 1.09 | 312.68 | 1.41 | 13706 |
| മഹാരാഷ്ട്ര | 27.75 | 1.33 | 271.24 | 1.22 | 9775 |
| ബീഹാർ | 14.90 | 0.71 | 141.38 | 0.64 | 9489 |
| ആസ്സാം | 19.73 | 0.94 | 132.59 | 0.60 | 6720 |
| ഛത്തീസ്ഗഡ് | 1.85 | 0.09 | 30.54 | 0.14 | 16508 |
| ത്രിപുര | 7.20 | 0.34 | 29.51 | 0.13 | 4097 |
| നാഗാലാന്റ് | 0.33 | 0.02 | 2.67 | 0.01 | 8091 |
| മറ്റുള്ളവ | 52.80 | 2.53 | 388.13 | 1.75 | 7351 |
| **ആകെ** | **2088.47** | **100.00** | **22167.45** | **100.00** | **10614** |

*അവലംബം : ഹോർട്ടി കൾച്ചർ ഡിവിഷൻ, കൃഷി കർഷക ക്ഷേമ മന്ത്രാലയം, ഭാരത സർക്കാർ*

# കർഷകരുടേയും സഞ്ചാരികളുടേയും മനം കവർന്ന് ഉത്തര മലബാറിന് അഭിമാനമായി തേജസ്വിനി കമ്പനി

**മിനി മാത്യു**
പബ്ലിസിറ്റി ഓഫീസർ, നാളികേര വികസന ബോർഡ്, കൊച്ചി -11

കണ്ണൂർ, കാസർഗോഡ്, ജില്ലകളിലെ പശ്ചിമ ഘട്ട മലയോര മേഖല പശ്ചാത്തലമായി നാളികേര വികസന ബോർഡിനു കീഴിൽ രൂപീകരിച്ച മലബാറിലെ ആദ്യ കേരോൽപാദക കമ്പനിയാണ് തേജസ്വിനി നാളികേരോൽപാദക കമ്പനി. തെങ്ങു കൃഷിക്കനുയോജ്യമായ കാലാവസ്ഥയും പ്രകൃതി രമണീയമായ ഭൂപ്രകൃതിയും മണ്ണിൽ കഠിനാദ്ധ്വാനം ചെയ്യാനുള്ള മനസ്സും ഈ കർഷക കൂട്ടായ്മയെ ഇനിയുമേറെ തേജസ്വിനിയാക്കുമെന്നതിൽ തർക്കമില്ല. കേരള കർണ്ണാടക അതിർത്തിയിൽ കാവേരി നദിയുടെ ഉത്ഭവ നദിയായ തേജസ്വിനി നദിയുടെ തീരത്തെ ഫലഭൂയിഷ്ടമായ പ്രദേശമാണിവിടം. 242 ഉൽപാദക സംഘങ്ങളും 16 ഫെഡറേഷനുകളും ചേർന്ന കമ്പനിയുടെ ആധുനിക ഫാക്ടറി സമുച്ചയത്തിന് 2014 ജൂൺ 5 ന് മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി തറക്കല്ലിടുകയുണ്ടായി. കണ്ണൂരിലെ പെരിങ്ങോം സി.ആർ.പി.എഫ്. ക്യാമ്പിന് എതിർവശത്തായി പി.ഡബ്ലിയുഡി റസ്റ്റ് ഹൗസിനു സമീപം കമ്പനി സ്വന്തമായി വാങ്ങിയ 4 ഏക്കർ സ്ഥലത്താണ് ഫാക്ടറി സമുച്ചയം ഉയരുന്നത്. 10 കോടി രൂപ ചെലവിൽ ആരംഭിക്കുന്ന പദ്ധതിയിൽ ജൈവ വള യൂണിറ്റ്, ബയോഗ്യാസ് പ്ലാന്റ്, കോക്കനട്ട് ഓയിൽ യൂണിറ്റ്, സോപ്പ് യൂണിറ്റ് എന്നിവ ആദ്യ ഘട്ടത്തിൽ പണി പൂർത്തിയാവും. രണ്ടാം ഘട്ടമായി വെർജിൻ ഓയിൽ യൂണിറ്റ്, ഡെസിക്കേറ്റഡ് - കോക്കനട്ട് മിൽക്ക് യൂണിറ്റുകളും ആരംഭിക്കും. മെയ് മാസത്തിൽ ഫാക്ടറി സമുച്ചയം ഉദ്ഘാടനം ചെയ്യാനുള്ള തയ്യാറെടുപ്പിലാണ് കമ്പനിഭാരവാഹികൾ.

**എളിയ തുടക്കം**

2010 ൽ ചെറുപുഴയിലെ 10 കർഷകർ ചേർന്ന് രൂപീകരിച്ച തേജസ്വിനി ഇക്കോ ഫാം സൊസൈറ്റിയാണ് കേര കർഷക കൂട്ടായ്മയായ തേജസ്വിനി കമ്പനിയായി പരിണമിച്ചത്. നാളികേര കർഷകരുടെ പ്രശ്നങ്ങൾക്ക് നാളികേരത്തിലൂടെ തന്നെ പരിഹാരം കാണുന്ന ഘട്ടത്തിലേക്ക് കർഷകശ്രീ അവാർഡ് ജേതാവ് ശ്രീ. സണ്ണി ജോർജ്ജ് ഇളം തുരുത്തിയിലിന്റെ സാരഥ്യത്തിൽ കമ്പനി എത്തിക്കഴിഞ്ഞു. കേര കർഷക കൂട്ടായ്മയുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി കമ്പനി ഡയറക്ടർ ബോർഡംഗങ്ങളും സജീവമായി രംഗത്തുണ്ട്.

തേജസ്സ് ബ്രാൻഡിൽ വെളിച്ചെണ്ണ, സമൃദ്ധി ജൈവ വളം,





തേജസ് ബാത്ത് സോപ്പ്, പാംഫ്രഷ് നീര, മഞ്ഞൾപ്പൊടി തുടങ്ങിയ ജൈവ ഉൽപന്നങ്ങളാണ് ഇപ്പോൾ കമ്പനി വിപണിയിലെത്തിക്കുന്നത്. 500 ജൈവ കർഷകർ 1500 ഏക്കറിലായി ജൈവകൃഷിയിൽ ഏർപ്പെട്ടിരിക്കുന്നു. ഓർഗാനിക് സർട്ടിഫിക്കേഷൻ ലേബലിൽ ഉൽപന്നങ്ങൾ വിപണിയിലെത്തിച്ചാൽ വിലയിൽ 50 ശതമാനം വർദ്ധനവെങ്കിലും കർഷകർക്ക് ലഭിക്കണമെന്നാണ് കമ്പനി ചെയർമാന്റെ അഭിമതം. സംസ്ഥാന ഗവൺമെന്റിന്റെ ജൈവ കൃഷിക്കുള്ള ഈ വർഷത്തെ അവാർഡ് ലഭിച്ചത് ത്രിതല കൂട്ടായ്മയിൽ അംഗമായ ജോയ് പെരുമാട്ടികുന്നേലിനാണ്. കഠിനാധ്വാനം കൈമുതലാക്കി ദൃഢനിശ്ചയത്തോടെയും ദീർഘവീക്ഷണത്തോടെയും പദ്ധതികൾ ആസൂത്രണം ചെയ്തു കൊണ്ടാണ് കമ്പനി മുന്നേറുന്നത്. കാസർഗോട്ടെ കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ഉൽപാദക കമ്പനികളെ പങ്കെടുപ്പിച്ചു നടത്തിയ ബിസിനസ്സ് പ്ലാൻ മത്സരത്തിൽ തേജസ്വിനി കമ്പനിക്ക് ഒന്നാം സ്ഥാനം ലഭിച്ചിരുന്നു.

കൃഷിക്കാരുടെ ഭാഗത്തു നിന്നും ലഭിച്ച ഷെയർ വിഹിതവും നബാർഡിൽ നിന്നും ലഭിച്ച രണ്ടു കോടി രൂപയുടെ ലോണും കമ്പനിയുടെ 'സമൃദ്ധി ജൈവവളം' പഞ്ചായത്തടിസ്ഥാനത്തിൽ വിറ്റു കിട്ടിയ ലാഭവും കൂടി ചേർത്താണ് ഫാക്ടറി സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നത്. കമ്പനി സൈറ്റിലെ ചെരുവു ഭൂമി തട്ടു തട്ടുകളായി തിരിച്ച് പാഴ്ചെലവുകളില്ലാതെയാണ് ഫാക്ടറി നിർമ്മാണം. ഈ വർഷം 10 പഞ്ചായത്തുകളിൽ ജൈവവളം വിതരണം ചെയ്യാനുള്ള ഓർഡർ പ്രതീക്ഷിക്കുന്നു. കർഷക സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന വളത്തിന് സംഘാംഗങ്ങൾക്കിടയിൽ തന്നെ നല്ല ഡിമാന്റുണ്ട്. ജൈവവളം യൂണിറ്റ്, തെങ്ങുൾപ്പെടെയുള്ള വിവിധ കാർഷിക വിളകളുടെ തൈകളും വിത്തുകളും ഉത്പാദിപ്പിച്ച് മിതമായ നിരക്കിൽ ലഭ്യമാക്കുന്ന നഴ്സറി, കൊപ്ര ഡ്രയർ യൂണിറ്റ് എന്നിവയ്ക്ക് നബാർഡ് 2 കോടി രൂപ അനുവദിച്ചു കഴിഞ്ഞു.





*ഷാജു അപ്പച്ചൻ കമ്പനി വൈസ് ചെയർമാൻ ജോസ് പറയൻകുഴിയ്ക്കൊപ്പം*



പ്രതിദിനം 25000 നാളികേരം സംസ്ക്കരിക്കാൻ ശേഷിയുള്ള കൊപ്രഡ്രയർ, മെച്ചപ്പെട്ട ഗുണമേന്മയുള്ള ഉൽപന്നങ്ങളുടെ നിർമ്മാണം ലക്ഷ്യമിട്ട് ആധുനിക രീതിയിലുള്ള ഫുഡ് ഗ്രേഡ് സ്റ്റയിൻലെസ്സ് സ്റ്റീൽ ഉപയോഗിച്ച് നിർമ്മിച്ച എക്സ്പെല്ലർ യൂണിറ്റാണ് (കയറ്റുമതി ലക്ഷ്യമിട്ട്) ഇവിടെ സ്ഥാപിക്കുന്നത്. പൊതിച്ച നാളികേരം എക്സ്പെല്ലർ യൂണിറ്റിലേക്കും തൊണ്ട് ഡീഫൈബറിംഗ് യൂണിറ്റിലേക്കും ചകിരിച്ചോർ ജൈവവള യൂണിറ്റിലേക്കും ഒരേ സമയം മാറ്റാനുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്. പൊട്ടിച്ചെടുത്ത തേങ്ങയുടെ വെള്ളം പാഴാക്കി കളയാതെ വിനാഗിരി യൂണിറ്റും തയ്യാറായി വരുന്നു. മണിക്കൂറിൽ 800 കിലോ കൊപ്ര സംസ്ക്കരിക്കാവുന്ന എക്സ്പെല്ലർ യൂണിറ്റാണിത്. ഇവിടെ ഉൽപാദിപ്പിക്കുന്ന വെളിച്ചെണ്ണ, സോപ്പ് നിർമ്മാണ യൂണിറ്റിലേക്കുപയോഗിക്കുന്നു. പ്രതിദിനം 1000 സോപ്പുകളാണ് ഈ യൂണിറ്റിൽ നിർമ്മിക്കുന്നത്. 2.70 കോടി രൂപയുടെ പദ്ധതിയാണിത്. ഖാദി വില്ലേജ് ഇൻഡസ്ട്രീസ് കോർപ്പറേഷനുമായി ചേർന്ന് ചക്കയുടെ മൂല്യ വർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റിന്റെ നിർമ്മാണവും ഇതോടൊപ്പം പുരോഗമിക്കുന്നു. 242 കേരോൽപാദക സൊസൈറ്റികളിലായി 30000ൽപരം കർഷകരാണ് കമ്പനിയുടെ ഗുണഭോക്താക്കൾ കമ്പനിയിൽ നിർമ്മിക്കുന്ന ഉൽപന്നങ്ങളിൽ 50 ശതമാനം കർഷകർക്കിടയിലേക്ക് തിരിച്ചെത്തിക്കുന്ന ചാക്രിക സംവിധാനമാണ് കമ്പനി വിഭാവനം ചെയ്യുന്നത്. 50 ശതമാനം ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യാനുദ്ദേശിക്കുന്നു. കമ്പനിയുടെ പരിധിയിൽ 6,56227 തെങ്ങുകളാണുള്ളത്.

**നീര ഉത്പാദനവും നീര ടെക്നീഷ്യൻ ട്രെയിനിംഗും**

ഇപ്പോൾ കമ്പനിക്ക് പ്രതിദിനം 500 ലിറ്റർ നീരയ്ക്കാണ് ഡിമാന്റുള്ളതെന്ന് കമ്പനി ഡയറക്ടറും കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനും കമ്പനിയുടെ വൈ

സ് ചെയർമാനുമായ ജോസ് പറയൻകുഴി പറഞ്ഞു. അദ്ദേഹമാണ് കമ്പനിയുടെ നീര ഉത്പാദനം സംബന്ധിച്ച് മേൽനോട്ടം വഹിക്കുന്നത്. നീര ഉൽപാദനം 2000 ലിറ്ററിലെത്തിയാൽ സംസ്ക്കരണ രംഗത്തേക്കു കടക്കാൻ താത്പര്യമുണ്ട്. പരിശീലനം സിദ്ധിച്ച 80ലേറെ നീര ടെക്നീഷ്യന്മാർ നീര ടാപ്പിംഗിൽ ഏർപ്പെട്ടിരിക്കുന്നു. ഇവരിൽ ഭൂരിഭാഗവും കൂട്ടായ്മയിലെ അംഗങ്ങളായ കർഷകർ തന്നെ. ഉദയഗിരി ഫെഡറേഷനിലെ ഷാജു അപ്പച്ചനാണ് നീര ടാപ്പ് ചെയ്ത് ഏറ്റവും അധികം വരുമാനം ഉണ്ടാക്കിയത്. 12 തെങ്ങിൽ നിന്നും നീര ടാപ്പ് ചെയ്ത് ദിവസേന 2500 ൽ ഏറെ രൂപയുടെ വരുമാനമാണ് അദ്ദേഹം നേടുന്നത്. ഇതോടൊപ്പം തെങ്ങിന് വേനൽക്കാല നനയും വളവും പരിചരണവും സ്ഥിരമായി നൽകുന്നുമുണ്ട്. ഇപ്രകാരം അധ്വാനിക്കാൻ തയ്യാറുള്ള മനസ്സും ലക്ഷ്യബോധവുമുള്ള ഒട്ടേറെ കർഷകരാണ് നീര ടെക്നീഷ്യൻ രംഗത്തേക്ക് കടന്നുവന്ന് വരുമാനം ഉണ്ടാക്കുന്നത്. ഇതര സംസ്ഥാനങ്ങളിൽ നിന്ന് തൊഴിലാളികൾ വന്ന് ടെക്നീഷ്യന്മാരായാൽ ഇടക്ക് വച്ച് പണി നിർത്തി പോകാനുള്ള സാധ്യത ഏറെ. അതിനാൽ തന്നെ സ്വന്തം പുരയിടത്തിൽ തെങ്ങ് ചെത്തി നീരയിൽ നിന്നും അന്തസ്സോടെ വരുമാനം ഉണ്ടാക്കാൻ തേജസ്വിനി കമ്പനി കർഷകരെ പ്രോത്സാഹിപ്പിക്കുന്നു. രണ്ട് വർഷം ഈ രംഗത്ത് ഉറച്ച് നിൽക്കുമെന്ന് കർഷകരുമായി കരാറിൽ ഏർപ്പെട്ട ശേഷമാണ് കമ്പനി പരിശീലനാർത്ഥികളെ നാളികേര വികസന ബോർഡ് നൽകി വരുന്ന നീര ടെക്നീഷ്യൻ പരിശീലന പരിപാടിയിലേക്ക് അയക്കുന്നത്. കമ്പനി ചെയർമാൻ സണ്ണി ജോർജിന്റെ മകൻ പ്രിൻസ് ഉൾപ്പടെ നീര ടെക്നീഷ്യൻ പരിശീലന രംഗത്തേക്ക് ഉത്സാഹത്തോടെ കടന്നുവന്നിരിക്കുന്ന ചെറുപ്പക്കാർ ഏറെയാണ്. സിപിസിആർഐയുടെ ടെക്നോളജിയായ കോൾഡ് ചെയിൻ മെത്തേഡാണ് കമ്പനി സ്വീകരിച്ചിട്ടുള്ളത്. ഐസ് ബോക്സ്, മാട്ടം, പ്ലാസ്റ്റിക് കൂട്, കത്തി, കയർ, എന്തിന് ഫ്രീസർ വരെ കമ്പനിയുടെ ചെലവിലാണ് നൽകുന്നത്. നീര ടാപ്പിങ്ങിലൂടെ കമ്പനിയുടെ നേട്ടത്തിലുപരി കർഷകന്റെ വരുമാനമാണ് ലക്ഷ്യമാക്കുന്നത്. ടൂറിസം പ്രമോഷന്റെ ഭാഗമായി നീരയ്ക്ക് ഡിമാന്റ് കൂടി വരുന്നു. നാളികേര വികസന ബോർഡിന്റെ നൈപുണ്യ വികസനത്തിന്റെ ഭാഗമായി തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം നേടിയവർക്ക് നീര ടെക്നീഷ്യന്മാരാകാൻ അവസരം നൽകുന്നുണ്ട്. കമ്പനിയുടെ പരിധിയിലെ നാളികേരം വിളവെടുപ്പിനും, രോഗ കീട നിയന്ത്രണത്തിനും, നഴ്സറി പരിപാലനത്തിനും ഫെഡറേഷൻ തലത്തിൽ തെങ്ങിന്റെ ചങ്ങാതിമാരുണ്ട്. ഏതു സമയത്തു വിളിച്ചാലും വിളിപ്പുറത്തെത്തുന്ന ചങ്ങാതിമാരാണിവർ.

**ഇക്കോ ഫാം ടൂറിസം**

ഇക്കോ ഫാം ടൂറിസം പ്രമോട്ട് ചെയ്യുന്നതിന്റെ ഭാഗമായി ദൈവത്തിന്റെ സ്വന്തം നാടിന്റെ ഔഷധ ആരോഗ്യ പാനീയമായ 'പാം ഫ്രെഷ്' നീര ടൂറിസ്റ്റുകൾക്കിടയിൽ പ്രോത്സാഹിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. കമ്പനിയുടെ പാലാവയൽ ട്രെക്കിംഗ് ക്യാമ്പിലെത്തുന്ന സഞ്ചാരികൾക്ക്





നീരയും നാടൻ ഭക്ഷ്യവിഭവങ്ങളും





ഇഷ്ടപ്പെട്ട നാടൻ ഭക്ഷ്യ വിഭവങ്ങളുടെ രുചി ആസ്വദിക്കുന്നതിനുവേണ്ട സൗകര്യങ്ങൾ ഫാം ടൂറിസത്തിന്റെ കമ്പനി ഡയറക്ടർ ജോസ് ഉറുമ്പുകാട്ടിലിനാണ്. ഇതോടൊപ്പം നീരടാപ്പിംഗ് ഡെമോൺസ്ട്രേഷൻ നടത്തുകയും തൽസമയം നീരടാപ്പു ചെയ്ത് സഞ്ചാരികൾക്ക് നൽകുകയും ചെയ്യാം. ഫാം ടൂറിസത്തിന്റെ ഭാഗമായി കൂടുതൽ ഗ്രാമീണ ഗൃഹങ്ങളെ ജൈവ കൃഷിയും ആയുർവ്വേദവും ട്രെയിനിംഗ് സെന്ററുകളുമായി കോർത്തിണക്കി ഈ മേഖലയിൽ ഏർപ്പെടുത്താനാണുദ്ദേശിക്കുന്നത്. ഫാം ടൂറിസം പ്രമോട്ട് ചെയ്യുന്നതിന് 10 ഏക്കർ കൃഷി സ്ഥലം പ്രത്യേകമായി കമ്പനി വാങ്ങാൻ തയ്യാറെടുക്കുന്നു. ഇവിടെ പഴ വർഗ്ഗ വിളകൾ, ആയുർവ്വേദം, യോഗ ക്ലാസ്സുകൾ, നാടൻ കൃഷി ഫാമുകൾ, കരകൗശല പ്രദർശനം എന്നിവയെല്ലാമൊരുക്കി കേരള സംസ്ക്കാരത്തനിമയുടെ ഗുണഫലങ്ങൾ സഞ്ചാരികൾക്കു പകരാൻ ഉത്തരവാദ ടൂറിസത്തിലൂടെയുദ്ദേശിക്കുന്നു. ഇതിനായി ടൂറിസം പ്രമോഷൻ കൗൺസിലുമായി ചേർന്ന് പദ്ധതികൾ ആവിഷ്ക്കരിച്ചു വരുന്നു. ഫാം ടൂറിസം രംഗത്ത് പ്രവർത്തിക്കാൻ താത്പര്യമുള്ള ഏകദേശം 300 ഓളം പുരോഗമന കർഷകരുടെ ഗ്രൂപ്പാണുദ്ദേശിക്കുന്നത്.

കേരള, കർണ്ണാടക അതിർത്തിയിലെ മുന്ധാരി ഫോറസ്റ്റിന് സമീപസ്ഥലങ്ങളായ പാലവയൽ, കാനം വയൽ, റാണിപുരം, കൊട്ടത്തലച്ചി പ്രദേശങ്ങൾ വിനോദ സഞ്ചാരികളെ ഏറെ ആകർഷിക്കുന്ന മേഖലകളാണ്. കണ്ണൂർ വിമാനത്താവളം വരുന്നതോടുകൂടി കൂടുതൽ വിദേശ സഞ്ചാരികളെ ഈ ഇക്കോസ്പോട്ടുകളിലേക്ക് ആകർഷിക്കുകയാണ് ലക്ഷ്യം. വിമാനത്താവളം, റെയിൽവെസ്റ്റേഷൻ എന്നിവിടങ്ങളിൽ ടൂറിസം സെന്ററിലേക്ക് വാഹന സൗകര്യവും, ടൂറിസ്റ്റുകൾ തിരിച്ചുപോകുന്നതുവരെയുള്ള മറ്റെല്ലാവിധ അതിഥി സൽക്കാരങ്ങളും ഒരുക്കും. തേജസ്വിനി പുഴയിൽ വാട്ടർ റാഫ്റ്റിംഗ് ഒരുക്കിയിട്ടുണ്ട്. തളിപ്പറമ്പ്, പയ്യന്നൂർ, തൃക്കരിപ്പൂർ, ഇരിക്കൂർ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് കൂടുതൽ ടൂറിസം സെന്ററുകളുണ്ടാക്കാൻ കമ്പനി താൽപര്യപ്പെടുന്നു. സംസ്ഥാന സർക്കാരിന്റെ റെസ്പോൺസബിൾ ടൂറിസം പദ്ധതിയിൽ ഇതു സംബന്ധിച്ച പ്രോജക്ടുകൾ സമർപ്പിക്കുകയും പദ്ധതി നടപ്പാക്കുന്ന ഘട്ടത്തിലേക്കെത്തുകയും ചെയ്തിട്ടുണ്ട്.

കേരളത്തിലെ 40% വനപ്രദേശം 28% ലേക്ക് കുറഞ്ഞു വരുന്ന സാഹചര്യമാണിന്ന്. പ്രകൃതിയുടെ സംതുലിതാവസ്ഥയെ തകർക്കാതെ കാനനഭംഗിയും കാർഷിക മേഖലയുടെ സമ്പദ് സമൃദ്ധിയും സഞ്ചാരികളെ ആകർഷിക്കാൻ ഏറെ സാധ്യതയുള്ള ഉത്തരവാദ ടൂറിസത്തിന്റെ വാഗ്ദത്ത ഭൂമിയാണിവിടം. അതായത് പ്രകൃതിയോടിഴുകി ചേർന്ന ടൂറിസം. തരിശായി കിടക്കുന്ന കുന്നിൻ പ്രദേശങ്ങളിൽ പ്ലാവുൾപ്പെടെയുള്ള ഫലവൃക്ഷങ്ങൾ നട്ടു പിടിപ്പിക്കുകയും വനമേഖലയുടെ പ്രതിച്ഛായ സൃഷ്ടിക്കുകയും ചെയ്യും. ഓരോ കർഷകന്റേയും കൃഷിയിടത്തിൽ ഇടവിളയായി 10 പ്ലാവെങ്കിലും കമ്പനി തലത്തിൽ നൽകാൻ ഉദ്ദേശിക്കുന്നു.

ഫാം ടൂറിസവുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്ക്: *https://www.facebook.com/trekkingtowellness.in/*



**ചെറുപുഴ നഴ്സറി**

കമ്പനിയുടെ കീഴിലുള്ള ചെറുപുഴ ഗാർഡൻ നഴ്സറിയുടെ ചുമതല കമ്പനി ഡയറക്ടറായ ടോം ജോർജ്ജിനാണ്. സങ്കരയിനം, നെടിയ, കുറിയഇനം മലയൻ പച്ച, മലയൻ മഞ്ഞ, ചാവക്കാട് ഓറഞ്ച്, രാമഗംഗ ഇനം തെങ്ങിൻ തൈകൾ നഴ്സറിയിൽ ലഭ്യമാണ്. വിവിധയിനം വാഴകൾ, പ്ലാവ്, മാവിൻ തൈകൾ, ജാതി, കുറ്റികുരുമുളക്, കമുക്, പാഷൻഫ്രൂട്ട്, മാംഗോസ്റ്റീൻ, ആര്യവേപ്പ്, കറിവേപ്പില. ഇതോടൊപ്പം പുഷ്പയിനങ്ങളായ റോസ്, മുല്ല, ആന്തൂറിയം, ജമന്തി, ഓർക്കിഡ്, താമര എന്നിവയെല്ലാം നഴ്സറിയിൽ ലഭ്യമാണ്. ഇതോടൊപ്പം ചേമ്പ്, ചേന, ഇഞ്ചി, മഞ്ഞൾ, വാഴ തുടങ്ങിയ വിത്തിനങ്ങളും നഴ്സറിയിൽ മിതമായ നിരക്കിൽ ലഭ്യമാക്കുന്നുണ്ട്. നാളികേര ബോർഡ് മുൻ ചെയർമാൻ ശ്രീ. ടി.കെ. ജോസ് മാർഗ്ഗനിർദ്ദേശം നൽകി കേരോൽപാദക കമ്പനികൾ ഏറ്റെടുത്തു നടത്തണമെന്ന് നിഷ്ക്കർഷിച്ച കാര്യങ്ങളെല്ലാം തേജസ്വിനി കമ്പനിയിലൂടെ ഫലമണിയുന്നതിൽ ചാരിതാർത്ഥ്യമുണ്ട്.






കമ്പനി ചെയർമാൻ സണ്ണി ജോർജ്ജും കുടുംബവും



### വിസ്മയ കാഴ്ചകളുടെ കൃഷിയിടം

കമ്പനി സാരഥിയുടെ കുടുംബമൊന്നടങ്കം കാർഷിക വൃത്തിയിലും കമ്പനി പ്രവർത്തനങ്ങളിലും അദ്ദേഹത്തെ സഹായിച്ചു വരുന്നു. തെങ്ങിനൊപ്പം സമ്മിശ്ര കൃഷിയുടെ ഉറവിടമാണിവിടം. എല്ലാവിധ ഫലവൃക്ഷങ്ങളും, വളർത്തുമൃഗങ്ങളായ ആട്, പശു, മുയൽ, കോഴി, താറാവ്, മീൻകുളം എന്നിവ സണ്ണിയുടെ പുരയിടത്തിലുണ്ട്. ഇതോടൊപ്പം ചേന, ചേമ്പ്, ഇഞ്ചി, മഞ്ഞൾ കൃഷി എന്നിവയും ജൈവരീതിയിൽ കൃഷി ചെയ്യുകയും മെച്ചപ്പെട്ട വിപണി കണ്ടെത്തുകയും ചെയ്യുന്നു. 10 വർഷം മുമ്പ് ഓർഗാനിക് സർട്ടിഫിക്കേഷൻ ലഭിച്ച പൂർണ്ണ ജൈവ കൃഷിയിടമാണിത്.

കുന്നിൻ നെറുകയിൽ 2 പ്ലോട്ടുകളിലായി 1000 ൽപരം പ്ലാവുകളും അതിൽ വളർത്തിയിരിക്കുന്ന കുരുമുളകു കൊടിയും കശുമാവിൻ തോട്ടവും ഏതു കർഷകനും മാതൃകയാക്കാവുന്നതാണ്. കൃഷി എത്രയധികം ആദായകരമായി മാറ്റാമെന്ന് കാണിച്ചുതരുന്ന പാഠശാലയാണ് കർഷകശ്രീ ജേതാവായ സണ്ണിയുടെ കൃഷിയിടം. ■ *സണ്ണി ജോർജ്ജ് ഫോൺ - 9495147228*

# 129–ാമതു ബോർഡ് മീറ്റിംങ് ബാംഗളൂരിൽ നടന്നു



നാളികേര വികസന ബോർഡിന്റെ 129–ാമത് ബോർഡ് മീറ്റിംങ് 2017 മാർച്ച് 17 ന് ബാംഗളൂരിൽ ചേർന്നു. യോഗത്തിൽ ചെയർമാൻ ഡോ.എകെ സിംങ് അധ്യക്ഷനായിരുന്നു. വൈസ് ചെയർമാൻ ശ്രീ. പി.സി മോഹനൻ മാസ്റ്റർ, അംഗങ്ങളായ സി.പി നായരായണൻ, എംപി, സിപിസിആർഐ ഡയറക്ടർ ഡോ.പി ചൗഡപ്പ, കൊയർ ബോർഡ് ചെയർമാൻ സി.പി രാധാകൃഷ്ണൻ, സംസ്ഥാന അഗ്രിക്കൾച്ചർ പ്രൊഡക്ഷൻ കമ്മിഷണർ ഡോ.രാജു നാരായണ സ്വാമി, പി.ആർ മുരളീധരൻ, എസ് മോഹൻ രാജ്, എം.ആർ ശങ്കര നാരായണ റെഡ്ഡി, ശ്രീമതി ദക്ഷാ റാമി, ഡോ.ബിശ്വനാഥ് റാത്,കിസാൻശ്രീ സഞ്ജീവ് കുമാർ സിംങ്, മുഖ്യ നാളികേര വികസന ഓഫീസർ ശ്രീ. സരദിന്ദു ദാസ്, നാളികേര വികസന ബോർഡ് സെക്രട്ടറി ഡോ. അനൂപ് കുമാർ നന്തി എന്നിവർ പങ്കെടുത്തു.



# കുരുത്തോലയുടെ കളിത്തോഴർ

**ആബെ ജേക്കബ്,** നാളികേര വികസന ബോർഡ്, കൊച്ചി -11



നാടൻ പാട്ടുകളുടെയും നാട്ടു വാദ്യങ്ങളുടെയും താളപ്പെരുക്കങ്ങളിൽ നിന്ന് കുരുത്തോലയുടെ കലാ സൗന്ദര്യത്തെ ജീവിതത്തിലേയ്ക്ക് ആവാഹിച്ച ഒരു കൂട്ടം ചെറുപ്പക്കാരുണ്ട് തൃശൂർ ജില്ലിലെ മാളയ്ക്കു സമീപമുള്ള വടമ എന്ന ഗ്രാമത്തിൽ. ഇനിയും കൈമോശം വരാത്ത നാട്ടറിവുകളുടെയും വായ്മൊഴി വഴക്കങ്ങളുടെയും ഉപാസകരായ അവർ കുരുത്തോലകൊണ്ടുള്ള കലാരൂപങ്ങളുടെ പ്രചാരകരായി മാറിയ കഥയാണ് കരുന്തലക്കൂട്ടം എന്ന സാസ്കാരിക സംഘനയുടെ ചരിത്രം. കേരളത്തിലും കേരളത്തിനു പുറത്തും ഇന്ത്യക്കു വെളിയിൽ പോലും കുരുത്തോലയുടെ കലാശില്പ പ്രചരണാർത്ഥം ഇവർ ശിബിരങ്ങളും പരിശീലന പരിപാടികളുമായി യാത്ര ചെയ്യുന്നു.

സ്കൂൾ വിദ്യാർത്ഥികൾക്ക് മധ്യവേനൽ അവധിക്കാലത്തു നടത്തുന്ന  തിരക്കിട്ട കുരുത്തോല കലാ രൂപ പരിശീലന പരിപാടിക്കിടയിൽ, തൃശൂർ വടക്കാഞ്ചേരിൽ നിന്നാണ് ഒരു ദിവസം രാവിലെ ബദ്ധപ്പെട്ട് സുബ്രഹ്മണ്യവും പ്രസാദും കൊച്ചിയിൽ നാളികേര വികസന ബോർഡ് ആസ്ഥാനത്ത് അഭിമുഖത്തിന് എത്തിയത്.

കുരുത്തോല കളരികളെ കുറിച്ച് വലിയ ആവേശത്തോടെയാണ് അവർ സംസാരിച്ചത്.

കേരളീയരുടെ ആചാരാനുഷ്ഠാനങ്ങളോട് ഏറ്റവും ചേർന്നു നില്ക്കുന്ന അലങ്കാര വസ്തുവാണ് കുരുത്തോല - പൂജ, മന്ത്രം, ഉത്സവം, കല്യാണം, അനുഷ്ഠാന കലകൾ എന്നിവയ്ക്കെല്ലാം അലങ്കാര വസ്തുവായി കുരുത്തോല ഉപയോഗിക്കുന്നു. തെയ്യം തിറ തുടങ്ങിയ ക്ഷേത്രകലാരൂപങ്ങൾക്ക് കുരുത്തോല ഒഴിച്ചുകൂടാനാവാത്ത ഘടകമാണ്. തെയ്യങ്ങളുടെ മുടി, ഉടുപ്പുകൾ എന്നിവയ്ക്കും  കുമ്മാട്ടി, ശീതങ്കൻ തുള്ളൽ തുടങ്ങിയവയുടെ നിറപ്പകിട്ടാർന്ന വേഷങ്ങൾക്കും കുരുത്തോലയാണ് ഉപയോഗിക്കുക. ചില മന്ത്രങ്ങൾ എഴുതുന്നതു കുരുത്തോലയിലാണ്. ശബരിമലയ്ക്കു പോകുന്ന ഭക്തർ പന്തൽ അലങ്കരിക്കുന്നത് കുരുത്തോല ഉപയോഗിച്ചാണ്. ക്രിസ്ത്യാനികൾ ഓശാന ഞായറാഴ്ച്ച പള്ളികളിൽ നിന്നു കുരുത്തോല വാഴ്ത്തി വീടുകളിൽ കൊണ്ടുപോയി സൂക്ഷിക്കുന്നു.





നീഷ്, മാധവൻ ഈ വിദ്യയിൽ നൈപുണ്യം സമ്പാദിച്ചു.

പിന്നീട് ഇവർ കുരുന്നോലക്കൂട്ടം എന്ന കൂട്ടായ്മ രൂപീകരിച്ച് സ്കൂളുകളിലും മറ്റും കുട്ടികൾക്ക് കുരുത്തോല കൊണ്ടുള്ള കലാരൂപങ്ങളുടെ നിർമ്മിതിയിൽ പരിശീലനം നല്കി തുടങ്ങി. അതോടൊപ്പം വിവിധ സ്ഥലങ്ങളിൽ കുരുത്തോല ഉപയോഗിച്ച് അസാമാന്യ സൗന്ദര്യമുള്ള സ്റ്റേജ് അലങ്കാരങ്ങൾ, ഉദ്ഘാടന ചടങ്ങുകൾക്ക് അരങ്ങ് ഒരുക്കൽ, വിവാഹ മണ്ഡപങ്ങളുടെ നിർമ്മാണം എന്നിവ ഏറ്റെടുത്ത് നടത്തി തുടങ്ങി. കേരളത്തിനു വെളിയിൽ ചെന്നൈ, മുംബൈ, സിംഗപ്പൂർ, ഗൾഫ് രാജ്യങ്ങൾ എന്നിവിടങ്ങളിലെല്ലാം സംഘം പരിപാടികൾ ഏറ്റെടുത്ത് നടത്തി. മലേഷ്യയിലെ റെയിൻ ഫസ്റ്റിവലിൽ കുരുന്നോലക്കൂട്ടം കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുത്തു.

കൊച്ചി ബിനലെയിൽ ഇവർ പങ്കെടുത്തിരുന്നു. കൊച്ചി സിയാൽ, തിരുവനന്തപുരം കനകക്കുന്ന് തുടങ്ങിയ സ്ഥലങ്ങളിലെ ഔദ്യോഗിക പരിപാടികളുടെ കുരുത്തോല കൊണ്ടുള്ള അലങ്കാര ജോലികൾ മിക്കതും ചെയ്യുന്നത് ഇന്ന് കുരുന്നോലക്കൂട്ടമാണ്. വടമയിൽ നടന്ന നാട്ടുത്സവത്തിന് അതിഥികളായി എത്തിയ 25 പേരെ പൂക്കൾ നല്കുന്നതിനു പകരം തികച്ചും വ്യത്യസ്തമായ രീതിയിലാണ് ഇവർ സ്വീകരിച്ചത്. എല്ലാവരെയും കുരുത്തോല കൊണ്ടുള്ള തൊപ്പിയണിയിച്ചാണ് വേദിയിലേയ്ക്ക് സംഘാടകർ വരവേറ്റത്. എല്ലാ അതിഥികളും അതു കൊണ്ടു പോകുകയും ചെയ്തു.

കുരുത്തോല കൊണ്ടുള്ള പൂക്കൾ, പൂച്ചെണ്ടുകൾ, വിളക്കുകൾ, പൂക്കൊട്ടകൾ എന്നിവ എല്ലാം ഇവർ എല്ലാ വേദികളിലും യഥേഷ്ടം ഉപയോഗിക്കുന്നു. ഫോക്ക്‌ലോർ, സാഹിത്യ അക്കാദമികളിൽ അംഗത്വമുള്ള കുരുന്നോലക്കൂട്ടം കുഴിക്കാട്ടുശേരിയിലുള്ള ഗ്രാമികയിലാണ് പരിശീലനം നടത്തുന്നത്. മലയാള മനോരമയുടെ ജലസംരക്ഷണാർത്ഥമുള്ള റോഡ് ഷോയായിരുന്ന പലതുള്ളിയുടെ വാഹനം അലങ്കരിച്ചത് കുരുന്നോലക്കൂട്ടമാണ്.

വിവാഹ മണ്ഡപം പോലുള്ള വൻ വേദികളിൽ നിന്ന് പരിസ്ഥിതി സൗഹൃദമല്ലാത്ത പ്ലാസ്റ്റിക്ക്, കൃത്രിമ നാരുകൾ എന്നിവയെയും ഇറക്കുമതി ചെയ്യുന്ന പൂക്കളെയും ഒഴിവാക്കി ശാലീനത തുളുമ്പുന്ന കുരുത്തോല കൊണ്ടുള്ള അലങ്കാരങ്ങളെ അവിടെ പ്രതിഷ്ഠിക്കാനുള്ള സംസ്കാരത്തിലേയ്ക്ക് കേരളത്തിലെ ജനങ്ങളെങ്കിലും വരും എന്ന സ്വപ്നവുമായിട്ടാണ് കുരുന്നോലക്കൂട്ടം മുന്നേറുന്നത്. ■

ഗൃഹാതുരത്വത്തിന്റെ ഓർമ്മ കൂടിയാണ് കുരുത്തോല. പോയ തലമുറയിലെ കുട്ടികളുടെ ഏറ്റവും കൂടുതൽ കളിപ്പാട്ടങ്ങളുടെ നിർമ്മാണ സാമഗ്രിയായിരുന്നു കുരുത്തോല. ഓലപീപ്പി, ഓലപ്പന്ത്, വാച്ച്, കണ്ണട, പക്ഷി തുടങ്ങി തെങ്ങോല കൊണ്ടുള്ള എന്തെന്തു കളിപ്പാട്ടങ്ങൾ. അവ ചെലവു കുറഞ്ഞതും പരിസ്ഥിതി സൗഹൃദങ്ങളുമായിരുന്നു.

ഇന്ന് ലക്ഷങ്ങൾ മുടക്കി നടത്തുന്ന ആർഭാടമായ സ്റ്റേജ് അലങ്കാരങ്ങളെ വെല്ലുന്ന തരത്തിൽ കുരുത്തോല ഉപയോഗിച്ച് മണ്ഡപങ്ങളും വേദികളും അലങ്കരിക്കാൻ സാധിക്കുമെന്നാണ് കരിന്തലക്കൂട്ടത്തിന്റെ നായകരായ സുബ്രഹ്മണ്യവും പ്രസാദും അവകാശപ്പെടുന്നത്. അത് വെറു അവകാശവാദമല്ല എന്ന് അവർ തെളിയിക്കുകയും ചെയ്തിട്ടുണ്ട്. കരിന്തലക്കൂട്ടം 25 കലാകാരന്മാർ അടങ്ങുന്ന യുവാക്കളുടെ കൂട്ടായ്മയാണ്. ഇവരിൽ സർക്കാർ ജോലിക്കാരുണ്ട്, ഡ്രൈവർമാരുണ്ട്, ആർട്ടിസ്റ്റുകളുണ്ട്, കൃഷിക്കാരുണ്ട്. അങ്ങനെ ജീവിതത്തിന്റെ വൈവിധ്യമാർന്ന മേഖലകളിൽ ചരിക്കുന്നവരുടെ കൂട്ടായ്മ കൂടിയാണ് ഇത്. നാടൻ പട്ടുകൾ ശേഖരിക്കുക, അവതരിപ്പിക്കുക എന്നതായിരുന്നു 20 വർഷം മുമ്പ് ഈ കൂട്ടായ്മ ആരംഭിക്കുമ്പോൾ ഈ സംഘത്തിന്റെ മുന്നിലുണ്ടായിരുന്ന ലക്ഷ്യം. നാടൻ പാട്ടുകൾ നാട്ടു വാദ്യങ്ങളുടെ അകമ്പടിയോടെ രണ്ടു മണിക്കൂർ ദൈർഘ്യമുള്ള സ്റ്റേജ് ഷോയായി അവതരിപ്പിക്കുക. സാമ്പത്തിക നേട്ടത്തെക്കാൾ നഷ്ടമാകുന്ന ഒരു കലാരൂപത്തെ സംരക്ഷിക്കുക എന്നതായിരുന്നു പുറനാട്ടുകര നാട്ടറിവു പഠനകേന്ദ്രം ഡയറക്ടർ ഡോ.രാജഗോപാലിന്റെ നേതൃത്വത്തിലുള്ള ഈ കൂട്ടായ്മയുടെ ലക്ഷ്യം.

അതിനിടയിലാണ് കുരുത്തോലയുടെ കലാസൗന്ദര്യം ആകസ്മികമായി കരുന്തലക്കൂട്ടം തിരിച്ചറിഞ്ഞത്. കുരുത്തോല കൊണ്ടുള്ള ചില രൂപങ്ങൾ ഇവരുടെ സ്റ്റേജ് ഷോയുടെ അനിവാര്യ ഘടകങ്ങളായിരുന്നു. ഓലക്കുട, കരിങ്കാളി, വട്ടമുടി, കാളയുടെ കോലം തുടങ്ങിയവയ്ക്ക് കുരുത്തോല അനിവാര്യമായിരുന്നു. വട്ടമുടി പോലുള്ള രൂപങ്ങൾക്ക് ഒരു ദൈവിക സങ്കല്പം തന്നെയുണ്ട്. അതിനാൽ ഏതാനും പേർ ആദ്യം കുരുത്തോല കൊണ്ടുള്ള കലാരൂപങ്ങളുടെ നിർമ്മിതിയിൽ വൈദഗ്ധ്യം നേടി. ക്രമേണ ആ ഗ്രൂപ്പ് വളർന്നു. കുട്ടപ്പൻ എന്ന ആശാനായിരുന്നു ഇവരിൽ പ്രമുഖൻ. അദ്ദേഹത്തിന്റെ ശിക്ഷമത്തിൽ പ്രസാദ്, അർജ്ജുൻ, സുബ്രഹ്മണ്യൻ, സനൽ,ദി

# തേങ്ങയുടച്ച് ഗിന്നസ് ബുക്കിലേയ്ക്ക്...

**സിഡിബി ന്യൂസ് ബ്യൂറോ,** കൊച്ചി




എല്ലാ മംഗള കർമ്മങ്ങൾക്കും മുമ്പ് മലയാളികൾ തേങ്ങയുടയ്ക്കും. വിഘ്നേശ്വര പ്രീതിക്കു വേണ്ടിയാണെന്നാണു വിശ്വാസം. ഇവിടെ ഇതാ, തേങ്ങയുടച്ച് ഒരു മലയാളി ഗിന്നസ് ബുക്കിലേയ്ക്കു കയറിയിരിക്കുന്നു.

കെഎസ്ആർടിസി ഈരാറ്റുപേട്ട ഡിപ്പോയിലെ മെക്കാനിക്കും പൂഞ്ഞാർ, കൈപ്പിള്ളി സ്വദേശിയുമായ പുതുപ്പറമ്പിൽ അബീഷ് ഡെമിനിക്കാണ് വെറും കൈപ്പത്തികൊണ്ട് നാളികേരം അടിച്ചുടച്ച് ലോക റിക്കോഡ് തിരുത്തി ഗിന്നസ്ബുക്കിൽ ഇടം തേടിയിരിക്കുന്നത്. 47 സെക്കന്റിൽ 136 നാളികേരം ഉടച്ചാണ് അബീഷ് തന്റെ കൈ കരുത്ത് തെളിയിച്ചത്. നാളികേരം ഉപയോഗിച്ച് പല വിദ്യകളും അബീഷ് നടത്തും. തലകൊണ്ടും കൈമുട്ടു കൊണ്ടും അദ്ദേഹം അനായാസം കരിക്ക് പൊട്ടിക്കും. കഴിഞ്ഞ മാസം തൃശൂരിൽ ശോഭസിറ്റിയിൽ നടന്ന മത്സരത്തിലാണ് അബീഷ് കൈകൊണ്ട് നാളികേരം പൊട്ടിച്ച് ഗിന്നസ് റെക്കോർഡിൽ കയറിയത്. ഈ ഇനത്തിൽ നിലവിലുള്ള റെക്കോഡ് (മിനിറ്റിൽ 64 നാളികേരം)ജർമ്മൻ പൗരനായ മുഹമ്മദ് കുർമാനിക്കിന്റെതാണ്.

സ്കൂൾ പഠന കാലത്ത് സ്പോർട്സിൽ തല്പരനായിരുന്ന അബീഷ് ജാവലിൻ, ഹാമർ ഇനങ്ങളിൽ 95-96 കാലഘട്ടത്തിലെ സംസ്ഥാന ചാമ്പ്യനാണ്. പത്താം ക്ലാസ് മുതൽ സാഹസിക ഇനങ്ങളിലായി താല്പര്യം. ഒപ്പം ആയോധന കലകളും പരിശീലിച്ചു. കരാട്ടെ സ്വയം അഭ്യസിച്ചതാണ്.

മൂന്നു ലോക റെക്കോഡുകളും പത്ത് ദേശീയ റെക്കോഡുകളും ഉൾപ്പെടെ അനേകം ബഹുമതികൾ സ്വന്തം പേരിൽ എഴുതി ചേർത്തിട്ടുള്ള അബീഷിൻെ വീടു നിറയെ ട്രോഫികളും പുരസ്കാര ഫലകങ്ങളുമാണ്. ചെറുപ്പത്തിൽ കരാട്ടെ പഠിക്കാൻ വലിയ അഭിനിവേശമായിരുന്നു. പക്ഷെ അത് പഠിപ്പിക്കുന്ന സ്ഥാപനങ്ങൾ അന്ന് നാട്ടിൽ ഇല്ലായിരുന്നു. പിന്നീട് കോരുത്തോട് സ്കൂളിൽ സ്പോർട്സ് ഹോസ്റ്റലിൽ പ്രവേശനം ലഭിച്ചെങ്കിലും സാമ്പത്തിക പരാധീനത മൂലം വീണ്ടും നാട്ടിലെത്തി, സ്കൂൾ പഠനം തുടർന്നു. പാലായിലാണ് ഐടിഐ വിദ്യാഭ്യാസം പൂർത്തിയാക്കിയത്. കഴിഞ്ഞ പത്തു വർഷമായി കെഎസ് ആർടിസിയിൽ മെക്കാനിക്കൽ വിഭാഗത്തിൽ ജോലിയുണ്ടെങ്കിലും ഇപ്പഴും എംപാനലിലാണ് എന്നു മാത്രം.



അബീഷ് എന്നു പറഞ്ഞാൽ നാട്ടുകാർക്കും സുഹൃത്തുക്കൾക്കും ഇന്ന് സാഹസികതയുടെ പര്യായമാണ്. മലയാളമനോരമ ചാനലിന്റെ ഉഗ്രം ഉജ്വലം പരിപാടിയിലൂടെയാണ് ഈ കായിക താരം മുഖ്യധാരയിൽ സജീവമായത്. എത്തിയത്. അതുവരെ സ്റ്റേജ് ഷോകളിലും സ്പോൺസേർഡ് പരിപാടികളിലും മാത്രമായിരുന്നു അബീഷ് പങ്കെടുത്തിരുന്നത്. ഇന്ന് അബീഷിന്റെ കൈക്കരുത്തിനു മുന്നിൽ വഴങ്ങാത്ത സാഹസിക പ്രകടനങ്ങളില്ല. തേങ്ങമാത്രമല്ല അബീഷിന്റെ ഇര. കറങ്ങുന്ന ടേബിൾ ഫാനിന്റെ ലീഫുകൾ കണ്ണുകെട്ടി തലകൊണ്ടും നാക്കുകൊണ്ടും തടഞ്ഞ് നിർത്തുക, താൻ ജോലി ചെയ്യുന്ന ഡിപ്പോയിലെ കെഎസ്ആർടിസി ബസുകൾ കയർ കെട്ടി വലിച്ചു നീക്കുക, ഐഎസ്ഐ മുദ്രയുള്ള ഹെൽമെറ്റ്, ഹോക്കി സ്റ്റിക്ക്, ബേസ് ബോൾ സ്റ്റിക്ക് ഒരിഞ്ച് കനമുള്ള മാർബിൾ ടൈലുകൾ എന്നിവ ഒറ്റയടിക്ക് പൊട്ടിക്കുക തുടങ്ങി സാധാരണ മനുഷ്യന് സാധ്യമല്ലാത്ത പ്രവൃത്തികളാണ് അബീഷ് ചെയ്യുന്നത്.

പിതാവ് ഡെമിനിക്കാണ് ഗുരു. ആറാം വയസിൽ അഞ്ചു തേങ്ങ കൈകൊണ്ട് പൊട്ടിച്ചായിരുന്നു തുടക്കം. ഇതിനായി കൈപ്പത്തിയുടെ വശം ദിവസവും കല്ലിൽ ഉരച്ച് കാഠിന്യപ്പെടുത്തുമായിരുന്നു എന്ന് അബീഷ് പറഞ്ഞു. ഇപ്പോൾ ഇരുമ്പ് പോലുണ്ട് കൈപ്പത്തി. പിതാവ് ചെയ്യുന്ന സാഹസിക പ്രവൃത്തികൾ കണ്ടാണ് അബീഷ് സാഹസിക പ്രവൃത്തികളിലേയ്ക്ക് കടന്നത്. പിതാവ് ആദ്യം തേങ്ങ കൈകൊണ്ട് പൊതിക്കുമായിരുന്നു. അതു കണ്ടാണ് അബീഷും ഒന്നു പരീക്ഷിച്ചത്. കൈ വേദനിച്ചതല്ലാതെ തേങ്ങ അനങ്ങിയില്ല. പക്ഷെ പിന്നീട് വാശിയായി. ഒടുവിൽ സാഹസികതകൾ ഓരോന്നായി അബീഷിനു വഴങ്ങി. കഴിഞ്ഞ ഡിസംബറിൽ പാലായിൽ നടന്ന കാർഷിക മേളയിൽ 64 കരിക്ക് അബീഷ് കൈമുട്ടുകൊണ്ട് ഇടിച്ചു പൊട്ടിക്കുകയുണ്ടായി. ഈരാറ്റു പേട്ട ഡിപ്പോയിൽ നിന്ന് നിറയെ യാത്രക്കാരുമായി തിരുവനന്തപുരത്തേയ്ക്കു പുറപ്പെടാൻ കാത്തു നിന്ന കെഎസ്ആർടിസി ബസാണ് അബീഷ് കയർ കെട്ടി 50 മീറ്റർ വലിച്ചു നീക്കി ഏഷ്യൻ റെക്കോഡ് സ്ഥാപിച്ചത്.

നിരന്തരമായ പരിശീലനമാണ് അബീഷിന്റെ വിജയരഹസ്യം. കൂടാതെ കൃത്യമായ ഭക്ഷണവും. മാവുകൊണ്ട് ഉണ്ടാക്കുന്ന ഭക്ഷണം അബീഷ് കഴിക്കാറില്ല, മാംസാഹാരവും ഇഷ്ടമല്ല. എണ്ണയിൽ വറുത്തതോ പൊരിച്ചതോ ആയ വിഭവങ്ങളും ഈ താരത്തിന് പഥ്യമില്ല. എല്ലാ ദിവസവും വ്യായാമം ചെയ്യും. 85 കിലോയാണ് ശരീര ഭാരം. ൊതിൽ കൂടുതലാകൻ അനുവദിക്കില്ല. ആരോഗ്യമുള്ള ശരീരവും മനസുമാണ് ഏറ്റവും വലിയ സമ്പത്ത് എന്ന് വിശ്വസിക്കുന്ന ആളാണ് അബീഷ്.

പിതാവ് ഡൊമിനിക്ക് മാതാവ് മോളി, ഭാര്യ നിഷ, മകൾ ഏയ്ഞ്ചൽ, എന്നിവരടങ്ങുന്നതാണ് അബീഷിന്റെ കുടുംബം. ■



## മുഖമൊഴി



വിഷുവും ഈസ്റ്ററും കഴിഞ്ഞു. മധ്യവേനൽ അവധിയുടെ ആദ്യ പാതിയും പിന്നിട്ടു. വേനലിന്റെ കാഠിന്യത്തെ നേരിടാൻ പാതയോരങ്ങളിലെ ഇളനീർ പന്തലുകൾ തുണയാകുന്നുണ്ട്. വേനലിന്റെ കാഠിന്യത്തിൽ നിന്നു കേരവൃക്ഷങ്ങളെയും സംരക്ഷിക്കുവാൻ ശ്രദ്ധിക്കണം. പ്രത്യുപകരമെന്നത് മനുഷ്യരോടു മാത്രമല്ല, വൃക്ഷങ്ങളോടും സസ്യ ലതാദികളോടും ഉണ്ടാകണം.

പായിപ്ര രാധാകൃഷ്ണൻ

ഗൃഹനിർമ്മാണ ശാസ്ത്രത്തെ വാസ്തു ശാസ്ത്രം എന്നു പറയുന്നു. ആലയ നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലമാണ് വാസ്തു.ഭൂമിയുടെ ചരിവ്, മണ്ണിന്റെ രസം, കാറ്റിന്റെ ഗതി, ജലസാന്നിധ്യം തുടങ്ങിയവയൊക്കെ പരിഗണിച്ചായിരുന്നു പണ്ടൊക്കെ മനുഷ്യാലയങ്ങൾ നിർമ്മിച്ചിരുന്നത്. കായ്ക്കുന്നതും പൂക്കുന്നതുമായ വൃക്ഷങ്ങൾ വീടിനു ചുറ്റും വളർത്തുന്നതിനെ കുറിച്ച് ശാസ്ത്രം പറയുന്നുണ്ട്.

*കിഴക്കെരിഞ്ഞിയും പേരാൽ*
*പ്ലാവും കൂവളമെന്നിവ,*
*തെക്കത്തി,യമ്പഴം പിന്നെ*
*കവുങ്ങും പുളിയും തഥാ*
*പടിഞ്ഞാർ പാല അരയാൽ*
*തെങ്ങും വൃക്ഷങ്ങളിങ്ങനെ...*

ഇപ്രകാരം വൃക്ഷങ്ങളുടെ സ്ഥാനങ്ങൾ വിവരിക്കുന്നതിനിടയിൽ തെങ്ങിനും ഒരിടം നിശ്ചയിക്കപ്പെട്ടിരുന്നുന്നു എന്നത് ശ്രദ്ധിക്കുക.

വീട്ടുപകരണങ്ങളായും വീടിനകത്ത് തെങ്ങിന് പ്രാധാന്യമുണ്ടായിരുന്നു. അടുക്കളയിലെ ചിരട്ടത്തവി, അറയിലെ ആഭരണപ്പെട്ടി, എണ്ണക്കുടുക്ക, ഭസ്മക്കുടുക്ക തുടങ്ങിയവ ചിരട്ടകൊണ്ട് നിർമ്മിക്കുന്നവയായിരുന്നു. കുട്ടികളുടെ കളിപ്പാട്ടങ്ങലിൽ ചിരട്ടയും തെങ്ങിൻ മടലും മച്ചിങ്ങയും ഓലയും ഈർക്കിലും പ്രാമുഖ്യം നേടിയിരുന്നു. ഓല കൊണ്ടുള്ള കിളികൾ , പീപ്പി, പൂക്കൾ തുടങ്ങിയവ വേറെ. പന്തൽ അലങ്കാരങ്ങൾക്ക് കരിക്കിൻകുല ഐശ്വര്യ സൂചകമായി പ്രവേശന കവാടത്തിലുണ്ടാവും. നിറപറയ്ക്കൊപ്പം തെങ്ങിൻ പൂക്കുലയും മംഗളകരമായി കകരുതുന്നു.

പായിപ്ര രാധാകൃഷ്ണൻ

# തെങ്ങും തേങ്ങയും

**പി. സജേഷ്**, ശങ്കരനെല്ലൂർ, കണ്ണൂർ

വിശാലമായ തെങ്ങിൻ പറമ്പിനു നടുവിലുള്ള ചെറിയ വീട്. ചുറ്റുപാടും കശുമാവിൻ തോട്ടങ്ങളാണ്. കാറ്റിലാടിക്കളിക്കുന്ന തെങ്ങിൻ തലപ്പുകളും ആകാശം മുട്ടി നിൽക്കുന്നു എന്നു തോന്നുന്ന വലിയ തെങ്ങുകളും കൊണ്ട് മനോഹരമായ അന്തരീക്ഷം. ഈ വീട്ടിലാണ് ഉണ്ണിക്കുട്ടൻ പിറക്കുന്നത്.

മനോഹരമായ കർഷക ഗ്രാമമാണ് ഉണ്ണിക്കുട്ടന്റേത്. വയലേലകളിൽ നിന്നുയരുന്ന മനോഹരമായ കൊയ്ത്തു പാട്ടുകളുടെ മധുരിമയിലാണ് അവന്റെ കുട്ടിക്കാലം കടന്നു പോയത്. ആ ഗ്രാമത്തിലുള്ള ഭൂരിഭാഗം ആളുകളും കർഷകരാണ്. കൃഷിയുമായി ബന്ധപ്പെട്ട വിവിധങ്ങളായ ജോലികളിലേർപ്പെടുന്നവർ. അവരൊക്കെ സാധാരണക്കാരായ ആളുകളാണ്. എന്നാൽ സംതൃപ്തമാണ് അവരുടെ ജീവിതം. പച്ചപിടിച്ച പാടങ്ങളിലെ നെൽകതിരും പച്ചക്കറി തോട്ടങ്ങളിലെ വിളഞ്ഞു നിൽക്കുന്ന കായ്കളും അവരുടെ സംതൃപ്തിയുടെ മാറ്റ് വർദ്ധിപ്പിക്കുന്നു.

മറ്റെല്ലാ കൃഷികളുമുണ്ടെങ്കിലും സ്ഥിരവരുമാനമുള്ള ഒരു കൃഷിയിനം പലർക്കും തെങ്ങു തന്നെയാണ്. ഉണ്ണിക്കുട്ടന്റെ അച്ഛൻ കുമാരനും തെങ്ങ് കൃഷിക്കാരനാണ്. കുറച്ചു മാത്രം സ്ഥലമുള്ള പുരയിടമാണെങ്കിലും അവിടെ ആവശ്യത്തിന് തെങ്ങുകളുണ്ട്. ഈ തെങ്ങുകളിലെ വരുമാനം തന്നെയാണ് കുടുംബത്തിന്റെ പ്രധാന ജീവിതോപാധി.

പലപ്പോഴും അച്ഛനിൽ നിന്നും തെങ്ങിനെപ്പറ്റിയുള്ള കഥകൾ ഉണ്ണിക്കുട്ടൻ കേൾക്കാറുണ്ട്. തെങ്ങു കൃഷിയെപ്പറ്റി പറയുമ്പോൾ അച്ഛന് പുതുതായി ഒരു ഊർജ്ജം ലഭിച്ചതു പോലെയാണ് കൃഷിയെക്കുറിച്ച് പൊതുവെ വലിയ ആവേശത്തോടെയാണ് അദ്ദേഹം സംസാരിക്കുക. അത് തെങ്ങിനെക്കുറിച്ചാവുമ്പോൾ ആ ആവേശവും ഉത്സാഹവും വാനോളം ഉയരും.

തല ഉയർത്തി നിൽക്കുന്ന തെങ്ങിനെ തൊട്ടു തലോടി മേലോട്ട് കണ്ണോടിച്ച്, അച്ഛൻ പറയും ഈ വർഗ്ഗത്തിൽപ്പെട്ട തെങ്ങുകൾ 18 മുതൽ 20 മീറ്റർ വരെ ഉയരത്തിൽ വളരും. കണ്ടാൽ ആകാശത്തെ തൊടാൻ പോകുന്നതായി നമുക്ക് തോന്നും. ചിലത് 30 മീറ്റർ വരെ ഉയർന്നു പൊങ്ങും. ഒരു രാജാവിന്റെ തലയെടുപ്പോടെ. തെങ്ങിനെ നമ്മൾ സ്നേഹിക്കുന്നതുപോലെ തെങ്ങ് നമ്മളെയും കലർപ്പില്ലാതെ സ്നേഹിക്കും. അച്ഛൻ ഒരു നെടുവീർപ്പിട്ട് പറഞ്ഞു നിർത്തുമ്പോൾ ഉണ്ണിക്കുട്ടന്റെ മനസ്സു നിറയെ തെങ്ങിനെക്കുറിച്ചുള്ള ചിന്തകളായിരിക്കും.

അച്ഛൻ തെങ്ങിന് തടമെടുക്കുന്നതും വളമിടുന്നതുമൊക്കെ ഉണ്ണിക്കുട്ടൻ കൗതുകത്തോടെ നോക്കി നൽക്കും അപ്പോൾ അവന്റെ ഉള്ളിൽ ഒരു തെങ്ങ് വളർന്നു വരും. ഒരുപാട് കായ്ഫലമുള്ള ധാരാളം പച്ച ഓലകൾ നിറഞ്ഞ ഒരു തെങ്ങ്. ആ തെങ്ങിൽ നിന്ന് പറിക്കുന്ന തേങ്ങകൾ ഉരിച്ച് വെയിലത്ത് വച്ച് ഉണക്കി കൊപ്രയാക്കി വിറ്റു ജീവിക്കുന്ന ഒരു സമ്പന്നകാലം അവൻ സ്വപ്നം കണ്ടിരിക്കും.

അച്ഛന്റെ കനത്ത സ്വരമാണ് ആ സ്വപ്നങ്ങളിൽ നിന്നും പലപ്പോഴും അവനെ ഉണർത്തുക. അച്ഛൻ തെങ്ങിന്റെ കഥകൾ എപ്പോഴും പറഞ്ഞുകൊണ്ടിരിക്കും. കേട്ടാലും കേട്ടാലും മതിവരാത്ത നാളികേരത്തിന്റെ കഥകൾ.

തെങ്ങ് ഏതു കാലാവസ്ഥയിലും വളരും. നന്നായി വെള്ളവും വളവും നൽകിയാൽ അവൻ നമുക്ക് നന്നായി കായ്ഫലം തരും. തെങ്ങ് ഒരിക്കലും ചതിക്കില്ലെന്ന് ഒരു പഴമൊഴിയുണ്ട്. കാരണവന്മാർ ഇടയ്ക്കിടെ ഇതു പറയാറുണ്ട്. ശരിയാണ്, നമുക്ക് ഉപയോഗപ്രദമല്ലാത്ത ഒന്നും തന്നെ തെങ്ങ് തരുന്നില്ല. ഇതിന്റെ എല്ലാ ഭാഗവും നമുക്ക് വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കാനാവുന്നു. ഇത്തരം പ്രത്യേകതകളുള്ള മറ്റൊരു



വൃക്ഷവും നമുക്ക് ചൂണ്ടിക്കാണിക്കാനുണ്ടാവില്ല. അതെ.... തെങ്ങ് ഒരു കൽപവൃക്ഷം തന്നെയാണ്.

ഒരിക്കൽ തേങ്ങയിടാൻ വന്ന കുഞ്ഞിരാമേട്ടനോട് അച്ഛൻ ഒരൊറ്റ ചോദ്യമാണ് കുഞ്ഞിരാമാ, തെങ്ങിന് തെങ്ങന്ന പേരുണ്ടായതെങ്ങനെയെന്ന് നിനക്കറിയ്യോ. അച്ഛന്റെ ചോദ്യം കേട്ട് കുഞ്ഞിരാമൻ ഞെട്ടിപ്പോയി. പിന്നെ ഒരു ചെറു ചിരിയോടെ പറഞ്ഞു. എനിക്ക് എങ്ങനെ അറിയാനാ കുമാരേട്ടാ. നിങ്ങള് പറയ്.

അച്ഛൻ ഒരു ജ്ഞാനിയുടെ മുഖഭാവത്തോടെ പറഞ്ഞു തുടങ്ങി. തേങ്ങയുടെ ഉത്ഭവത്തെക്കുറിച്ചൊക്കെ ധാരാളം കഥകളുണ്ട്. കേരളത്തിന് തെക്കു ഭാഗത്തു നിന്നാണ് വന്നതെന്നാണ് കരുതപ്പെടുന്നത്. അങ്ങനെ വന്ന അർത്ഥത്തിൽ തെങ്കായ് എന്നു വിളിച്ചു തുടങ്ങി ആളുകൾ. പിന്നീടത് തേങ്ങയും തേങ്ങയുണ്ടാകുന്ന വൃക്ഷം തെങ്ങുമായി മാറുകയായിരുന്നു. ഇതൊക്കെ നാമറിഞ്ഞിരിക്കണം. കുഞ്ഞിരാമാ. നീ ജീവിക്കുന്നത് ഇതുകൊണ്ടല്ല. നിന്നെ ജീവിപ്പിക്കുന്ന മരത്തിന്റെ കഥ അപ്പോൾ നീ അറിയേണ്ടേ.

അച്ഛൻ പറഞ്ഞു നിർത്തി. കുഞ്ഞിരാമേട്ടൻ ഇതെല്ലാം കേട്ട് ഒരു ചെറു പുഞ്ചിരിയോടെ തലയാട്ടിക്കൊണ്ടിരുന്നു. പിന്നീട് അടുത്തുള്ള തെങ്ങിൽക്കയറി ഒരു ഇളനീർ പറിച്ച് ചെത്തി അച്ഛന് കൊടുത്തി. അച്ഛനത് ആസ്വദിച്ച് കുടിച്ചു. അതിമധുരവും ഔഷധ ഗുണവുമുള്ള ഇളനീർ അച്ഛന് ഉന്മേഷമുണ്ടാക്കി എന്നത് അച്ഛന്റെ മുഖഭാവം കണ്ടാലറിയാം.

അച്ഛന്റെ സംഭാഷണങ്ങളിലൂടെയാണ് തെങ്ങു കൃഷി ഒരു ലഹരിയായി ഉണ്ണിക്കുട്ടനിൽ ആവേശിച്ചത്. അങ്ങനെ മറ്റ് ഏതൊരു ജോലിയേക്കാളും തെങ്ങ് കർഷകനാകുന്നതാണ് ഉചിതമെന്ന് ഉണ്ണിക്കുട്ടന് തോന്നിയത്. ഉണ്ണിക്കുട്ടൻ ഇന്ന് നല്ലൊരു നാളികേര കർഷകനാണ്. തെങ്ങു കൃഷി ചെയ്തും കൃഷിയെ കുറിച്ച് മറ്റുള്ളവർക്ക് പറഞ്ഞു കൊടുത്തും അയാൾ ജീവിതത്തിലെ ഓരോ നിമിഷത്തേയും സമ്പന്നമാക്കുന്നു. അഭിമാനത്തോടെ സന്തോഷത്തോടെ. ■


---

# എന്റെ തെങ്ങ്

***ഗിരിജ***, സി.പി.സി.ആർ.ഐ, കാസർഗോഡ്

നിത്യ ഹരിതയാം ദൈവത്തിൻ നാട്ടിൽ
നിൽക്കുന്നുവല്ലോ നീ പ്രൗഢ ഗംഭീരയായ്
എന്തൊരു പൊക്കമൊണെന്തൊരു ചന്തമാണ-
ന്നിട്ടുമെന്തൊരു ഭവ്യതയും
നോക്കി നിൽക്കുന്നു ഞാൻ നിർന്നിമേഷം നിന്നെ
കണ്ണിന് കൗതുകത്തോടെയന്നും
കേരമില്ലാത്തൊരു കേരളമില്ലല്ലോ
മലയാള നാടിന്റെ അടയാളമല്ലോ നീ...
മണ്ണുവാരിക്കളിച്ചോരൻ ബാല്യത്തിൽ
ഞാനറിഞ്ഞില്ല നിന്റെ വൈഭവം
ദൈവസന്നിധി പൂകിയോരച്ഛന്റെ
ഓർമ്മയും കൂടിയാണെനിക്കിന്നു നീ...
നിന്റെയീർക്കിലികൊണ്ടെന്റെയമ്മ
വൃത്തിയാക്കിയതോർക്കുന്നു ഞാനിന്ന്

നാലുകെട്ടും, നടുമുറ്റവും
ഒപ്പമെന്റെയാ കുഞ്ഞു നാക്കും...
കുഞ്ഞു മെയ്യിലെ എണ്ണയും പിന്നെ,
കുഞ്ഞു ചുണ്ടിലെ നല്ലിളം കള്ളും
മണ്ണപ്പം ചുട്ടൊരാ കണ്ണഞ്ചിരട്ടയും
നിന്റെ ദാനമാണെന്നറിഞ്ഞതെയില്ല ഞാൻ
പ്രത്യുപകാരങ്ങളൊന്നും പ്രതീക്ഷിക്കാതെ
തണ്ണീരമൃത് നീ പേറി നിൽക്കുന്നുവോ
മാധുര്യമുള്ളോരാ നിന്നിളനീരിന്റെ
സ്വാദറിയാത്തവരുണ്ടോയീ നാട്ടിൽ
ഇല്ല ചിന്തിക്കാനാവില്ലൊരിക്കലും
വീര പഴശ്ശിതൻ നാടിന്റെ മക്കൾക്ക്
തേങ്ങയില്ലാത്തൊരു സദ്യവട്ടവും, പിന്നെ
കുരുത്തോലയില്ലാത്തൊരു കളിയാട്ടക്കാലവും
വാനിടം തേടി നീ വളർന്നീടവേ
മന്ദമാരുതൻ നിന്നെ മെല്ലെത്തലോടവെ
പീലികൾ വീശിയാടുന്നുവോ നീ
മോഹവിവശയാം മായാമയൂരം പോൽ
ആശ്രിതർക്കെന്നും അക്ഷയ പാത്രമായി
കാല ദോഷങ്ങൾ കൂസാതെ നിൽക്കവെ
കൂടുകൾ കൂട്ടുന്നു നിന്നോലത്തുമ്പിതിൽ
ഭേദഭാവം വെടിഞ്ഞോലേഞ്ഞാലികൾ
കൈരളിക്കെന്നും പൊൻകണിയായി
മാനവർക്കെന്നും കൽപവൃക്ഷമായ്
വാഴ്കയീ മണ്ണിലുമെന്നോർമ്മയിലും
നിന്നെ വാഴ്ത്തുവാൻ വാക്കുകൾ ദുർബലം.





# കിളിയൊച്ച

**ഡോ.സരസ്വതി ശർമ്മ**

മടുത്തപ്പോൾ ഗോപിക പുസ്തകം അടച്ചു. പരീക്ഷ അടുക്കുമ്പോൾ തല ഒരു തീച്ചൂള ആകുകയാണ് അവൾക്ക് പതിവ്. പിരിമുറുക്കം അയയ്ക്കാനായി ടെറസിന്റെ വിശാലതയിലേക്ക് പിന്നെ അലസമായി നടന്ന് കയറി. ഷവർമ്മയുടേയും മസാലദോശയുടേയും മണത്തിൽ നഗരാന്തരീക്ഷം മുങ്ങിയിരിക്കുന്നു. കോൺക്രീറ്റ് കാടുകൾ. വൻകുഴലിൽ നിന്നും വിളറിപിടിച്ചു പുറത്തേക്ക് ഇഴയുന്ന ഫാക്ടറികളിലെ പുകയുടെ കരിമൂർഖൻ പാമ്പുകൾ. വിഷാദം കട്ടപിടിച്ച ചക്രവാളം. മ്ലാനതയുടെ കൈവരിയിൽ പിടിച്ച് കോണി ഇറങ്ങി അകത്തളത്തിൽ എത്തി ആ പതിവു കാഴ്ചകളുടെ വിടുതലിനായി കൊതിച്ചു. ഫ്ളാസ്ക്കിലെ കരുതലിന്റെ ചായ ഗ്ലാസിലേക്ക് ഊറ്റുമ്പോൾ കിട്ടിയ മണത്തിൽ അവളുടെ മൂക്ക് ചുളിഞ്ഞു. മടുപ്പിന്റെ രണ്ടാമൂഴം അവളെ സിറ്റ് ഔട്ടിലെത്തിച്ചു. വാഹനങ്ങളുടെ ഇരമ്പലിൽ അസഹ്യമായി ചെവി പൊത്തിയിരിക്കുമ്പോൾ മതിലുകൾ ശ്വാസം മുട്ടിക്കുന്ന മുറ്റത്തിന്റെ കോണിലെ ചാമ്പമരം അവളെനോക്കി ചിരിക്കുന്നതായി തോന്നി.

തിടുക്കത്തിൽ നടന്ന് അതിന്റെ അരികിൽ എത്തി വെളളിമണികൾ പോലെ ചില്ലകളിൽ നിറയെ കുരുന്നുകായ്കൾ. അവളുടെ ഹൃദയത്തിൽ അപ്പോൾ സന്തോഷത്തിന്റെ ഒരു തിരയിളക്കം അനുഭവപ്പെട്ടു. അല്പം കൂടി ചേർന്നു നിന്ന് ഇലച്ചാർത്തുകൾ പൊക്കി നോക്കുമ്പോൾ ആ കണ്ണുകൾ കൗതുകം കൊണ്ട് വിടർന്നു. പവിഴകൂണുക്ക് ഇട്ടപോലെ പഴുത്തു ചുമന്ന ചാമ്പങ്ങകൾ. എന്ത് രസമുള്ള ഒരു കാഴ്ച! അവളുടെ കണ്ണുകൾ തിളങ്ങി. അവിടവിടെ തുടുത്ത കുറേ കുലകൾ.

അപ്പോൾ രണ്ടു മാസം മുൻപുള്ള ഒരു സന്ധ്യ അവൾ ഓർത്തു. കൂട്ടം തെറ്റി പറിച്ച് ഇവിടെ കൊണ്ട് നട്ടിട്ടാണോ നിനക്ക് ഈ പരിഭവം. എങ്കിൽ നീ ഒന്ന് കേൾക്കണം. അതിന്റെ തളിരിലകളുടെ കവിളിൽ തലോടി അവൾ തുടർന്നു. സ്കൂളിലെ മറ്റു ചെങ്ങാതികൾ ആരും എടുത്തില്ലല്ലോ നിന്നെ. അവർക്ക് നിന്നോട് പുച്ഛമായിരുന്നു. തിരിഞ്ഞ് ഒന്നു നോക്കുകപോലും ചെയ്തില്ല!

അവർക്ക് എല്ലാം വേണ്ടത് മറ്റ് ഇനം തൈകളായിരുന്നു. പക്ഷേ, എനിക്ക് ഇഷ്ടം നിന്നെ ആയിരുന്നു. പെട്ടെന്ന് എന്തോ ഒരു കാര്യം ഓർത്തിട്ട് എന്നപോലെ അവൾ അടക്കാനാവാത്ത സന്തോഷത്തോടെ അകത്തേക്ക് ഓടി. മൊബയിലിനായി മേശപ്പുറം തിരയുമ്പോൾ പുറത്ത് ഒരു കിളിയൊച്ച! അത്ഭുതമടക്കി ചില്ലുജാലകം മെല്ലെ ഒതുക്കി ആകാംക്ഷയുടെ കണ്ണുകളെ പുറത്തേക്ക് ഇട്ടു.

ചാമ്പച്ചില്ലയിലെ ഇലയനക്കത്തിലേക്ക് അവളുടെ മിഴികൾ ഊളിയിട്ടു. എന്ത്! ഒരു കിളിയുടെ ചാഞ്ചാട്ടം! അവൾക്ക് കൊതി അടക്കാൻ പറ്റുന്നില്ല. അതിന്റെ അഴക് പകർത്താനായി മൊബയിൽ ഫോൺ കയ്യിലെടുത്തു. അപ്പോഴേക്കും ഒരു കിളി കൂടി വന്നു. നിമിഷങ്ങൾക്കകം ഈശ്വരാ! രണ്ട് കുഞ്ഞിക്കിളികൾ കൂടി വന്നു. പിന്നെ എന്താ മേളം! ചില്ലയ്ക്കലും കുരുന്നു കായ്കൾ കൊത്തലും പരസ്പരം കൊത്തലും കൊമ്പ് അനക്കി അങ്ങും ഇങ്ങും പറക്കലും. വായിൽ കൊള്ളാത്ത വെള്ളിമണികൾ തുരുതുരെ മണ്ണിലേക്ക് പൊഴിയ്ക്കലും. ആകെ ഒരു കൊച്ച് ഉത്സവമേളം. അവളുടെ മൊബയിൽ ക്യാമറ പലവട്ടം കണ്ണുകൾ തുറന്നു. എന്തൊരു ലോകമാണ് ഈ പക്ഷികളുടേത്. അമ്മക്കിളി... അച്ഛൻകിളി... പിന്നെ കുഞ്ഞിക്കിളികൾ. സന്തുഷ്ട കുടുംബം. കിളികളുടെ ചിറകടി അകന്നപ്പോൾ അവൾ ചാമ്പമരത്തിന്റെ അരികിൽ വീണ്ടുമെത്തി. സംതൃപ്തിയുടെ ആധിക്യത്തിൽ അതിന്റെ ഇലകൾ തലയാട്ടുന്നു. ആ ചെറുമരത്തിന് ആകെയൊരു ഉണർവ്വ്. കിളികളുടെ ലോകത്തെ ഹൃദയത്തിലിട്ട് താലോലിച്ച് കിടക്കയിലേക്ക് ഒന്നു ചായുമ്പോൾ വിളി.... അവളെ വാതില്ക്കലോളം എത്തിച്ചു. പൂത്തിരിവെട്ടം പോലെ സന്തോഷത്തിൽ കുളിച്ചു നില്ക്കുന്ന മകളെ കണ്ട് അമ്മ അമ്പരന്നു. എന്താ... മോളെ അമ്മയുടെ സംശയത്തിന് പുറം തിരിഞ്ഞോടിയ അവൾ മൊബയിലുമായി പെട്ടെന്ന് തിരിച്ചെത്തി ആ ദൃശ്യവിസ്മയം ഒന്നൊന്നായി കാട്ടി. അപ്പോൾ അമ്മയുടെ ഉൾക്കണ്ണിൽ തിരിച്ചറിവിന്റെ ചിറകനക്കം നൊമ്പരത്തോടെ അനുഭവപ്പെട്ടു. പെട്ടെന്ന് അവർ സ്നേഹോഷ്മളതയിൽ മോളെ മതിവരാതെ ഗാഢം ഗാഢം പുണർന്നു. ■

# വനിത മാക്സിൽ നീരയ്ക്കും മറ്റ് മൂല്യവർദ്ധിത ഉത്പന്നങ്ങൾക്കും വൻ ഡിമാന്റ്




*നാളികേര വികസന ബോർഡിന്റെ സ്റ്റാൾ*

മലയാള മനോരമ ദിനപത്രത്തിന്റെ നേതൃത്വത്തിൽ ഏപ്രിൽ 1 മുതൽ 10 വരെ തിരുവനന്തപുരം കനകക്കുന്ന് ഗ്രൗണ്ടിൽ നടന്ന വനിത മാക്സ് പ്രദർശന മേളയിൽ നാളികേര വികസന ബോർഡ് പങ്കെടുത്തു. തിരുവനന്തപുരം നാളികേര ഉത്പാദക കമ്പനിയുടെ നീര, നീരയുത്പന്നങ്ങളായ ശർക്കര, നീര ഹണി, നീര മിഠായി തുടങ്ങിയ ഉത്പന്നങ്ങൾ വിറ്റഴിഞ്ഞു. കേരടെക് കമ്പനിയുടെ വെർജിൻ വെളിച്ചെണ്ണയ്ക്കും വൻ ഡിമാന്റുണ്ടായിരുന്നു. നീരയുടെയും മറ്റു ഉത്പന്നങ്ങളുടെയും വേറിട്ട രുചി സന്ദർശകരെ സ്റ്റാളിലേയ്ക്ക് ആകർഷിച്ചു. ദേശീയ അവാർഡ് ജേതാവായ സുധുകുമാറിന്റെ കരകൗശല വസ്തുകളുടെ പ്രദർശനവും, വിൽപ്പനയും മേളയെ ആകർഷകമാക്കി.

# മാതൃഭൂമി കാർഷിക മേളയിൽ നാളികേര വികസന ബോർഡ് പങ്കെടുത്തു

ഏപ്രിൽ 1 മുതൽ 5 വരെ കണ്ണൂർ പയ്യന്നൂരിൽ നടന്ന മാതൃഭൂമി കാർഷിക മേളയിൽ നാളികേര വികസന ബോർഡ് പങ്കെടുത്തു. തേജസ്വിനി കമ്പനിയുടെ നീരയും, നീരയുത്പന്നങ്ങളും, വെളിച്ചെണ്ണ, നീര ഹണി, നാറ്റാ ന്യൂട്രിക്കോ കമ്പനിയുടെ വിവിധ ഫ്ളേവറുകളിലുള്ള നാറ്റ ഡികോക്കോ, സർജിക്കൽ ഷീറ്റ്, ബാഗ്, ശീതളപാനീയമായ പ്ലിംഗ്, ദിനേശ് ഫുഡ്സിന്റെ വിർജിൻ കോക്കനട്ട് ഓയിൽ എന്നിവയ്ക്കും വൻ ഡിമാന്റുണ്ടായിരുന്നു. നീരയുടെ വേറിട്ട രുചി സന്ദർശകരെ സ്റ്റാളിലേയ്ക്ക് ആകർഷിച്ചു.





*നാളികേര വികസന ബോർഡിന്റെ സ്റ്റാൾ*

# 12–ാമത് ജൈവ കാർഷിക മേളയിൽ നാളികേര വികസന ബോർഡ് പങ്കെടുത്തു



*നാളികേര വികസന ബോർഡിന്റെ സ്റ്റാൾ*

ഓർഗാനിക് കേരള ചാരിറ്റബിൾ ട്രസ്റ്റിന്റെ നേതൃത്വത്തിൽ ഏപ്രിൽ 7 മുതൽ 11 വരെ എറണാകുളം രാജേന്ദ്ര മൈതാനിയിൽ നടന്ന 12–ാമത് ജൈവ കാർഷിക മേളയിൽ നാളികേര വികസന ബോർഡ് പങ്കെടുത്തു. കേരടെക് കമ്പനിയുടെ വെർജിൻ വെളിച്ചെണ്ണ, തിരുകൊച്ചി കമ്പനിയുടെ നീരയും, നീരയുത്പന്നങ്ങളും, വെളിച്ചെണ്ണ, നീര ഹണി, ദിനേശ് ഫുഡ്സിന്റെ വിർജിൻ കോക്കനട്ട് ഓയിൽ, സൂര്യശോഭയുടെ തേങ്ങാപ്പാൽ പൊടി എന്നിവയ്ക്ക് മേളയിൽ വൻ ഡിമാന്റുണ്ടായിരുന്നു. നീരയും, നീരയുത്പന്നങ്ങളും സന്ദർശകരെ സ്റ്റാളിലേയ്ക്ക് ആകർഷിച്ചു.

# ഓണാട്ടുകര കമ്പനി നാളികേര സംഭരണം ആരംഭിച്ചു



ഓണാട്ടുകര നാളികേര ഉത്പാദക കമ്പനിയുടെ ആഭിമുഖ്യത്തിൽ കർഷകരിൽ നിന്നുള്ള നാളികേര സംഭരണം ആരംഭിച്ചു. നാളികേര സംഭരണത്തിന്റെ ഉദ്ഘാടനം ആലപ്പുഴ എംപി കെസി വേണുഗോപാൽ, ഏപ്രിൽ 3ന് മുതുകുളത്ത് നിർവഹിച്ചു. നാളികേര വികസന ബോർഡ് അസിസ്റ്റന്റ് ഡയറക്ടർ (മാർക്കറ്റിംഗ്) കെ എസ് സെബാസ്റ്റ്യൻ മുഖ്യപ്രഭാണം നടത്തി. ഓണാട്ടുകര കമ്പനി ചെയർമാൻ കറ്റാനം ഷാജി സമ്മേളനം ഉദ്ഘാടനം ചെയ്തു. കമ്പനി ചീഫ് എക്സിക്കുട്ടിവ് ഓഫീസർ ഡോ.രമണി ഗോപാലകൃഷ്ണൻ മറ്റു ജനപ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

നാളികേരം കിലോഗ്രാമിന് 29 രൂപ നിരക്കിലാണ് കമ്പനി കൃഷിക്കാരിൽ നിന്നു നാളികേരം സംഭരിക്കുന്നത്. ഇതിനോടകം 155 ടൺ നാളികേരം സംഭരിച്ചു കഴിഞ്ഞു. നാളികേരത്തിനു തൃപതികരമായ വില റൊക്കം ലഭിക്കുന്നതിനാൽ കൃഷിക്കാരും സംതൃപ്തരാണ്. മുമ്പ് മധ്യവർധികളുടെ ചൂഷണത്തിനു വിധേയരായിരുന്ന നാളികേര കൃഷിക്കാർക്ക് ഓണാട്ടു കര കമ്പനി വലിയ പ്രതീക്ഷയാണു നല്കുന്നത്.

കേരളത്തിൽ 13-മതു കമ്പനിയായിട്ടാണ് ഓണാട്ടുകര രജിസ്റ്റർ ചെയ്യപ്പെട്ടത്. കമ്പനിയുടെ ഔപചാരിക ഉദ്ഘാടനം അടുത്തമാസം നടക്കും. മികച്ച ഗുണനിലവാരമുള്ള വെളിച്ചെണ്ണയാണ് കമ്പനിയുടെ പ്രഥമ ഉത്പ്പന്നമായി വിപണിയിൽ എത്തുക. അടുത്ത ഘട്ടത്തിൽ വെർജിൻ കോക്കനട്ട് ഓയിൽ ചിപ്സ്, കുക്കീസ് മറ്റ് മൂല്യ വർധിത ഉത്പ്പന്നങ്ങൾ എന്നിവയും കമ്പനി വിപണിയിൽ ഇറക്കും. അഞ്ചു കോടിയുടെ മൂലധന നിക്ഷേപമാണ് കമ്പനി നടത്തിയിരിക്കുന്നത്. 400 ഓഹരി ഉടമകൾ ഉള്ള കമ്പനിക്ക് കീഴിൽ 280 സംഘങ്ങളും 21 ഫെഡറേഷനുകളും 22000 കൃഷിക്കാരും ഉണ്ട്. രണ്ടു കോടിയുടെ ഓഹരി മൂലധനനിക്ഷേപം സ്വന്തമായുള്ള കമ്പനിക്ക് ഗവണ്മെന്റിൽ നിന്നുള്ള ഇക്വിറ്റി ഗ്രാന്റും ലഭിച്ചിട്ടുണ്ട.

# കുറിയ ഇനം തൈകൾ വിതരണം ചെയ്തു



ചേളന്നൂർ ബ്ലോക്ക് ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ നാളികേര വികസന ബോർഡിന്റെ അംഗീകൃത ഫാമുകളിൽ നിന്നും ശേഖരിച്ച കുറിയ ഇനം തെങ്ങിൻ തൈകളുടെ വിതരണം പുന്നശ്ശേരിയിൽ പ്രവർത്തിക്കുന്ന കൊപ്രാ ഡ്രയറിനടുത്ത് ചേർന്ന ചടങ്ങിൽ കാക്കൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് സി.പി. നരേന്ദ്രനാഥ് ഉദ്ഘാടനം ചെയ്തു. കൃഷി വകുപ്പിൽ നിന്നും വിരമിച്ച അസി. ഡയറക്ടർ പി. കെ. മുഹമ്മദ്, കെ. വത്സല എന്നിവരാണ് തൈകൾ ഏറ്റുവാങ്ങിയത്. ഫെഡറേഷന്റെ കീഴിലുള്ള 24 സംഘങ്ങൾക്ക് 3000 തൈകളാണ് ഈ വർഷം വിതരണം ചെയ്തത്. അടുത്ത വർഷം 5000 തൈകളാണ് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നത്. ഉൽപാദക സംഘങ്ങളിലെ മുഴുവൻ കർഷകരേയും ഈ പദ്ധതിയിൽ പങ്കാളികളാക്കാനാണ് ഫെഡറേഷൻ പദ്ധതികൾ ആവിഷ്ക്കരിച്ചിരിക്കുന്നത്. ഓരോ വർഷം കഴിയും തോറും അത്യുൽപ്പാദന ശേഷിയുള്ള കുള്ളൻ തൈകൾക്ക് ആവശ്യക്കാർ ഏറിവരികയാണ്. ചടങ്ങിൽ ഫെഡറേഷൻ പ്രസിഡന്റ് പി. മുഹമ്മദ് മാസ്റ്റർ അദ്ധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് കെ. ജനാർദ്ദനൻനായർ, കെ. വത്സല, പി. കെ. മുഹമ്മദ് എന്നിവർ സംസാരിച്ചു.

# തളി ഉൽപാദക സംഘത്തിന് പുതിയ ഭാരവാഹികൾ

നന്മണ്ട തളി നാളികേരോൽപാദക സംഘത്തിന്റെ മൂന്നാമത് ജനറൽ ബോഡി യോഗം 12.3.2017 ന് നന്മണ്ട വ്യാപാര ഭവൻ ഹാളിൽ നടന്നു. 2017-18 വർഷത്തേക്കുള്ള ഭാരവാഹികളായി സി. കെ. നമ്പൂതിരി (പ്രസിഡന്റ്) മുടത്ത്യലത്ത് പ്രദീപൻ (വൈസ് പ്രസിഡന്റ്) സി. ശ്രീധരൻ, ശ്രീ. സി. ചോയിക്കുട്ടി, എൻ. കെ. ഉണ്ണി കൃഷ്ണൻ നമ്പ്യാർ, പി. കെ. വിജയൻ, കെ. സുരേഷ് കമ്മിറ്റി അംഗങ്ങൾ എന്നിവരെ തെരഞ്ഞെടുത്തു.

കേര കർഷകർ ചകിരിയുടെ വിപണനം നടത്തുവാൻ ബുദ്ധിമുട്ടുന്നു. അതിനാൽ കയർ വ്യവസായ സംഘങ്ങൾക്ക് ആവശ്യമായ ചകിരി പൂഴ്ത്തുന്നതിനും, ഫൈബർ ഉണ്ടാക്കുന്നതിനുമായി, കേരളത്തിലെ നാളികേര ഉൽപാദക സംഘങ്ങൾ വഴി ചകിരി ശേഖരിച്ച് കയർ സഹകരണ സംഘങ്ങൾക്കും, കയർ കോർപ്പറേഷനും, ചകിരി നാരും മറ്റും വിപണനം നടത്തുവാൻ കൊടുക്കണമെന്ന് കേരള ഗവൺമെന്റിനോട് തളി നാളികേരോൽപാദക സംഘം ജനറൽ ബോഡി യോഗം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.

# കടത്തനാട് കമ്പനിയുടെ നീര പ്ലാന്റ് ഉദ്ഘാടനം ചെയ്തു




*കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയുടെ മൂല്യവർദ്ധിത ഉത്പന്ന യൂണിറ്റ് മന്ത്രി ജി. സുധാകരൻ ഉദ്ഘാടനം ചെയ്യുന്നു*

കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയുടെ നാളികേര മൂല്യവർദ്ധിത ഉത്പന്ന യൂണിറ്റ് കുറ്റ്യാടി പഞ്ചായത്തിലെ നടുപ്പൊയിലിൽ 2017 മാർച്ച് 24ന് പൊതുമരാമത്ത് വകുപ്പു മന്ത്രി ജി. സുധാകരൻ ഉദ്ഘാടനം ചെയ്തു. പ്ലാന്റിന്റെ സ്വിച്ച് ഓൺ കർമ്മവും മന്ത്രി നിർവ്വഹിച്ചു.

പ്രകൃതിയെയും കാർഷിക മേഖലയേയും സംരക്ഷിക്കാൻ പൗര സംസ്ക്കാരം വളർത്തണമെന്ന് ഉദ്ഘാടന ചടങ്ങിൽ മന്ത്രി അഭിപ്രായപ്പെട്ടു. ശാസ്ത്ര സാങ്കേതിക രംഗത്ത് നേട്ടമുണ്ടാക്കാൻ കഴിഞ്ഞെങ്കിലും കാർഷിക വിളകളുടെ രോഗങ്ങൾക്ക് പരിഹാരം കാണാൻ സാങ്കേതിക വിദ്യയ്ക്ക് കഴിയുന്നില്ല എന്ന് മന്ത്രി പറഞ്ഞു.

കടത്തനാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡിന്റെ ചെയർമാൻ പി. ജി. ജോർജ്ജ് മാസ്റ്റർ അദ്ധ്യക്ഷനായിരുന്നു. കമ്പനിയുടെ വൈസ് ചെയർമാൻ പി.ടി. വാസുദേവൻ സ്വാഗതം ചെയ്തു. കമ്പനിയുടെ ഡയറക്ടർ കെ. കെ. ലതിക പ്രവർത്തനറിപ്പോർട്ട് അവതരിപ്പിച്ചു. ശ്രീ. ഇ. കെ. വിജയൻ എം. എൽ.എ രണ്ടാം ഘട്ട ഷെയർ സമാഹരണം ഉദ്ഘാടനം ചെയ്തു. അഡ്വ. പി.സി. മോഹനൻ മാസ്റ്റർ ലോഗോ പ്രകാശനം ചെയ്തു. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ, കെ. പി. രാജൻ, കെ. എസ്. സെബാസ്റ്റ്യൻ (നാളികേര വികസനബോർഡ്) കെ. കൃഷ്ണൻ, പ്രമോദ് കക്കട്ടിൽ, പി. അമ്മദ് മാസ്റ്റർ, രാമദാസ് മണലേരി, ജോൺ പുരുക്കുഴി ബിജു കായക്കൊടി, സി. കെ. വിജയൻ, കെ. സജിത്ത്, ഇ. കെ. നാണു എന്നിവർ സംസാരിച്ചു. കമ്പനിയുടെ ഡയറക്ടർ കെ. ജി. രാധാകൃഷ്ണൻ നന്ദിയും പറഞ്ഞു.

# കോഴിക്കോട് കമ്പനി പച്ചത്തേങ്ങ സംഭരണം തുടങ്ങി




കോഴിക്കോട് കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ കോക്കനട്ട് കോംപ്ലക്സിൽ പച്ചത്തേങ്ങ സംഭരണം നാളികേര വികസന ബോർഡ് വൈസ് ചെയർമാൻ പി.സി. മോഹനൻ ഉദ്ഘാടനം ചെയ്തു. പൊതു മാർക്കറ്റിനേക്കാൾ കൂടുതൽ വിലകൊടുത്ത് കർഷകരിൽ നിന്നും നേരിട്ട് പച്ചത്തേങ്ങ സംഭരിച്ച് വെളിച്ചെണ്ണ ഉൽപാദിപ്പിച്ച് കമ്പനി വിൽപന നടത്തുമെന്ന് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച ചെയർമാൻ ശ്രീ. പി. പ്രദീപ് കുമാർ അറിയിച്ചു. കോഴിക്കോട് കമ്പനിയുടെ പരിധിയിൽ 50 സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കും. കുരുവട്ടൂർ ഗ്രാമ പഞ്ചിയത്ത് മെമ്പർ കെ. സി. ഭാസ്ക്കരൻ താമരശ്ശേരി കമ്പനി ചെയർമാൻ കെ. കെ. അബ്ദുൾ റഹിമാൻ, ഡയറക്ടർമാരായ സി. കെ. മുഹമ്മദ്, ടി. ചന്ദ്രൻ, പുത്തൂർ മഠം, ഫെഡറേഷൻ പ്രസിഡന്റ് പി. ഹരിദാസൻ തുടങ്ങിയവർ സംസാരിച്ചു. മാനേജിംഗ് ഡയറക്ടർ ടി. കെ. സൗമീന്ദ്രൻ സ്വാഗതവും ഡയറക്ടർ ഇ. പരമേശ്വരൻ നന്ദിയും പറഞ്ഞു.

വൈസ് ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ട പി.സി. മോഹനൻ മാസ്റ്റർക്ക് കോഴിക്കോട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയുടെ ആഭിമുഖ്യത്തിൽ സ്വീകരണം നൽകി. കമ്പനി ചെയർമാൻ പി. പ്രദീപ്കുമാറിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സ്വീകരണ യോഗത്തിൽ ഡയറക്ടർ തിരുവിലത്ത് ചന്ദ്രൻ വൈസ് ചെയർമാനെ പൊന്നാട അണിയിച്ചു.

# ആറളത്ത് കൊപ്ര ഡ്രയർ ഉദ്ഘാടനം ചെയ്തു



ആറളം കൽപവൃക്ഷ നാളികേര ഫെഡറേഷന്റെ കൊപ്ര ഡ്രയർ 2.4.2017 ന് പേരാവൂർ നിയോജക മണ്ഡലം എം. എൽ.എ. അഡ്വ. സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്തു. യോഗത്തിൽ ആറളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ഷിജി നടുപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. നാളികേര സംഭരണം ഉദ്ഘാടനം ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എൻ.റ്റി. റോസമ്മയും, ബ്ലോവർ സ്വിച്ച് ഓൺ കർമ്മം കണ്ണൂർ എസ്.ബി.ഐ ചീഫ് മാനേജർ ശ്രീ. റിതേഷ് എ. കെ.യും ഫെഡറേഷന്റെ ഓഫീസ് ഉദ്ഘാടനം ഇരിട്ടി നാളികേര കമ്പനി ചെയർമാൻ എൻ. ജെ. ജോസഫും നിർവ്വഹിച്ചു. കണ്ണൂർ ജില്ലാ പഞ്ചായത്ത് മെമ്പർമാരായ ശ്രീ. തോമസ് വർഗ്ഗീസ്, ശ്രീ. മാർഗരറ്റ് ജോസ് ആറളം ഗ്രാമപഞ്ചായത്ത് മെമ്പർമാരായ ശ്രീ. എം. കെ. ശശി, ശ്രീമതി. ഷാന്റി പഴയതോട്ടത്തിൽ ഇരിട്ടി നാളികേര കമ്പനിയുടെ ഡയറക്ടർമാരായ റ്റി.എ. അഗസ്റ്റിൻ ശ്രീകുമാർ കൂടത്തിൽ മുഹമ്മദ് ബഷീർ, ജോസ് മാപ്പിളപ്പറമ്പിൽ, വി. കെ. ജോസഫ് മത്തായി മൂലേച്ചാലിൽ, ജോസ് പൂമല, കീഴ്പ്പള്ളി വ്യാപാരി വ്യവസായി ഏകോപന സമിതി സെക്രട്ടറി റഷീദ് പാനേരി എന്നിവർ ആശംസകൾ അർപ്പിച്ചു. ഫെഡറേഷൻ പ്രസിഡന്റ് പി. സി. സ്കറിയ സ്വാഗതവും സെക്രട്ടറി കെ. എം. പീറ്റർ നന്ദിയും രേഖപ്പെടുത്തി.

ഉദ്ഘാടനം നടത്തിയ കൊപ്ര ഡയറിന്റെ കെട്ടിടം 2000 സ്ക്വയർ അടിയിൽ കൂടുതൽ വിസ്തീർണ്ണം ഉള്ളതാണ്. കെട്ടിടത്തിനും ഡ്രയറിനും കൂടി 26 ലക്ഷം രൂപ ചിലവ് വന്നിട്ടുണ്ട്. ദിവസം 10000 തേങ്ങ കൊപ്ര ആക്കി മാറ്റുന്നതിന് ഡ്രയറിന് ശേഷിയുണ്ട്. പൊതു മാർക്കറ്റിൽ നിന്നും മാർക്കറ്റ് വിലയിൽ 2 രൂപ അധികം കൊടുത്ത് ഇരിട്ടി കമ്പനിയുടെ മെമ്പർമാരിൽ നിന്നും നാളികേരം സംഭരിക്കുന്നതിനും, ഉണക്കി എടുക്കുന്ന കൊപ്ര വെളിച്ചെണ്ണ ഉത്പാദിപ്പിക്കുന്നതിന് ഇരിട്ടി നാളികേര കമ്പനിയെ ഏൽപ്പിക്കുന്നതിനുമാണ് ഫെഡറേഷൻ ലക്ഷ്യമിട്ടിട്ടുള്ളത്. ഡ്രയറിൽ ദിവസവും 15 ലധികം പേർക്ക് തൊഴിൽ നൽകുന്നതിനും സാധിക്കും.

ആറളം കൽപവൃക്ഷ കോക്കനട്ട് ഫെഡറേഷന്റെ ഡ്രയർ ഉത്ഘാടനത്തോടനുബന്ധിച്ച് നാളികേര സംഭരണം ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. എൻ.ടി. റോസമ്മ നിർവ്വഹിച്ചു.

ആറളം കൽപ്പവൃക്ഷ കോക്കനട്ട് ഫെഡറേഷന്റെ ഡ്രയർ പേരാവൂർ എം. എൽ.എ. അഡ്വ. സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്തു. ഫെഡറേഷൻ പ്രസിഡന്റ് പി.സി. സ്കറിയ ഇരിട്ടി കോക്കനട്ട് കമ്പനിയുടെ ഡയറക്ടർമാരായ ജോസ്, പൂമല മത്തായി, മൂലേഞ്ചാലിൽ ചെയർമാൻ എൻ. ജെ. ജോസഫ് ജില്ലാ പഞ്ചായത്ത് മെമ്പർ തോമസ് ഐറിസ്, ആറളം സർവ്വീസ് സഹകരണ ബ്ലോക്ക് പ്രസിഡന്റ് കെ. ജെ. തോമസ് ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. എൻ. ടി. റോസമ്മ, ആറളം പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ഷിജി നടുപ്പറമ്പിൽ, ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീമതി മാർഗരറ്റ് ജോസ്, പഞ്ചായത്ത് മെമ്പർ എം. കെ. ശശി എന്നിവർ പങ്കെടുത്തു.

# നാളികേര സംസ്ക്കരണ കേന്ദ്രത്തിന് തറക്കല്ലിട്ടു

തെങ്ങ് കൃഷി പുനരുദ്ധാരണത്തിന്റെ ഭാഗമായി കുന്നംകുളം നഗരസഭ നിർമ്മിച്ച് നൽകുന്ന നാളികേര സംസ്ക്കരണ കേന്ദ്രത്തിന് തറക്കല്ലിട്ടു. ചിറ്റഞ്ഞൂരിൽ നഗരസഭ നൽകിയ 14 സെന്റ് സ്ഥലത്താണ് കെട്ടിടം പണിയുന്നത്.



ആർത്താറ്റ്, കുന്നംകുളം നാളികേര ഉത്പാദക ഫെഡറേഷനു വേണ്ടി അഞ്ച് ലക്ഷം രൂപ ഉപയോഗിച്ചാണ് നാളികേരം സംഭരിക്കാൻ കെട്ടിടം പണിയുന്നത്. തെങ്ങ് കർഷകരിൽ നാളികേരം ശേഖരിക്കാനും കൂടുതൽ പേരെ കൃഷിയിലേക്ക് ആകർഷിക്കാനും പുതിയ സംരംഭത്തിന് കഴിയുമെന്ന് പ്രസിഡന്റ് ശശികുമാർ പേരോത്ത് പറഞ്ഞു. ചടങ്ങിൽ നഗരസഭാ ചെയർപേഴ്സൺ സീത രവീന്ദ്രൻ തറക്കല്ലിട്ടു. കെ. കെ. മുരളി അധ്യക്ഷനായി. ഗീത ശശി, സുമ ഗംഗാധരൻ, മിഷ സെബാസ്റ്റ്യൻ, ഒ. ജി. ബാജി, ഗംഗാദത്തൻ, എ. ജമീലാബീവി, കെ. എം. സൈനുദ്ദീൻ തുടങ്ങിയവർ പ്രസംഗിച്ചു.

# ദിനേശ് ഫുഡ്സിൽ നാളികേര ഉത്പന്ന നിർമ്മാണ പരിശീലനം



*പരിശീലന പരിപാടി പശസ്ത പാചക വിദഗ്ധൻ ശ്രീ. പഴയിടം മോഹനൻ നമ്പൂതിരി കണ്ണൂർ ദിനേശ് ഓഡിറ്റോറിയത്തിൽ നിർവ്വഹിക്കുന്നു.*

ദിനേശ് ഫുഡ്സ് ഉത്പാദിപ്പിക്കുന്ന തേങ്ങാ ഉൽപന്നങ്ങളായ തേങ്ങാപ്പാൽ, തേങ്ങാപ്പൊടി, തേങ്ങാ ചിപ്സ്, എന്നിവ ഉപയോഗിച്ച് പുതു സംരംഭകർക്ക് ഉണ്ടാക്കാവുന്ന വിവിധതരം പായസം, ഹൽവ, അപ്പം, പാലപ്പം, കിണ്ണത്തപ്പം, വെജിറ്റേറിയൻ നോൺ വെജിറ്റേറിയൻ സ്റ്റ്യൂ, തേങ്ങാപ്പാൽ ഐസ്ക്രീം എന്നിവ ഉണ്ടാക്കുന്നതിന് ദിനേശ് ഫുഡ്സ് സൗജന്യ പരിശീലന പരിപാടി സംഘടിപ്പിച്ചു. പാചക കുലപതി എന്ന പേരിൽ അറിയപ്പെടുന്ന പ്രശസ്ത പാചക വിദഗ്ധൻ ശ്രീ. പഴയിടം മോഹനൻ നമ്പൂതിരി കണ്ണൂർ ദിനേശ് ഓഡിറ്റോറിയത്തിൽ നിർവ്വഹിച്ചു. ചടങ്ങിൽ കേന്ദ്ര സംഘം ചെയർമാൻ ശ്രീ. സി. രാജൻ അദ്ധ്യക്ഷനായിരുന്നു. സെക്രട്ടറി കെ. പ്രഭാകരൻ സ്വാഗതം പറഞ്ഞു. കേന്ദ്ര സംഘം ഡയറക്ടർമാരായ വി. ബാലൻ, വി.പി. മല്ലിക, ഓഫീസ് മാനേജർ ആത്മജ കെ. ടി. പ്രോഗ്രാം കോ- ഓർഡിനേറ്ററും ദിനേശ് ഫുഡ്സ് പ്രൊഡക്ഷൻ മാനേജരുമായ പി. ജയരാജ്, മാർക്കറ്റിംഗ് മാനേജർ എം. സന്തോഷ കുമാർ എന്നിവർ സംസാരിച്ചു.

കേരളത്തിലെ നാളികേര കർഷകരെ നാളികേരത്തിന്റെ വിലക്കുറവിൽ നിന്നും രക്ഷിക്കുന്നതിനും നാളികേര കൃഷി ലാഭകരമല്ലാത്തതിനാൽ അത് മതിയാക്കി കേരളത്തിലെ പ്രകൃതിക്ക് അനുകൂലമല്ലാത്തതും ലാഭകരമായതുമായ മറ്റ് കാർഷിക വിളകളിലേക്ക് തിരിയുന്ന അവസ്ഥയിൽ നാളികേരത്തിന്റെ പ്രത്യേകതയും അത് മനുഷ്യ നന്മയ്ക്ക് നൽകുന്ന ഗുണങ്ങളും ലോകമെമ്പാടുമുള്ള ജനങ്ങളും മനസ്സിലാക്കി വരികയും ചെയ്യുന്ന സാഹചര്യമാണ് ഇന്നുള്ളത്. ഈ സാഹചര്യം നിലനിൽക്കുന്നത് മാത്രമാണ് നാളികേര കർഷകർക്ക് പ്രതീക്ഷ നൽകുന്നത്. കേരള ദിനേശ് പോലുള്ള സാമൂഹ്യ പ്രതിബദ്ധതയുള്ള പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളും നാളികേര കർഷകരെ സഹായിക്കുന്നതുമാണ്. കേരള ദിനേശ് കഴിഞ്ഞ 15 വർഷത്തിലധികമായി നാളികേര ഉത്പന്നങ്ങളുമായി ഈ മേഖലയിൽ പ്രവർത്തിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് 10 വർഷമായി ശക്തമായ പ്രവർത്തനങ്ങളാണ് കേരള ദിനേശ് നടത്തിക്കൊണ്ടിരിക്കുന്നത്. അത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വവുമായി ചെയർമാൻ സി. രാജൻ, സെക്രട്ടറി, കെ. പ്രഭാകരൻ എന്നിവരടങ്ങിയ ഭരണ സമിതിയുമുണ്ട്.

നാളികേര വികസന ബോർഡ് സി.പി.സിആർ.ഐ സംസ്ഥാന കൃഷി വകുപ്പ് തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രവർത്തന ഫലമായി തേങ്ങയിൽ നിന്നും മൂല്യ വർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിനും സാധിക്കുകയും പുതിയ തൊഴിൽ മേഖലകൾ തുറക്കുകയും ചെയ്തു എന്നത് വലിയ അനുഗ്രഹമായിട്ടുണ്ട്. എന്നാൽ മേൽ പ്രവർത്തനങ്ങൾകൊണ്ട് മാത്രം കേര കർഷകർക്ക് വേണ്ടത്ര ഗുണം ഉണ്ടാക്കുന്നതിന് സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിലാണ് കേരള ദിനേശ്, നാളികേരത്തിന്റെ മൂല്യ വർദ്ധിത ഉൽപന്നങ്ങൾ ഉപയോഗിച്ച് വീണ്ടും അതിനെ മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിനും ഇതുവഴി പുതിയ തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങളിലേക്ക് കടന്നിരിക്കുന്നത്. ഭക്ഷണം ഔഷധമാണ് എന്നതും നല്ല ഭക്ഷണം കഴിക്കുന്നതുകൊണ്ട് രോഗങ്ങളെ ഒരു പരിധി വരെ തടഞ്ഞു നിർത്താമെന്നും ഇന്ന് എല്ലാവരും മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ നാളികേരത്തിലുള്ള ഔഷധ ഗുണം (ലോറിക്കാസിഡ് ഉൾപ്പെടെയുള്ള ഗുണം) പൂർണ്ണമായും ഉപയോഗിക്കുന്നതിന് നാളികേര ഉൽപന്നങ്ങൾ ഉപയോഗിച്ച് വേഗത്തിലും എളുപ്പത്തിലും ഉണ്ടാക്കാവുന്ന തേങ്ങാപ്പാൽ ഉപയോഗിച്ചുള്ള പാലപ്പം, നെയ്യപ്പം, ചപ്പാത്തി, കിണ്ണത്തപ്പം, ഐസ്ക്രീം, പരിപ്പ് പ്രഥമൻ, അട പ്രഥമൻ, തുടങ്ങിയവയും വെജിറ്റബിൾ സ്റ്റ്യൂ, മട്ടൻ സ്റ്റ്യൂ, ചിക്കൻ സ്റ്റ്യൂ, വിവിധ തരത്തിലുള്ള വിഭവങ്ങളും, ദിനേശ് ഡിഹൈഡ്രേറ്റഡ് തേങ്ങാ പൗഡർ ഉപയോഗിച്ച് നിർമ്മിക്കാവുന്ന കോക്കനട്ട് ലഡു, ബർഫി, ഇലയട, മലബാറിന്റെ പ്രത്യേകമായ പൂരട, ബസുമതി, അരിയും തേങ്ങാപ്പാലും ചേർത്തിട്ടുള്ള കോക്കനട്ട് റൈസ് എന്നിവ നിർമ്മിച്ച് വ്യവസായികാടിസ്ഥാനത്തിൽ ഉൽപാദിപ്പിച്ച് വിപണനം നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും, സ്വയം തൊഴിൽ സംരംഭകരാകുന്നതിന് പ്രാപ്തരാക്കുന്നതിനും വേണ്ടിയാണ് കേരള ദിനേശ് രണ്ട് ദിവസത്തെ പ്രവൃത്തി പരിശീല പരിപാടി മാർച്ച് 29, 30 തീയതികളിൽ കണ്ണൂരിൽ നടത്തിയത്. പരിപാടിയിൽ തിരഞ്ഞെടുത്ത 60 പേർക്ക് പ്രായോഗിക പരിശീലനം നൽകി. ചടങ്ങിൽ കേരള ദിനേശിന്റെ ചെയർമാൻ സി. രാജൻ അധ്യക്ഷത വഹിച്ചു. ദിനേശിന്റെ ഈ രംഗത്തെ പ്രവർത്തനങ്ങളെ വിശദീകരിച്ചുകൊണ്ട് ഉൽപന്നത്തിന്റെ ഗുണഗണങ്ങളെപ്പറ്റി അദ്ദേഹം സംസാരിച്ചു. യോഗത്തിൽ കേന്ദ്ര സംഘം സെക്രട്ടറി കെ. പ്രഭാകരൻ, ഡയറക്ടർമാരായ വി. ബാലൻ വി.പി. മല്ലിക എന്നിവരും സംസാരിച്ചു. പരിപാടിയുടെ ആവശ്യകതയേയും പരിപാടിയെക്കുറിച്ചുള്ള വിശദീകരണവും പ്രൊഡക്ഷൻ മാനേജർ പി. ജയരാജ് വിശദീകരിച്ചു. പരിശീലന ക്ലാസ്സുകൾ ശ്രീ. പഴയിടം മോഹനൻ നമ്പൂതിരി, പി. ജയരാജ്, ജയിൻ ബാബു, വത്സല എന്നിവർ നേതൃത്വം നൽകി. പരിശീലനത്തിൽ പങ്കെടുത്ത മുഴുവൻ പേർക്കും ചെയർമാൻ സി. രാജൻ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

# മെയ് മാസത്തെ കൃഷിപ്പണികൾ

● ആർ ജ്ഞാനദേവൻ
ഡെപ്യൂട്ടി ഡയറക്ടർ,
നാളികേര വികസന ബോർഡ്, കൊച്ചി - 11



**കേരളം / ലക്ഷദ്വീപ്**

***തടംതുറന്ന് ഒന്നാമത്തെ വളപ്രയോഗം നടത്താം***

മഴക്കാലാരംഭത്തോടുകൂടി തെങ്ങിന് തടം തുറക്കാം. ചുവട്ടിൽ നിന്ന് 2 മീറ്റർ അകലത്തിൽ 25 സെ.മീ. ആഴത്തിൽ വേണം തടം തുറക്കേണ്ടത്. പച്ചിലവളവിത്ത് പാകിയിട്ടില്ലാത്ത തടത്തിൽ തടം തുറന്നയുടൻ തന്നെ ഒരു കി.ഗ്രാം കുമ്മായം വിതറുക. മണ്ണിന്റെ അമ്ലാംശം കുറയ്ക്കാനും മൂലകങ്ങളുടെ ആഗിരണം മെച്ചമാകാനും ഇതുപകരിക്കും. രണ്ടാഴ്ച കഴിഞ്ഞ് തടമൊന്നിന് 50 കി.ഗ്രാം ജൈവവളം ചേർക്കണം. കാലിവളം, കമ്പോസ്റ്റ്, കോഴിവളം, പച്ചിലവളം, മണ്ണിരക്കമ്പോസ്റ്റ് എന്നിവയാണ് ജൈവവളങ്ങൾ. ഇവ മണ്ണിന്റെ ഘടന മെച്ചപ്പെടുത്തുകയും പ്രധാന മൂലകങ്ങളും സൂക്ഷ്മ മൂലകങ്ങളും തെങ്ങിന് ലഭ്യമാക്കുകയും ചെയ്യും.

തെങ്ങിൻ തടത്തിൽ ചണമ്പ്, തോട്ടപ്പയർ, കിലുക്കാംതകര എന്നീ പച്ചിലവളച്ചെടികളുടെ വിത്തുകൾ വിതയ്ക്കുക. രണ്ടു പ്രാവശ്യം നിലം ഉഴുതിളക്കിയതിനുശേഷമാണ് വിത്തുകൾ വിതയ്ക്കേണ്ടത്. കൂടാതെ കരപ്രദേശങ്ങളിൽ തെങ്ങൊന്നിന് 1 കി.ഗ്രാം എന്ന തോതിൽ കറിയുപ്പ് മഴക്കാലത്ത് ചേർക്കുന്നത് നല്ലതാണ്. രാസവളം എല്ലാ വർഷവും മുറയ്ക്ക് ചേർത്ത് കൊടുക്കുന്ന കർഷകർ കായ്ക്കുന്ന തെങ്ങിന് 1 കി.ഗ്രാം യൂറിയ 1.5 കി.ഗ്രാം മസൂറി ഫോസ്, 2 കി.ഗ്രാം മ്യൂറിയേറ്റ് ഓഫ് പോട്ടാഷ് എന്നീ നേർ വളങ്ങൾ കൂട്ടി കലർത്തി മഴ കുറഞ്ഞ സമയത്ത് തടത്തിൽ തെങ്ങിൻ ചുവട്ടിൽ നിന്ന് 1 മീറ്റർ വിട്ട് മണ്ണിൽ ചേർത്ത് മൂടികൊടുക്കണം.

***നേഴ്സറികളിൽ വിത്ത് തേങ്ങ പാകാം***

വിത്തുതേങ്ങകൾ പാകാനും ഈ മാസം അനുയോജ്യമാണ്. തവാരണയ്ക്ക് ഒരു മീറ്റർ വീതിയും സൗകര്യം പോലെ നീളവുമാകാം. 30 സെ.മീ. ഇടയകലത്തിൽ വരികളിലായി വിത്തുതേങ്ങ പാകുക. വെള്ളം കുറവായ വിത്തു തേങ്ങകൾ പ്രത്യേകിച്ച് കുറിയ ഇനങ്ങൾ കുത്തനെ പാകുന്നതിനു പകരം കിടത്തി പാകുന്നതായിരിക്കും നല്ലത്. ഇത് പെട്ടെന്ന് മുളയ്ക്കുവാനും തൈകൾ പെട്ടെന്ന് മുളയ്ക്കുവാനും പുഷ്ടിയോടെ വളരുവാനും സഹായിക്കുന്നു. തേങ്ങ പാകിയതിനുശേഷം ഇടയ്ക്കുള്ള സ്ഥലത്ത് മണ്ണിട്ട് മേൽഭാഗം മണൽ നിരത്തണം. മണലിനു മുകളിൽ തണലിനും മണ്ണൊലിപ്പ് തടയുന്നതിനും ഉണങ്ങിയ തെങ്ങോലകൾ വിരിക്കാം. മഴ കുറവാണെങ്കിൽ നനയ്ക്കുക. തേങ്ങ ചരിച്ചോ കുത്തനെയോ പാകാം.

**പോളി ബാഗ് നഴ്സറി**

വിത്തു തേങ്ങ മുളപ്പിച്ചതിനു ശേഷം 60 X 40 സെ.മീ വലിപ്പമുള്ള പോളിത്തീൻ ബാഗുകളിലേയ്ക്ക് പറിച്ചു നട്ടും തൈകൾ തയ്യാറാക്കാം. മേൽ മണ്ണ്, മണൽ, കമ്പോസ്റ്റ് എന്ന അനുപാതത്തിൽ ചേർത്ത് തയ്യാറാക്കിയ പോട്ടിംഗ് മിശ്രിതം പോളിത്തീൻ ബാഗുകളിൽ നിറക്കാൻ ഉപയോഗിക്കാം. പറിച്ചു നടുമ്പോൾ തൈയ്ക്ക് ക്ഷതമേൽക്കാത്തതിനാൽ ഇവ നല്ല കരുത്തോടെ വളരുകയും വേഗത്തിൽ കായ്ക്കാൻ തുടങ്ങുകയും ചെയ്യും.

**പുതുതായി തെങ്ങിൻ തൈ നടാം**

പുതുതായി തൈകൾ നടുന്നതിനു വേണ്ടിയും ഈ മാസം കുഴികൾ തയ്യാറാക്കാം. തൈകൾ തമ്മിലുള്ള അകലം പൊതുവായി ശുപാർശ ചെയ്തിട്ടുള്ളത് 7.5 മീറ്ററാണ്. പശിമരാശി മണ്ണിൽ കുഴിക്ക് ഒരു മീറ്റർ വീതം നീളം, വീതി, ആഴം എന്നിവയുണ്ടാകണം. അടിയിൽ പാറയോടുകൂടിയ വെട്ടുകൽ മണ്ണാണെങ്കിൽ 1.2x1.2x1.2 മീറ്റർ അളവിൽ നീളവും വീതിയും താഴ്ചയുമുള്ള കുഴികൾ എടുക്കണം. കുഴിയുടെ അടിയിൽ നിന്ന് 60 സെ.മീ. ഉയരത്തിൽ വരെ മേൽമണ്ണും ഉണങ്ങിപൊടിഞ്ഞ ചാണകവും ചാരവും ചേർത്ത് നിറയ്ക്കുക. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ മൺകൂനകളെടുത്താവണം തൈകൾ നടേണ്ടത്. മണ്ണിടുന്നതിന് മുൻപായി തെങ്ങിൻ കുഴിയുടെ ഏറ്റവും അടിഭാഗത്തായി രണ്ടുനിര ചകിരി മലർത്തി അടുക്കി വയ്ക്കുന്നത് ഈർപ്പം നിലനിർത്താൻ സഹായിക്കുന്നു. ചെങ്കൽ പ്രദേശങ്ങളിൽ രണ്ട് കി. ഗ്രാം കറിയുപ്പ് ഇടുന്നത് മണ്ണിന് അയവ് വരാൻ സഹായകമാണ്.

***കുമിൾ രോഗങ്ങൾക്കെതിരെ ജാഗ്രത***

കൂമ്പുചീയൽ രോഗം മഴക്കാലാരംഭ ത്തോടുകൂടി പ്രത്യേകിച്ച് മലയോര മേഖലകളിൽ രൂക്ഷമാകാൻ സാദ്ധ്യതയുണ്ട്. മുൻകൂട്ടി നിയന്ത്രണോപാധികൾ സ്വീകരിച്ചില്ലെങ്കിൽ ഇത് തെങ്ങിനെ നശിപ്പിയ്ക്കും. കൂമ്പോലയ്ക്ക് ചുറ്റുമുള്ള ഒന്നോ രണ്ടോ ഓലകൾ മഞ്ഞയ്ക്കുന്നതാണ് രോഗത്തിന്റെ ആദ്യലക്ഷണം. കൂമ്പോല വാടി ഉണങ്ങുകയും ഒടിഞ്ഞു തൂങ്ങുകയും ചെയ്യുന്നു. കൂമ്പോലയുടെ മാർദ്ദവമേറിയ അടിവശം ചീഞ്ഞ് ദുർഗന്ധം വമിക്കുന്നു. രോഗമുള്ള ഭാഗം വെട്ടിമാറ്റി കത്തിച്ചുകളയുകയും വെട്ടിമാറ്റിയ ഭാഗത്ത് ബോർഡോ കുഴമ്പ് പുരട്ടുകയും വേണം. ആ ഭാഗം പോളിത്തീൻ ഷീറ്റുകൊണ്ട് പൊതിഞ്ഞു കെട്ടുകയും വേണം. സമീപമുള്ള തെങ്ങുകളിൽ രോഗം പടരാതിരിക്കുന്നതിനായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കേണ്ടതാണ്.

കാലവർഷത്തിനുമുമ്പ് ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുക. മരുന്ന് തളിക്കുന്നതിനുമുമ്പ് തെങ്ങിൻ മണ്ട വൃത്തിയാക്കുകയും കേടുപിടിച്ച ഭാഗങ്ങൾ വെട്ടിനീക്കി ചുട്ടുകളയുകയും വേണം. കൂടാതെ നടുനാമ്പിനു ചുറ്റുമുള്ള ഓലകവിളുകളിൽ ഡൈ തെയിൻ എം 45 എന്ന കുമിൾ നാശിനി 5 ഗ്രാമിന്റെ ചെറിയ പൗച്ചുകളിലാക്കി അതിന്റെ പുറത്ത് ചെറിയ ദ്വാരങ്ങളിട്ട് ഒരു തെങ്ങിന് രണ്ട് ദിശകളിലായി വച്ചു കൊടുക്കുന്നത് കുമിളിന്റെ ഉപദ്രവം രൂക്ഷമാകുന്നത് തടയാൻ സഹായിക്കും.

തെങ്ങിന് ചെന്നീരൊലിപ്പു രോഗം ബാധിച്ചിട്ടുണ്ടോയെന്നു പരിശോധിക്കുക. ചെന്നീരൊലിപ്പുള്ള തെങ്ങിന്റെ തടിയിലുണ്ടാകുന്ന വിള്ളലുകളിലൂടെ ചുവപ്പു കലർന്ന തവിട്ടുനിറത്തിലുള്ള കറ ഒലിച്ചിറങ്ങുന്നതു കാണാം. ഇത് ഉണങ്ങി കറുപ്പുനിറത്തിലുള്ള പാടുകളാകുന്നു. ചെന്നീരൊലിക്കുന്ന ഭാഗത്തെ തൊലി ചെത്തി മാറ്റി നോക്കിയാൽ ഉൾഭാഗം ചീഞ്ഞിരിക്കുന്നതായി കാണാം. തെങ്ങിൻതടിയിൽ രോഗബാധ കാണുന്ന ഭാഗത്തെ പുറംതൊലി മൂർച്ചയുള്ള ഉളി കൊണ്ട് ചെത്തി മാറ്റിയ ശേഷം മുറിപ്പാടുകളിൽ 5 മി.ലി. കാലിക്സിൻ 100 മി.ലി. വെള്ളത്തിൽ എന്ന തോതിൽ കലക്കി പുരട്ടുക. ഒന്നു രണ്ടു ദിവസത്തിനുശേഷം ചൂടുള്ള കോൾടാർ പുരട്ടുക. ചെത്തി മാറ്റിയ ഭാഗങ്ങൾ തീയിട്ട് നശിപ്പിക്കുക. മറ്റ് വളങ്ങൾക്കൊപ്പം തെങ്ങൊന്നിന് 5 കി.ഗ്രാം വേപ്പിൻപിണ്ണാക്ക് ചേർത്തു കൊടുക്കുക. വേനൽക്കാലത്ത് ജലസേചനം നൽകുകയും വർഷകാലത്ത് തോട്ടത്തിൽ നീർവാർച്ച സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക. രോഗനിയന്ത്രണത്തിനായി 5 ശതമാനം വീര്യമുള്ള കാലിക്സിൻ വർഷത്തിൽ മൂന്നുതവണ, അതായത് ഏപ്രിൽ-മെയ്, സെപ്തംബർ-ഒക്ടോബർ, ജനുവരി-ഫെബ്രുവരി മാസങ്ങളിലായി വേരിൽകൂടി നൽകുക.

കാറ്റുവീഴ്ച ബാധിച്ച തെങ്ങുകളിൽ ഓലചീയൽ രോഗവും കണ്ടുവരുന്നു. തുറക്കാത്ത കൂമ്പോലകളെ കുമിൾ ആക്രമിച്ച് അഴുകൽ ഉണ്ടാക്കുന്നു. കൂമ്പോല വിരിയുമ്പോൾ അഴുകിയ ഭാഗം ഉണങ്ങി കാറ്റത്ത് പറന്നുപോകും. ബാക്കിയുള്ള ഓലയുടെ ഭാഗം കുറ്റിയായി നിൽക്കും. കൂമ്പോലയുടേയും അതിനോട് ചേർന്നുള്ള രണ്ട് ഓലകളുടേയും മാത്രം ചീഞ്ഞ ഭാഗങ്ങൾ മുറിച്ചു മാറ്റുക. കോൺടാഫ് 2 മി.ലി. അല്ലെങ്കിൽ ഡൈത്തേൻ എം. 45 അഥവാ ഇൻഡോഫിൽ എം.45 മൂന്നു ഗ്രാം എന്നിവയിലൊന്ന് 300 മി.ലി. വെള്ളത്തിൽ കലക്കി നാമ്പോലയുടെ ചുവട്ടിലൊഴിക്കുക.

***ദീർഘകാല ഇടവിളകൾ നടൻ പറ്റിയ സമയമാണിത്***

തെങ്ങിന്റെ ഇടയിൽ ലാഭകരമായി കൃഷിചെയ്യാവുന്ന വൃക്ഷവിളകളായ കൊക്കൊ, ജാതി, ഗ്രാമ്പൂ തുടങ്ങിയ ഇടവിളകൾ മഴക്കാലാരംഭത്തോടു കൂടി നടാം. അത്യുൽപ്പാദനശേഷിയുള്ള സങ്കരയിനം കൊക്കൊതൈകൾ നടാനായി ഉപയോഗിക്കാം. ജാതിയും ഗ്രാമ്പുവും ഒട്ടു തൈകൾ നടുന്നതാണ് അഭികാമ്യം. കൃഷി ചെയ്യുന്നതിലൂടെ തെങ്ങിൻ തോപ്പിൽ നിന്ന് പരമാവധി ആദായം കിട്ടും. ഇഞ്ചി, മഞ്ഞൾ, വാഴ, തീറ്റപ്പുല്ല്, പച്ചക്കറികൾ, ജാതി, കുരുമുളക്, കിഴങ്ങ് വർഗ്ഗങ്ങൾ എന്നിവ കൃഷി ചെയ്യാം.

മഴയെ ആശ്രയിച്ചു തെങ്ങുകൃഷി ചെയ്യുന്ന തോട്ടങ്ങളിൽ മഴക്കാലാരംഭത്തിനു ശേഷം ആദ്യഗഡു രാസവളം (360 ഗ്രാം യൂറിയ, 665 ഗ്രാം സിംഗിൾ സൂപ്പർഫോസ്ഫേറ്റ്, 665 ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ്) ചേർത്ത് തടം ഭാഗികമായി മൂടാം. മഴക്കാലത്ത് വെള്ളം കെട്ടി നിൽക്കാതിരിയ്ക്കാനും മണ്ണൊലിപ്പു തടയാനും തോടുകളുടേയും ചിറകളുടേയും കേടുപാടുകൾ നീക്കുക. കാലവർഷം തുടങ്ങുന്നതുവരെ നന തുടരുക.

***ആൻഡമാൻ/ നിക്കോബാർ ദ്വീപുകൾ***

മഴ ആരംഭിക്കുന്നതിനു മുമ്പ് തടം തുറക്കുക. മണ്ണൊലിപ്പിന് സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ ചിറകൾ മാടി ഒതുക്കുക. 360 ഗ്രാം യൂറിയ, 665 ഗ്രാം സിങ്കിൾ സൂപ്പർ ഫോസ്ഫേറ്റ്, 665 ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നിവ മഴ ആരംഭിക്കുന്നതിനു മുമ്പു തന്നെ ചേർത്തു കൊടുക്കേണ്ടതാണ്.

***നഴ്സറികളിൽ വിത്തുതേങ്ങ പാകുക.***

ചിതലിന്റെ ഉപദ്രവം നിയന്ത്രിക്കുന്നതിന് നഴ്സറിയിലെ തവാരണകളിൽ 0.05 ശതമാനം വീര്യമുള്ള ക്ലോർപൈറിഫോസ് 20-25 ദിവസത്തെ ഇടവേളയിൽ രണ്ടു തവണകളായി പ്രയോഗിക്കുക.

**കർണ്ണാടകം**

കാലവർഷത്തിനു മുമ്പുള്ള ചാറ്റൽമഴയോടുകൂടി തോട്ടത്തിൽ കൂട്ടിയിട്ടിട്ടുള്ള വളമണ്ണ് തെങ്ങൊന്നിന് ഒരു വണ്ടി വീതവും കാലിവളം 25 കി.ഗ്രാം വീതവും നിരത്തിയിട്ട് ഉഴുതുചേർക്കുക.

കൊമ്പൻ ചെല്ലിയെ ചെല്ലിക്കോൽ കൊണ്ട് കുത്തിയെടുത്ത് നശിപ്പിക്കുക. കൊമ്പൻചെല്ലിയുടെ ആക്രമണത്തിന് മുൻകരുതലെന്ന നിലയിൽ തെങ്ങിന്റെ മണ്ട വൃത്തിയാക്കി കൂമ്പോലയ്ക്ക് ചുറ്റുമുള്ള രണ്ടോമൂന്നോ ഓലക്കവിളുകളിൽ പാറ്റഗുളിക 10 ഗ്രാം (4 എണ്ണം) വെച്ച് മണൽ കൊണ്ടുമൂടുകയോ, വേപ്പിൻ പിണ്ണാക്ക് അല്ലെങ്കിൽ മരോട്ടിപ്പിണ്ണാക്ക് (250 ഗ്രാം) തുല്യ അളവിൽ മണലുമായി ചേർത്ത് ഇടുകയോ ചെയ്യുക. 0.01 ശതമാനം വീര്യമുള്ള കാർബാറിൽ (50 ശതമാനം വെള്ളത്തിൽ കലക്കാവുന്ന പൊടി) എന്ന കീടനാശിനി 200 മി.ഗ്രാം ഒരു ലിറ്റർ വെള്ളത്തിലെന്ന തോതിൽ കലക്കി വണ്ടുകളുടെ പ്രജനനം നടക്കുന്ന ചാണകക്കുഴികളിലും മറ്റും തളിയ്ക്കുക. പെരുവലം എന്ന ചെടി പറിച്ച് ചാണകക്കുഴികളിൽ ചേർക്കുന്നതും നല്ലതാണ്. ബാക്കുലോവൈറസ് ഒറിക്ടസ് എന്ന വൈറസ് കൊമ്പൻചെല്ലിയുടെ ജൈവിക നിയന്ത്രണത്തിന് ഉപയോഗിയ്ക്കാം. ഇതിനായി വൈറസ് രോഗബാധയേറ്റ ചെല്ലികളെ ഒരു ഹെക്ടറിൽ 10-15 എണ്ണം എന്ന കണക്കിൽ സന്ധ്യാസമയത്ത് തോട്ടത്തിൽ തുറന്നുവിടുക. മഴക്കാലത്ത് മെറ്റാറൈസിയം അനിസോപ്ലിയ എന്ന കുമിൾ തേങ്ങാവെള്ളത്തിലോ കപ്പകഷണങ്ങളും തവിടും ചേർത്തുണ്ടാക്കിയ മിശ്രിതത്തിലോ വൻതോതിൽ വളർത്തിയെടുത്ത് ഒരു ക്യുബിക് മീറ്ററിന് 250 മി.ഗ്രാം മെറ്റാറൈസിയം കൾച്ചർ 750 മി.ലി. വെള്ളവുമായി കലർത്തിയ മിശ്രിതം എന്ന തോതിൽ ചാണകക്കുഴികളിലും മറ്റും ഒഴിച്ച് പുഴുക്കളെ നശിപ്പിയ്ക്കുക.

തെങ്ങോലപ്പുഴുവിന്റെ ആക്രമണം കാണുന്നുവെങ്കിൽ കീടാക്രമണം ഗുരുതരമായുള്ള അടിഭാഗത്തെ ഓലകൾ വെട്ടിനീക്കി കത്തിച്ചു കളയുക. ഓലകളുടെ, പ്രത്യേകിച്ച് മദ്ധ്യനിരയിലുള്ള ഓലകളുടെ അടിഭാഗത്തുള്ള പുഴുക്കളോട് കൂടിയ അറകളിൽ പതിക്കത്തക്കരീതിയിൽ 0.05% വീര്യമുള്ള ക്വിനാൽഫോസ് എന്ന കീടനാശിനി തളിച്ച് ഈ കീടത്തെ നിയന്ത്രിക്കാം. കൂടാതെ തെങ്ങോലപ്പുഴുവിനെതിരെ ജൈവിക നിയന്ത്രണം വളരെ ഫലപ്രദമാണ്. തെങ്ങോലപ്പുഴുവിന്റെ വിവിധ ദശകളെ ആക്രമിക്കുന്ന ഗോണിയോസസ് നിഫാന്റിഡിസ് (Goniozus nephantidis), എലാസ്മസ് നിഫാന്റിഡിസ് (Elasmus nephantidis), ബ്രാക്കിമേറിയ നൊസട്ടോയ് (Brachymeria nosatoi) തുടങ്ങിയ എതിർപ്രാണികളെ വൻതോതിൽ തുറന്നുവിട്ട് തെങ്ങോലപ്പുഴുക്കളെ നശിപ്പിക്കാം. കീടനാശിനി തളിച്ച് 15-20 ദിവസത്തിനുശേഷം പരാദപ്രാണികളെ വിടാവുന്നതാണ്.

ഒന്നോ രണ്ടോ തവണ ചാറ്റൽ മഴ ലഭിച്ചു കഴിഞ്ഞാൽ കലപ്പ കൊണ്ടുഴുത് മണ്ണ് ഇളക്കുക. മണ്ണിൽ വേണ്ടത്ര ഈർപ്പമുള്ള പക്ഷം ഏതെങ്കിലും പച്ചിലവളച്ചെടിയുടെ വിത്തുകൾ വിതച്ചിട്ട് മണ്ണിട്ടു മൂടുക. നന തുടരുക. പുതിയതായി തൈ വയ്ക്കുന്നതിന് കുഴികളെടുക്കുക.

**തമിഴ്നാട് / പോണ്ടിച്ചേരി**

നന ലഭിക്കുന്ന തോട്ടങ്ങളിൽ ശുപാർശ ചെയ്തിട്ടുള്ള വളത്തിന്റെ നാലിൽ ഒരു ഭാഗം അതായത് 270 ഗ്രാം യൂറിയ, 500 ഗ്രാം സിംഗിൾ സൂപ്പർ ഫോസ്ഫേറ്റ്, 500 ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് ചേർത്ത് കൊടുക്കുക. കാലവർഷം ആരംഭിച്ചിട്ടില്ലായെങ്കിൽ തെങ്ങുകൾ നനയ്ക്കുക. വിത്തുതേങ്ങ പാകുന്നതിന് നഴ്സറി തയ്യാറാക്കുക.

# കമ്പോള അവലോകനം - മാർച്ച് 2017

## ആഭ്യന്തര വില നിലവാരം

**വെളിച്ചെണ്ണ**

വെളിച്ചെണ്ണയുടെ വില കൊച്ചി, കോഴിക്കോട്, ആലപ്പുഴ വിപണികളിൽ മാർച്ച് മാസത്തിൽ ചാഞ്ചാട്ടമാണ് രേഖപ്പെടുത്തി. കൊച്ചി ആലപ്പുഴ വിപണികളിൽ 12800 രൂപയിലും കോഴിക്കോട്ട് 13200 രൂപയിലുമാണ് വ്യാപാരം ആരംഭിച്ചത്. മാസത്തിന്റെ ആദ്യ ആഴ്ച്ചയിൽ മൂന്നു വിപണികളിലും വില സ്റ്റെഡിയായിരുന്നു. രണ്ടാം വാരത്തിൽ വിലയിൽ മാന്ദ്യം രേഖപ്പെടുത്തി, ഇത് മൂന്നാം വാരത്തിലും തുടർന്നു. എന്നാൽ നാലാം വാരത്തിൽ വില മെല്ലെ ഉയർന്നു. ഇത് മാസാവസാനം



വരെ തുടർന്നു. കൊച്ചിയിൽ 13400 രൂപയ്ക്കും ആലപ്പുഴയിൽ 13300 രൂപയ്ക്കുമാണ് വ്യാപാരം ക്ലോസ് ചെയ്തത്. കോഴിക്കോട് മാർക്കറ്റിൽ 600 രൂപ ലാഭത്തിൽ 13800 രൂപയ്ക്ക് വ്യാപാരം അവസാനിച്ചു.

തമിഴ് നാട്ടിലെ കാങ്കയം വിപണിയിൽ ക്വിന്റലിന് 11667 രൂപയിൽ ആരംഭിച്ച വ്യാപാരം മാസാവനം ക്വിന്റലിനു 600 രൂപ ലാഭത്തിൽ 12267 രൂപയിൽ അവസാനിച്ചു. മാർച്ച് മാസത്തിൽ പ്രധാന വിപണികളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില നിലവാരം പട്ടിക 1 ൽ:

പട്ടിക 1 : വെളിച്ചെണ്ണയുടെ വാരാന്ത്യ ശരാശരി വില പ്രധാന വിപണികളിൽ (ക്വിന്റലിന് രൂപയിൽ)

| | കൊച്ചി | ആലപ്പുഴ | കോഴിക്കോട് | കാങ്കയം |
|---|---|---|---|---|
| 01.03.2017 | 12800 | 12800 | 13200 | 11667 |
| 05.03.2017 | 12900 | 12800 | 13200 | 12067 |
| 12.03.2017 | 12500 | 12600 | 13200 | 11267 |
| 19.03.2017 | 12700 | 12600 | 13200 | 11533 |
| 26.03.2017 | 13100 | 13100 | 13800 | 12067 |
| 31.03.2017 | 13400 | 13300 | 13800 | 12267 |



**ആട്ടു കൊപ്ര**

ആട്ടു കൊപ്രയുടെ വില കഴിഞ്ഞ മാസം കൊച്ചി, കോഴിക്കോട്, വിപണികളിൽ വെളിച്ചെണ്ണയടെ വിലയുമായി ചേർന്നു പോവുകയായിരുന്നു. കൊച്ചി ആലപ്പുഴ, കോഴിക്കോട് വിപണികളിൽ ആട്ടു കൊപ്രയുടെ വില ആദ്യ ആഴ്ച്ചയിൽ യഥാക്രമം 8100,8100,8450 രൂപ വീതം രേഖപ്പെടുത്തി. കൊച്ചി ആലപ്പുഴ വിപണികളിൽ മാസാദ്യ വാരത്തിൽ വില ഉയരുന്ന പ്രവണത രേഖപ്പെടുത്തി. . പിന്നീട് വില താഴ്ന്നു. മൂന്നാം വാരത്തിൽ വില വീണ്ടും ഉയർന്നു. മാസാവസാനം വരെ ഈ പ്രവണത തുടർന്നു. കൊച്ചിയിൽ 8950 രൂപയിലും ആലപ്പുഴയിൽ 8850 രൂപയിലും കോഴിക്കോട്ട് 9000 രൂപയിലുമാണ് വ്യാപാരം അവസാനിച്ചത്. കച്ചവടം അവസാനിക്കുമ്പോൾ കൊച്ചിയിൽ ക്വിന്റലിന് 850 രൂപയും ആലപ്പുഴയിൽ 700 രൂപയും കോഴിക്കേട്ട് 550 രൂപയും നേട്ടമുണ്ടായി.

തമിഴ് നാട്ടിലെ കാങ്കയം വിപണിയിലും വിലകൾ കയറി ഇറങ്ങി നിന്നു. ക്വിന്റലിന് 7900 രൂപയിൽ ആരംഭിച്ച വ്യാപാരം ക്വിന്റലിനു 600 രൂപ ലാഭത്തിൽ 8500 രൂപയിൽ അവസാനിച്ചു. കേരളത്തിലെ വിവിധ കമ്പോളങ്ങളിൽ ആട്ടു കൊപ്രയുടെ വാരാന്ത്യ വില നിലവാരം പട്ടിക 2 ൽ:

പട്ടിക 2 : ആട്ടുകൊപ്രയുടെ വാരാന്ത്യ വില പ്രധാന വിപണികളിൽ (ക്വിന്റലിന് രൂപയിൽ)

| | കൊച്ചി | ആലപ്പുഴ (രാശി കൊപ്ര) | കോഴിക്കോട് | കാങ്കയം |
|---|---|---|---|---|
| 01.03.2017 | 8100 | 8100 | 8450 | 7900 |
| 05.03.2017 | 8400 | 8250 | 8500 | 8150 |
| 12.03.2017 | 8100 | 8150 | 8450 | 7900 |
| 19.03.2017 | 8300 | 8200 | 8550 | 7900 |
| 26.03.2017 | 8700 | 8600 | 9000 | 8300 |
| 31.03.2017 | 8950 | 8800 | 9000 | 8500 |

### ഭക്ഷ്യയോഗ്യമായ കൊപ്ര

ഫെബ്രുവരി മാസത്തിൽ രാജാപൂർ കൊപ്രയുടെ വില കോഴിക്കോട് വിപണിയിൽ ക്വിന്റലിന് 8450 രൂപ യിൽ ആരംഭിച്ച് മാസ അവസാനം ക്വിന്റലിന് 650 രൂപ ലാഭത്തിൽ 9100 രൂപയിലാണ് വിപണി ക്ലോസ് ചെയ്തത്. വരും ദിനങ്ങളിൽ വിലുയർച്ചയുടെ സൂചനകളാണ് ഇതു നല്കുന്നത്. ഭക്ഷ്യയോ ഗ്യമായ കൊപ്രയുടെ വാരാന്ത്യ വിലനിലവാരം പട്ടിക 3 ൽ:

| പട്ടിക 3 : ഭക്ഷ്യയോഗ്യമായ കൊപ്രയുടെ വാരാന്ത്യ വില കോഴിക്കോട് വിപണിയിൽ (ക്വിന്റലിന് രൂപയിൽ) | |
|---|---|
| 01.03.2017 | 8450 |
| 05.03.2017 | 8400 |
| 12.03.2017 | 8200 |
| 19.03.2017 | 8500 |
| 26.03.2017 | 9200 |
| 31.03.2017 | 9100 |

### ഉണ്ട കൊപ്ര

കർണ്ണാടകത്തിലെ തിപ്തൂർ നിയന്ത്രിത വിപണിയിൽ മാർച്ച് ആദ്യ ആഴ്ച്ചയിൽ ഉണ്ട കൊപ്രയുടെ വില ക്വിന്റലിന് 7500 രൂപയായിരുന്നു. മാസാവസാനത്തോടെ ഉണ്ട കൊപ്രയുടെ വില ക്വിന്റലിന് 500 രൂപ ലാഭത്തിൽ 8000 രൂപയിൽ വ്യാപാരം അവസാനിച്ചു. ഉണ്ടകൊപ്രയുടെ വാരാന്ത്യ വിലനിലവാരം പട്ടിക 4 ൽ :

| പട്ടിക 4 : ഉണ്ട കൊപ്രയുടെ വാരാന്ത്യവില പ്രധാന വിപണികളിൽ (ക്വിന്റലിന് രൂപയിൽ) | |
|---|---|
| | തിപ്തൂർ |
| 01.03.2017 | 7001 |
| 05.03.2017 | 7600 |
| 12.03.2017 | 7450 |
| 19.03.2017 | 7700 |
| 26.03.2017 | 8350 |
| 31.03.2017 | 8000 |

### കൊട്ട തേങ്ങ

കോഴിക്കോട് വിപണിയിൽ കൊട്ട തേങ്ങയുടെ വ്യാപാരം മാർച്ച് ആദ്യ വാരം 6950 രൂപയിൽ ആരംഭിച്ചു. ആദ്യവാരം വിലയിൽ മാന്ദ്യം രേഖപ്പെടുത്തിയെങ്കിലും മാസാവസാനം ആയിരത്തിനു 100 രൂപ ലാഭത്തിൽ വ്യാപാരം 7050 രൂപയിൽ അവസാനിച്ചു. കൊട്ടത്തേങ്ങയുടെ വാരാന്ത്യ വില നിലവാരം പട്ടിക 5 ൽ:

| പട്ടിക 5 : കൊട്ട തേങ്ങയുടെ വാരാന്ത്യ വില കോഴിക്കോട് വിപണിയിൽ (ആയിരത്തിന്) | |
|---|---|
| 01.03.2017 | 6950 |
| 05.03.2017 | 6850 |
| 12.03.2017 | 6850 |
| 19.03.2017 | 7050 |
| 26.03.2017 | 7050 |
| 31.03.2017 | 7050 |

### നാളികേരം

നെടുമങ്ങാട് വിപണിയിൽ പൊതിച്ച നാളികേരത്തിന്റെ വില മാർച്ചിൽ ആയിരത്തിന് 15000 രൂപയ്ക്കാണ് ആരംഭിച്ചത്. മാസാവസാനം 1000 രൂപ നഷ്ടത്തിൽ 14000 രൂപയ്ക്ക് വ്യാപാരം ക്ലോസ് ചെയ്തു. ബാംഗളൂർ നിയന്ത്രിത വിപണിയിൽ ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ വ്യാപാരം ആയിരത്തിന് 10500 രൂപയിൽ ആരംഭിച്ച് 8500 രൂപ ലാഭത്തിൽ 19000 രൂപയിൽ വിപണി ക്ലോസ് ചെയ്തു. മംഗലാപുരം നിയന്ത്രിത വിപണിയിൽ ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ വില കഴിഞ്ഞ മാസം ആദ്യവാരത്തിൽ ആയിരത്തിന് 20000 രൂപയായിരുന്നു. ഈ വില മാസാവസാനം വരെ തുടർന്നു. വിവിധ കമ്പോളങ്ങളിൽ നാളികേരത്തിന്റെ വാരാന്ത്യ വിലനിലവാരം പട്ടിക 6 ൽ:

| പട്ടിക 6 : ഭാഗികമായി തൊണ്ടുരിഞ്ഞ നാളികേരത്തിന്റെ വാരാന്ത്യ വില പ്രധാന വിപണികളിൽ (ആയിരത്തിന്) | | | |
|---|---|---|---|
| | നെടുമങ്ങാട് | ബംഗളുരു | മംഗലാപുരം (ഗ്രേഡ് 1) |
| 01.03.2017 | 15000 | 10500 | 20000 |
| 05.03.2017 | 15000 | 10500 | 20000 |
| 12.03.2017 | 14000 | 16000 | 20000 |
| 19.03.2017 | 14000 | 17000 | 20000 |
| 26.03.2017 | 14000 | 19000 | 20000 |
| 31.03.2017 | 14000 | 19000 | 20000 |

### ഇളനീർ

കർണ്ണാടകയിലെ മദൂർ വിപണിയിൽ മാർച്ച് മാസം രേഖപ്പെടുത്തിയ ഇളനീരിന്റെ വില ആയിരത്തിന് 10000 രൂപയായിരുന്നു. മാസാദ്യം മുതൽ അവസാനം വരെ വിപണി ഇതെ വിലസ്ഥിരത നിലനിർത്തി. ഇളനീരിന്റെ വാരാന്ത്യ വില നിലവാരം പട്ടിക 7 ൽ:

| പട്ടിക 7 : ഇളനീരിന്റെ വാരാന്ത്യ വില മദൂർ വിപണിയിൽ (ആയിരത്തിന്) | |
|---|---|
| 01.03.2017 | 10000 |
| 05.03.2017 | 10000 |
| 12.03.2017 | 10000 |
| 19.03.2017 | 10000 |
| 26.03.2017 | 10000 |
| 31.03.2017 | 10000 |

## അന്താരാഷ്ട്ര വില നിലവാരം

### വെളിച്ചെണ്ണ

അന്താരാഷ്ട്ര വിപണികളിൽ വെളിച്ചെണ്ണയുടെ വിലയിൽ മാന്ദ്യം രഖപ്പെടുത്തി. ഫിലിപ്പീൻസ്, ഇന്തോനേഷ്യ, ഇന്ത്യ വിപണികളിൽ വില ഉയരുന്ന പ്രവണതയാണ് അനുഭവപ്പെട്ടത്. മാർച്ച് ആദ്യ വാരം ആഭ്യന്തര വിപണിയിൽ രേഖപ്പെടുത്തിയ അന്താരാഷ്ട്ര വില മെട്രിക് ടണ്ണിന് 1931 അമേ

രിക്കൻ ഡോളർ ആയിരുന്നു. തുടർന്ന് വിലയിൽ നേരിയ മാന്ദ്യം അനുഭവപ്പെട്ടെങ്കിലും മാസം അവസാനിച്ചപ്പോൾ വില മെട്രിക് ടണ്ണിന് 2003 അമേരിക്കൻ ഡോളറായി ഉയർന്നു. വെളിച്ചെണ്ണയുടെ വാരാന്ത്യ വില നിലവാരം പട്ടിക 8 ൽ:

| പട്ടിക 8 : വെളിച്ചെണ്ണ ഉത്പാതക രാജ്യങ്ങളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ) | | | | |
|---|---|---|---|---|
| | അന്താരാഷ്ട്ര വില നിലവാരം | ആഭ്യന്തര വില നിലവാരം | | |
| | ഫിലിപ്പൈൻസ്/ ഇൻഡോനേഷ്യ (സി.ഐ.എഫ് യൂറോപ്പ്) | ഫിലി പ്പൈൻസ് | ഇൻ ഡോ നേഷ്യ | ഇൻഡ്യ* |
| 04.03.2017 | 1476 | 1450 | 1455 | 1931 |
| 11.03.2017 | 1512 | NQ | 1478 | 1875 |
| 18.03.2017 | 1540 | 1570 | 1514 | 1933 |
| 25.03.2017 | 1600 | 1570 | 1514 | 2003 |
| | | | | *കൊച്ചി |

**കൊപ്ര**

പ്രധാനപ്പെട്ട നാളികേര ഉത്പാദക രാജ്യങ്ങളായ ഫിലിപ്പീൻസിലും ഇന്തോനേഷ്യയിലും കൊപ്രയുടെ വില കഴിഞ്ഞ മാസം മാന്ദ്യം ഉയരുന്ന പ്രവമതയാണ് രേഖപ്പെടുത്തിയത്. എന്നാൽ പ്രധാന കൊപ്ര ഉൽപാദക രാജ്യമായ ശ്രീലങ്കയിൽ കൊപ്രവിലയിൽ നേരിയ ചാഞ്ചാട്ടമാണ് ദൃശ്യമായത്. കൊപ്രയുടെ വാരാന്ത്യ അന്താരാഷ്ട്ര വില നിലവാരം പട്ടിക 9 ൽ :

| പട്ടിക 9 : കൊപ്ര ഉത്പാതക രാജ്യങ്ങളിലെ കൊപ്രയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ) | | | | |
|---|---|---|---|---|
| | ഫിലിപ്പൈൻസ് | ഇൻഡോനേഷ്യ | ശ്രീലങ്ക | ഇൻഡ്യ* |
| 04.03.2017 | 890 | 916 | NQ | 1257 |
| 11.03.2017 | 914 | 916 | 1412 | 1215 |
| 18.03.2017 | 949 | 917 | 1448 | 1264 |
| 25.03.2017 | 1003 | 938 | 1440 | 1330 |
| | | | | *കൊച്ചി |

**തൂൾ തേങ്ങ**

ഇന്ത്യയിൽ തൂൾ തേങ്ങയ്ക്കു രേഖപ്പെടുത്തിയ കയറ്റുമതി വില (FOB) മറ്റു പ്രമുഖ തൂൾ തേങ്ങ ഉത്പാദക രാജ്യങ്ങളെ അപേക്ഷിച്ച് മികച്ച മത്സര സ്വഭാവമുള്ളതായിരുന്നു. പ്രധാന ഉത്പാദക രാജ്യങ്ങളിലെ തൂൾ തേങ്ങയുടെ വാരാന്ത്യ വിലനിലവാരം പട്ടിക 10 ൽ:

| പട്ടിക 10 : തൂൾതേങ്ങയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ) | | | | |
|---|---|---|---|---|
| | ഫിലിപ്പൈൻസ് | ഇൻഡോനേഷ്യ | ശ്രീലങ്ക | ഇൻഡ്യ* |
| 04.03.2017 | 2530 | 2450 | NQ | 2305 |
| 11.03.2017 | 2464 | 2450 | 2627 | 2134 |
| 18.03.2017 | 2464 | 2463 | 2863 | 2087 |
| 25.03.2017 | 2464 | 2450 | 2961 | 2184 |
| | | | | *എഫ്.ഒ.ബി |

**നാളികേരം**

പ്രധാന നാളികേര ഉത്പാദക രാജ്യങ്ങളായ ഫിലിപ്പീൻസ് ശ്രീലങ്ക എന്നീ വിപണികളിൽ നാളികേരത്തിന്റെ വിലയിൽ ചാഞ്ചാട്ടമാണ് മാർച്ച് മാസത്തിൽ രേഖപ്പെടുത്തിയത്. എന്നാൽ ഇന്തോനേഷ്യയിൽ കഴിഞ്ഞ മാസം പൊതിച്ച നാളികേരത്തിന്റെ നേരിയ ഉയർച്ചയാണ് ദൃശ്യമായത്. മറ്റു നാളികേര ഉത്പാദക രാജ്യങ്ങളെ അപേക്ഷിച്ച് ഇന്ത്യൻ ആഭ്യന്തര വിപണിയിൽ പൊതിച്ച നാളികേരത്തിന്റെ വിലയിൽ ചാഞ്ചാട്ടമാണ് അനുഭവപ്പെട്ടത്.

നാളികേരത്തിന്റെ വാരാന്ത്യ അന്താരാഷ്ട്ര വില നിലവാരം പട്ടിക 11 ൽ :

| പട്ടിക 11: നാളികേരത്തിന്റെ വാരാന്ത്യ (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ) | | | | |
|---|---|---|---|---|
| | ഫിലിപ്പൈൻസ് | ഇൻഡോനേഷ്യ | ശ്രീലങ്ക | ഇൻഡ്യ* |
| 04.03.2017 | 246 | 247 | 266 | 404 |
| 11.03.2017 | 242 | 247 | 272 | 390 |
| 18.03.2017 | 245 | 247 | 276 | 403 |
| 25.03.2017 | 243 | 248 | 268 | 428 |
| | | | | *പൊള്ളാച്ചി |



**ചിരട്ടക്കരി**

ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്ത (FOB) ചിരട്ടക്കരിയുടെ വില കഴിഞ്ഞ മാസം വർധന രേഖപ്പെടുത്തി. മികച്ച ഉത്പാദക രാജ്യങ്ങളായ ശ്രീലങ്ക, ഇന്തോനേഷ്യ തുടങ്ങിയ വിപണികളിലെ വിലയുമായി തട്ടിച്ചു നോക്കുമ്പോൾ ഇത് മത്സര സ്വഭാവമുള്ളതായിരുന്നു. ചിരട്ടക്കരി ഉത്പാദക രാജ്യങ്ങളിൽ ഇന്തോനേഷ്യൻ വിപണിയിൽ ആണ് ഏറ്റവും കൂടിയ വില രേഖപ്പെടുത്തിയത്. ചിരട്ടക്കരിയുടെ വാരാന്ത്യ അന്താരാഷ്ട്ര വില നിലവാരം പട്ടിക 12 ൽ:

| പട്ടിക 12 : ചിരട്ടക്കരിയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ) | | | | |
|---|---|---|---|---|
| | ഫിലിപ്പൈൻസ് | ഇൻഡോനേഷ്യ | ശ്രീലങ്ക | ഇൻഡ്യ* |
| 04.03.2017 | 388 | 469 | NQ | 322 |
| 11.03.2017 | 388 | 469 | NQ | 345 |
| 18.03.2017 | 388 | 469 | 352 | 358 |
| 25.03.2017 | 388 | 450 | 326 | 359 |
| | | | | * എഫ്. ഒ. ബി |

ഇന്ത്യൻ നാളികേര ജേണലിന്റെ വായനക്കാരായ വീട്ടമ്മമാർക്കു വേണ്ടിയുള്ള പംക്തി - കേരപാചകം. നാളികേരവും കരിക്കും തേങ്ങാപ്പാലും മറ്റും മുഖ്യ ചേരുവയായി ഉപയോഗിച്ച് തയാറാക്കുന്ന വിഭവങ്ങളാണ് ഈ പംക്തിയിലൂടെ പരിചയപ്പെടുത്തുന്നത്. പാചക വിദഗ്ധനും നെടുമ്പാശേരി ഫ്ളോറ എയർപോർട്ട് ഹോട്ടലിലെ എക്സിക്യൂട്ടിവ് ഷെഫുമായ റോയ് ജോസഫ് പോത്തനാണ് വായനക്കാർക്കുവേണ്ടി ഈ പാചകക്കുറിപ്പുകൾ തയാറാക്കുന്നത്. ബൊൺസൈഡെ ഹൗസ് എഡിൻബർഗ്, കൊച്ചിയിലെ വൈറ്റ് ഫോർട്ട്, അവന്യു റിജന്റ്, താജ് മലബാർ തുടങ്ങിയ ഹോട്ടലുകളിൽ സേവനമനുഷ്ഠിച്ചിട്ടുള്ള റോയിക്ക് ഈ മേഖലയിൽ 25 വർഷത്തെ പരിചയമുണ്ട്. ഏഷ്യാനെറ്റ്, ജീവൻ,അമൃത തുടങ്ങിയ ചാനലുകളിൽ പാചക പരിപാടികൾ അവതരിപ്പിക്കുന്നുണ്ട്. കോട്ടയം ജില്ലയിലെ വെളിയന്നൂർ സ്വദേശിയാണ്.



ഫോൺ - 9495325526 ,8157994173

# കൂന്തൾ ഇളവൻ തേങ്ങ

## ആവശ്യമുള്ള ചേരുവകകൾ

കരിക്ക് - 2
കൂന്തൽ -120 ഗ്രാം
ഉള്ളി - 80 ഗ്രാം
ഇഞ്ചി - 5 ഗ്രാം
വെളുത്തുള്ളി - 5 ഗ്രാം
പച്ചമുളക് - 2 എണ്ണം
കറിവേപ്പില - 5 ഗ്രാം
മഞ്ഞൾ ജൂസ്- 2 ടേബിൾ സ്പൂൺ
കരുമുളകു ചതച്ചത് - 1 ടേബിൾ സ്പൂൺ
വെളിച്ചെണ്ണ - 3 ടേബിൾ സ്പൂൺ
ഉപ്പ് - പാകത്തിന്
കാഷ്മീരി മുളകു പൊടി - 2 ടോബിൾ സ്പൂൺ
മഞ്ഞൾ പൊടി - 1 ടോബിൾ സ്പൂൺ
മല്ലി പൊടി - 1 ടോബിൾ സ്പൂൺ

## തയാറാക്കുന്ന വിധം

വെളിച്ചെണ്ണ ചൂടാക്കുക, ഇതിലേയ്ക്ക് വെളുത്തുള്ളി, ഇഞ്ചി, പച്ചമുളക്, കറിവേപ്പില എന്നിവ മൂപ്പിക്കുക. ശേഷം ചെറിയ ഉള്ളികൂടി ഇട്ട് വഴറ്റുക. ഈ കൂട്ട് നന്നായി വഴന്ന ശേഷം മസാല, കൂന്തൽ വൃത്തിയാക്കിയത് എന്നിവ ചേർക്കുക. വേകുവാൻ പാകത്തിന് അല്പം വെള്ളവും മഞ്ഞൾ ജൂസും ചേർക്കണം. നന്നായി വെന്തു പാകമാകുമ്പോൾ അതിലേയ്ക്ക് കഷണങ്ങളാക്കി വച്ചിട്ടുള്ള കരിക്കു കൂടി ചേർത്ത് ഇളക്കി വാങ്ങുക

